8 ശാസ്ത്രം ശാസ്ത്രബോധം

$E = MC^2$

ബലി

അശോകൻ

എല്ലാം മനുഷ്യന്നു വേണ്ടി

തേര് തെളിക്കട്ടെ;

ശാസ്ത്രം വിജയിക്കട്ടെ!

രചന : ടി.പി.പീതാംബരൻ

എല്ലാം ശാസ്ത്രം!

രചന : ടി.സി. പുരുഷോത്തമൻ

ലോകമുണർന്നല്ലോ!

രചന : ടി. സി. പുരുഷോത്തമൻ

ചരിത്രം (തുള്ളൽ രീതിയിൽ)

നരബലി

എം.എസ്. മോഹനൻ

ഗലീലിയോ

ഗാനങ്ങൾ : വയലാർ രാമവർമ,

പി.കെ. തങ്കപ്പൻപിള്ള

ഭൂതവിളയാട്ടം

ശാന്തിഗീതം

അധ്വാനം സമ്പത്ത്

ഹിരോഷിമ

എം. കൃഷ്ണൻകുട്ടി

ശാസ്ത്രബോധം

ചോര

വെളിച്ചത്തിലേക്ക്

ഏകലവ്യന്റെ പെരുവിരൽ

മുരളി

ബ്രൂണോ

മരിച്ചവരെ അടക്കൽ

സംഘമഹാഗാനം

മോചനം പനങ്ങാട് തങ്കപ്പൻപിള്ള

പട്ടിണിക്കാരോട് ബർതോൾത്

ബ്രെഹ്ത്, വിവ: പുനലൂർ ബാലൻ

ആറ്റം (എം.പി. പരമേശ്വരൻ, എ.ആർ.

ഗോപിനാഥൻനായർ, എ.എസ്. മോഹ

നൻ)

ഹേ പ്രപഞ്ചമേ

എം.പി. പരമേശ്വരൻ

അനന്തതയുടെ നാൽക്കവലയിൽ

നാലു ശാസ്ത്രജ്ഞന്മാരും രണ്ട് ശവങ്ങളും

ബാധ (തുള്ളൽ രീതിയിൽ)

വിശ്വമാനവൻ

# $E = MC^2$

പത്തു പേരടങ്ങുന്ന ഒരു സംഘം വേദിക്കു മുമ്പിൽ വന്ന് നിരന്നു നിൽക്കുന്നു. അതിൽ ഒരാൾ മൈക്കിനു മുമ്പിലേക്ക് ഒരടിവെച്ച് കടന്നു നിന്നുപാടുന്നു.

ഒരാൾ : മിന്നും മിന്നും താരകമെ
നിന്നൊളിയെന്തെന്നാരറിവൂ.

സംഘം : മിന്നും മിന്നും താരകമെ
നിന്നൊളിയെന്തെന്നാരറിവൂ.
നിന്നൊളിയെന്തെന്നാരറിവൂ.

(സംഘം തല ഇരുവശത്തേക്കും ചരിച്ച് കുട്ടികളെ പോലെയാണ് ഇത് പാടുന്നത്.)

മറ്റൊരാൾ : ഭൂവിൽ നിന്നതി ദൂരത്തായ്
വൈരം പോലീ മാനത്ത്.

സംഘം : (കൈകൾ ഭൂമിയിലേക്കും, മുകളിലേക്കും ഉയർത്തിപാടുന്നു.)
ഭൂവിൽ നിന്നതി ദൂരത്തായ്
വൈരം പോലീ മാനത്ത്.
മിന്നും മിന്നും താരകമെ
നിന്നൊളിയെന്തെന്നാരറിവൂ.
നിന്നൊളിയെന്തെന്നാരറിവൂ.

വേറൊരാൾ : എന്നൊളി തന്റെ പൊരുളോതാം
പൊന്നനിയാ ചെവിതന്നാലും

സംഘം : എന്നൊളി തന്റെ പൊരുളോതാം

(എന്ന് ആവർത്തിച്ച് പരസ്പരം ചെവിയിൽ പാടുന്നു)

മറ്റൊരാൾ : പ്ലാസ്മാരൂപം എന്നുദരം
പ്രോട്ടോണല്ലോ അതുനിറയെ.

(സംഘം അതേറ്റുപാടുന്നു)

വേരൊരാൾ : എന്തെന്നറിയാ മർദ്ദത്തിൽ
ഭീകരമാകിന ചൂടേറ്റ്

(സംഘം മുഖത്ത് ഭീകരതവരുത്തി ഏറ്റുപാടുന്നു.)

മറ്റൊരാൾ : നന്നാലെണ്ണം കുടിച്ചേർന്ന്
ആൽഫാ കണമായി തീരുന്നു.

(സംഘം അതും ഏറ്റുപാടുന്നു.)

വേറൊരാൾ : അതിന്നിടക്ക് കാണാതായ്
കുറച്ചുദ്രവ്യം എവിടെപ്പോയ്

സംഘം : എവിടെപ്പോയ്... എവിടെപ്പോയ്....

(പരസ്പരം കയ്യുയർത്തി ചോദിക്കന്നു)

ഒരാൾ : അതോ....
ഐൻസ്റ്റൈൻ എന്നൊരു ശാസ്ത്രജ്ഞൻ
പണ്ടു പറഞ്ഞു ഈ സൂത്രം.

മറ്റൊരാൾ : എന്തു സൂത്രം?

വേറൊരാൾ : ഈയീക്വൽ ടു എംസീ സ്ക്വയർ
എന്നൊളിതന്റെ പൊരുളല്ലോ

(ഇത് താളത്തിലാണ് പറയുന്നത്)

സംഘം : (അത് പാട്ടാക്കി പാടുന്നു.
ഈയീക്വൽ ടു എംസീ സ്ക്വയർ
എന്നൊളിതന്റെ പൊരുളല്ലോ
(സംഘം ഒന്നിച്ചു)
ഭൂവിൽ നിന്നതി ദൂരത്തായ്
വൈരം പോലീ മാനത്ത്.

മിന്നും മിന്നും താരകമെ
നിന്നൊളിയെന്തെന്നറിവൂ ഞാൻ
നിന്നൊളിയെന്തെന്നറിവൂ ഞാൻ.......

## ബലി

(കാണികളുടെ ഇടയിൽ നിന്നും മൂപ്പൻ എഴുന്നേറ്റ്)

മൂപ്പൻ : അമ്മേ.... ഭഗവതി.......
കാളീ.... കാത്തു രക്ഷിക്കന്നേ.
ഈ ഊരിനേം ഊരാളികളേം രക്ഷിക്കണേ......

(സംഘം ഏറ്റു പറയുന്നു.) (കാണികളിൽ നിന്നും)

മൂപ്പൻ : കെയക്കും മലയ്ക്കുള്ള തേവൻ മാരേ ചത്തു തലയ്ക്കും മേ....നിക്കും ചാവുമ്മാരേ......

(വേദിയിലേക്കു വരുന്നു. സംഘവും ഏറ്റുപാടി കൊണ്ട് വേദിയിലേക്കുവരുന്നു.)

ഒരുക്കി വെക്കണതുണ്ട് തുക്കിച്ചെന്റെ തെവ്വേ.....
മൊയിക്ക് മേമൊയിവന്നു പറഞ്ഞുതരണേ....
ഊരാളി യച്ചനൊന്നെഴുന്നെള്ളി വരേന്നേ.....
ചാരായകുപ്പി എങ്കുള് വെച്ചുതൊഴുന്നേ...
കോയിനെ കൊന്നു ചോര കുടിക്കണ് മൂപ്പൻ
തോയം തീർത്തെങ്കടകാര്യം നടത്തിത്തരണേ
കാളിയും കൂളിയും യച്ചിയും കെന്തർവ്വതങ്കോം
മാടനും പേ മറുതാമല മുന്നോടിയച്ചൻ
കൂടണെ യെങ്കട തങ്കടം തീർക്കുവാനെന്നും
കാണണേ എങ്കൾ വിളിക്കും വിളിപ്പുറത്തെത്തും.
താനിനം താനിനം താനിനം താനിനം താരോ
താനിനം താനിനം താനിനം താനിനം താരോ

(പാട്ട് മുറുകുന്നതോടെ വെളിച്ചപ്പാട് തുള്ളാൻ തുടങ്ങുന്നു)

വെളിച്ചപ്പാട് : ഓം.....(മറ്റുപല ശബ്ദങ്ങളും) ഉണ്ണികളേ..... നിങ്ങൾക്കെന്തെങ്കിലും തങ്കടം ഉണർത്തിക്കാനുണ്ടോ?

സംഘം : ഉണ്ടേ..... (വെളിച്ചപാടിന്റെ ഇരുവശങ്ങളിലുമായി സംഘം ഭയഭക്തിയോടെ നിൽക്കുന്നു)

വെളിച്ചപ്പാട് : ഉം പറഞ്ഞോ.....

മൂപ്പൻ : ഈ ഊരിലുള്ളതിങ്ങൾ ഇങ്ങനെ തൂറ്റേം ഛർദ്ദീമായി ചത്താപ്പിന്നെ ആരാ ഈ ഊരാളിയച്ഛനെ പൂജിക്കുന്നേ......

വെളിച്ചപ്പാട് : ഉണ്ണികളെ..... ഞാൻ പറഞ്ഞില്ലേ..... ശുക്രൻ കേതുവിനോട് ചേർന്നു നിൽക്കുന്നതുകൊണ്ട് നാലാമിടത്തിനും, ഏഴാമിടത്തിനും അടിക്കടി ആപത്ത് മനസ്സിലായോ......

സംഘം : ഇല്ലേ........

വെളിച്ചപ്പാട് : മനസ്സിലാവില്ല (മദ്യക്കുപ്പി എടുത്ത് പിടിക്കുന്നു. ഇടയ്ക്കിടക്ക് കുടിക്കുന്നു.) അതായത് നാടിനും നാട്ടാർക്കും അനർത്ഥം (ശബ്ദമുണ്ടാക്കി തുള്ളൽ തുടരുന്നു.)

മൂപ്പൻ : അതിന് ഞങ്ങളെന്തു ചെയ്യണം ദെവ്വേ......

(വെളിച്ചപ്പാട് പീഠത്തിനടുത്ത് ചെന്ന് അൽപം നിന്ന് വെളിപാടുണ്ടായിക്കൊണ്ട്)

വെളിച്ചപ്പാട് : ഉം.... പ്രതിവിധിയുണ്ട് 21 ദിവസം തുടർച്ചയായി പൂജ നടത്തണം.

സംഘം : ഞങ്ങളെന്തു വേണേലും ചെയ്യാവേ......

വെളിച്ചപ്പാട് : പിന്നെയൊരു കാര്യമുണ്ട്..... ഈ അശോത്രിക്കാരുടെ തൂശീം വെള്ളോം നമുക്കു വേണ്ട നിങ്ങൾക്കു ഞാനുണ്ട്......

(പീഠത്തിനടുത്തെത്തി മദ്യം അകത്താക്കിക്കൊണ്ട് വെളിപാടായിക്കൊണ്ട്)

പോരാ.............. നരബലി വേണം.

സംഘം പേടിക്കുന്നു. പിന്നെ എല്ലാരുംകൂടി ആലോചിക്കുന്നു. കൂട്ടത്തിൽ നിന്ന് ഒരാളെ എല്ലാവരും കൂടി കടന്നു പിടിച്ച് ബലിപീഠത്തിലെത്തിക്കുന്നു. വെളിച്ചപ്പാട് പീഠത്തിനു ചുറ്റും നടന്ന് വെളിപാടായിക്കൊണ്ട്.

വെളിച്ചപ്പാട് : കം..... കഹാ............ (വാളുകൊണ്ട് വെട്ടാനോങ്ങന്നു ഓരോ പ്രാവശ്യവും.)
കിം..... കിഹീ.......

കും....................

മാഷ് : നിർത്തെടാ ! ....... (മാഷ് കടന്നു വരുന്നു.)

(സംഘവും വെളിച്ചപ്പാടും അന്തിച്ചു നിൽക്കുന്നു. മാഷ് ബലിപീഠത്തിൽ വെച്ചിരിക്കുന്ന ആളെ മോചിപ്പിക്കുന്നു.

സംഘം : മാഷ്.... മാഷ്.......!

മാഷ് : നരബലികൊണ്ട് ഈ ഊരിലെ കോളറ മാറ്റാൻ കഴിയുമോ..... എങ്കിൽ ആദ്യം തന്നെ യാണ് ബലികൊടുക്കേണ്ടത് (മാഷ് വെളിച്ചപ്പാടിനെ കയറിപ്പിടിക്കുന്നു.)
എടോ 21 ദിവസത്തെ പൂജകൊണ്ട് ഈ നാട്ടിലെ കോളറ മാറ്റാൻ കഴിയുമോ...... കഴിയു മോന്ന്.

വെളിച്ചപ്പാട് : ഇല്ല....... ഇല്ല...... ഇല്ല........

മാഷ് : എങ്കിൽ ഇവരോട് പറയു.... അക്ഷരം അറിയാത്ത ഈ പട്ടിണിപാവങ്ങളോട്. (സംഘ ത്തെചൂണ്ടിക്കാണിച്ചുകൊണ്ട്)

വെളിച്ചപ്പാട് : ഇല്ല....... ഇല്ല...... ഇല്ല........

മാഷ് : അറിവില്ലാത്ത ഇവരെപ്പോലുള്ളവരെ അന്ധവിശ്വാസത്തിന്റെ മാറാലയിൽ കുടുക്കി ചൂഷണം ചെയ്യുന്ന നീയും നിന്നെപ്പോലുള്ളവരുമാണ് ഈ നാടിനാപത്ത്.

വെളിച്ചപ്പാട് : മാഷേ...... വയറ്റിപ്പെഴപ്പിനു വേണ്ടി.......

മാഷ് : ഉം.....വയറ്റിപ്പെഴപ്പ്...! നിന്റെയോക്കെ വയറ്റീപ്പെഴപ്പു കാരണം ഈ ലോകത്ത് അയിരക ണക്കിനു നിരക്ഷരരാണ് മരിച്ചു വീഴുന്നത്.......

വെളിച്ചപ്പാട് : മാപ്പു തരണം മാഷേ......

മാഷ് : മാപ്പു ചോദിക്കേണ്ടത് എന്നോടല്ല.... ഇവരോടാണ് (സംഘത്തെ ചൂണ്ടി)

വെളിച്ചപ്പാട് : മാപ്പ്..... മാപ്പ്...... (സംഘത്തോട്)

മാഷ് : കൂട്ടരെ നമുക്ക് ഈ കുരുതിക്കളം ഇനിയൊരു അക്ഷരക്കളരിയാക്കിമാറ്റാം. അറിവാണ്, അറിവാണ് ഈ ലോകത്തിനായുധം അതിനായി നമുക്ക് പടയണിചേരാം.

സംഘം : പടയണിചേരാം.

(മാഷും സംഘവും പാട്ടുപാടി പ്രേക്ഷകരിലേക്ക് പോകുന്നു.)

അറിവിന്നുറവിടമുലകിൻ അക്ഷരം
അറിയാത്തവരുണരട്ടെ പഠിക്കാൻ......

## അശോകൻ

(ചെണ്ടമേളം ഉയരുന്നു. അശോകനും പടയാളികളും നടന്നുവന്ന് അരങ്ങിൽ അണിനിരക്കുന്നു. മുന്നിൽ അശോകൻ. പിറകിലെ ഒന്നാമത്തെ വരിയിൽ നാലുപേർ. അതിനു പിന്നിലെ വരിയിൽ മൂന്നു പേർ. പിറകിലെ വരിയിൽ മൂന്നു പേർ. എല്ലാവരും ഇരു ചുമലിലും മാറിൽ കുറുകെയായി തോർത്ത് കെട്ടിയിട്ടുണ്ട്. മറ്റൊരു തോർത്ത്കൊണ്ടു തലമറച്ചു പിൻഭാഗത്തേക്ക് തൂക്കിയിട്ടിരിക്കുന്നു. അശോകൻ നിറമുള്ള തലയിൽക്കെട്ട് ധരിച്ചിട്ടു ണ്ട്.)

(താളം പ്രത്യേക രീതിയിൽ തുടരുന്ന. സംഘം കാൽ അല്പം അകറ്റിനിന്ന് കാൽവിരലുകൾ അനങ്ങാതെ കാൽമുട്ട് അല്പം മടക്കി വലത്തോട്ടും പിന്നെ ഇടത്തോട്ടും ചാഞ്ഞുള്ള ചലനം തുടരുന്നു. വലതുകൈയ്യിൽ കുത്തനെ നിവർത്തിപ്പിടിച്ച വാളിന്റെ പിടി ഇടത് കൈയിൽ നെഞ്ചോടു ചേർത്തു പിടിച്ച പരിചയുടെ ഉൾഭാഗത്തെ പിടി ഇവ മൈം ചെയ്തിട്ടുണ്ട്. എല്ലാവരും നെഞ്ചു നിവർത്തി ചലനം തുടരുമ്പോൾ നരേറ്റർ കടന്നുവരു ന്നു.)

നരേറ്റർ : മഹാഭാരതേതിഹാസം പാടിത്തീർത്ത് വ്യാസകവി ഇങ്ങനെ വിലപിച്ചു. ഇരുകൈകളും കൂപ്പി ഞാനിതാ വിലപിക്കുന്നു. എന്റെ വാക്കുകൾ ആരും ശ്രദ്ധിക്കുന്നില്ല. ധർമ്മാർത്ഥ കാമങ്ങളിൽ, അർത്ഥ കാമങ്ങൾ മാത്രമെ ഉപാസിക്കപ്പെടുന്നുള്ളൂ. ധർമ്മം അനാഥമാണ്. ഭൂമുഖത്ത് യുദ്ധം ചെയ്യുന്ന ഓരേയൊരു ജീവി മനുഷ്യനാണ്. സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി അധികാരത്തിന്റെ കിരീടത്തിൽ തൂവലുകൾ തുന്നിച്ചേർക്കാൻ വേണ്ടി സഹജീ വികളെ കൊന്നൊടുക്കുന്ന യുദ്ധമെന്ന കൂട്ടക്കുരുതിയുടെ സ്രഷ്ടാവ് മനുഷ്യനാണ്.

(താളം മാറി. പഴയ രീതിയിൽ തുടരുന്നതിനിടെ ചക്രവർത്തിയും പടയാളികളും ഓരേസമയം ഇടത്തോട്ടു തിരിഞ്ഞു ചലനം തുടരുന്നു.)

നരേറ്റർ : മാനവസമൂഹത്തിന്റെ നെഞ്ചിൽ കരിയാത്ത മുറിവായി അവർ തീർത്ത ഹിരോഷിമ നില കൊള്ളുന്നു. പച്ചിലക്കാടുകളിൽ രാസയുദ്ധത്തിന്റെ ക്രൂരത തളിച്ച് ഭൂമുഖത്തുനിന്നും പച്ചപ്പിനെ തുരത്താമെന്നു വിയറ്റ്നാം യുദ്ധം നമ്മെ ബോധ്യപ്പെടുത്തി. ഇന്നു രക്തമൊലിപ്പിക്കുന്ന ദംഷ്ട്രകളും നീട്ടി യുദ്ധമെന്ന രാക്ഷസൻ നക്ഷത്ര ലോകത്തോളം വളർന്നു വലുതായിരിക്കുന്നു.

(താളം മാറി വീണ്ടും പഴയപോലെ തുടരുന്നു. സംഘം ഇതിനിടയിൽ വീണ്ടും ഇടത്തോട്ട് തിരിഞ്ഞു ചലനം തുടരുകയാണ്. സദസ്സിനു പുറം തിരിഞ്ഞാണ് ഇപ്പോൾ ചലനം.)

നരേറ്റർ : ഒരൊറ്റ ഭരണാധികാരിയും മരിക്കാൻ തയ്യാറാകാതെ പതിനായിരങ്ങളെ കൂട്ടക്കുരുതി നടത്തി സാമ്രാജ്യങ്ങൾ വെട്ടിപ്പിടിക്കുമ്പോൾ അവർക്ക് യുദ്ധം ഒരു ലഹരിയാണ്. യുദ്ധഭൂമികളിൽ ചിതറിത്തെറിക്കുന്ന ചോരയും നീരുമുള്ള മനുഷ്യരുടെ എണ്ണം ഒരു പക്ഷെ ഇന്നു ജീവിച്ചിരിക്കുന്ന മനുഷ്യരുടെ എണ്ണത്തെക്കാൾ എത്രയോ വലുതായിരിക്കാം. അവരുടെ അച്ഛനമ്മമാരും കൂടപ്പിറപ്പുകളും പൊഴിച്ച കണ്ണീർ ഈ ഭൂഗോളത്തെത്തന്നെ പ്രളയത്തിലാഴ്ത്താൻ മാത്രമുള്ളതായിരുന്നിരിക്കണം.

(താളം മാറിത്തുടരുമ്പോൾ സംഘം വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് ചലനം തുടരുന്നു.)

നരേറ്റർ : യുദ്ധാനുഭവങ്ങളുടെ ഭീകരത കണ്ടറിഞ്ഞു മനം തകർന്ന് ശാശ്വത സമാധാനത്തിനു വേണ്ടി വിലപിച്ച ചക്രവർത്തിയായിരുന്നു അശോകൻ! അംഗവും തുംഗവും വംഗവും കോസലവും കീഴടക്കി വിജയഭേരിയോടെ ഒടുവിൽ മഗധവും കീഴടക്കാൻ. ആ യുദ്ധവീരൻ എത്തി.

("ചക്രവർത്തിയും പടയാളികളും" വീണ്ടും ഇടത്തോട്ടു തിരിഞ്ഞ് സദസ്സിന് അഭിമുഖം വരുന്നു. ക്രമേണ താളം മുറുകുന്നു. സംഘം കാൽ അകറ്റിവച്ച് ഇരുപുറത്തേക്കും കൂടുതൽ ചാഞ്ഞ് നിന്ന നിലയിൽ ചുവടു വയ്ക്കുന്നു. താളം മുറുകുന്നു. ചുവടുവയ്പ്ദ്രുതമാകുന്നു. ക്രമേണ സംഘം കൈയിൽ ജീനിയും വാളും പിടിച്ചു കുതിരച്ചാട്ടത്തിൽ ഒരേ സ്ഥലത്തു ചാടിച്ചാടി ചലനം തുടരുന്നു.)

നരേറ്റർ : തന്റെ വിജയത്തിന്റെ ഫലം നേരിട്ടറിയാൻ വേണ്ടി യുദ്ധഭൂമിയിലെത്തിയ അശോകൻ അവിടെക്കിടന്നു മനുഷ്യനായി പൊട്ടിക്കരഞ്ഞു.

(നരേറ്റർ പിൻവാങ്ങുന്നു. കോറസ് ചിതറി വട്ടം ചുറ്റി നാലിടങ്ങളിലായി കൈകൾ ഇരുവശത്തും വീശി ഒറ്റക്കാലിൽ ഇരിക്കുന്നു. മുന്നരങ്ങിൽ ഇടതുവശത്തു നാലുപേർ; പിന്നരങ്ങിൽ ഇടതുവശത്ത് ഒരാൾ; പിൻ നടുവിൽ രണ്ടു പേർ; മുന്നരങ്ങു വലതിൽ മൂന്നുപേർ എന്നിങ്ങനെ. അശോകൻ പിന്നിലേക്കു മാറിയ ശേഷം അല്പം കഴിഞ്ഞ് പാദങ്ങൾ ഉയർത്തിവെച്ച് മെല്ലെ നടന്നടുക്കുന്നു. ഈണത്തിലുള്ള ഹമ്മിങ്ങ് ഉയരുന്നു. അശോകൻ നടന്നു വലത് മൂലയിലെത്തുമ്പോൾ അവിടത്തെ സംഘം കൈവീശി ഒറ്റക്കാലിൽ എഴുന്നേറ്റ് മെല്ലെ കറങ്ങി വീണ്ടും ഇരിക്കുന്നു. കൈകൾ പിന്നോട്ടു ചേർത്തു വയ്ക്കുന്നു. അശോകൻ ഭയന്നു പിന്തിരിയുന്നു. മുന്നിൽ ഇടതുമൂലയിലേക്കും പിന്നിൽ മധ്യത്തിലേക്കും പിന്നിൽ ഇടതുമൂലയിലേക്കും മെല്ലെ നടന്നടുക്കുന്നതനുസരിച്ച് ഓരോയിടത്തെയും സംഘം കൈവീശി ഒറ്റക്കാലിൽ എഴുന്നേല്ക്കുകയും നിന്ന നില്പിൽ കറങ്ങി ക്രമേണ കൈവീശൽ നിറുത്തി പിറകോട്ടുപിടിച്ച് നിലത്തിരിക്കയും ചെയ്യുന്നു. ഓരോ സ്ഥലത്തും ഭയന്നു പിൻവാങ്ങുന്ന ചക്രവർത്തി ഒടുവിൽ മുന്നിൽ വലതുവശത്തിരിക്കുന്ന സംഘത്തിനിടയിൽ പെടുന്നു. അവരും മുൻപത്തെ ആക്ഷൻ വീണ്ടും ആവർത്തിക്കുന്നു, ഹമ്മിങ്ങ് താഴുന്നു. ഇല്ലാതാകുന്നു.)

അശോകൻ : കഴുത്തറ്റ കാലറ്റ തുറിച്ച കണ്ണുകളുള്ള കഴുകന്മാർ കൊത്തിവലിക്കുന്ന ശവങ്ങൾ; ശവങ്ങൾ – ശവങ്ങൾ! ആരാണ്, ആരാണ് ഇതിന്നുത്തരവാദി? ഞാൻ–ഞാൻ–അശോക ചക്രവർത്തി. (–നിലത്തിരിക്കുന്നു – കൈ നെറ്റിയിൽ. മുഖം മേലോട്ട്) ഹമ്മിങ്ങ് ഉയർന്നു. നിലത്തിരിക്കുന്ന സംഘം ഒറ്റക്കാലിൽ കൈവീശി എഴുന്നേറ്റ് കറങ്ങി ക്രമേണ കൈവീശൽ നിറുത്തി പിറകിൽ ചേർത്തുവെച്ച് നിലത്തിരിക്കുന്നു. അശോകൻ നടന്ന് നടന്ന് അരങ്ങിന്റെ മധ്യത്തിലെത്തുന്നു. ഹമ്മിങ്ങ് താഴുന്നു. അശോകൻ എഴുന്നേല്ക്കുന്നു.)

അശോകൻ : കീഴടക്കലിന്റെ ബീഭത്സമായ ആഹ്ളാദത്തിൽ സ്വയം മറന്ന ഞാൻ അശോകനല്ല. ആയിരക്കണക്കായ മനുഷ്യജീവിതങ്ങൾക്കു മുകളിൽ ശോകത്തിന്റെ പേമാരിയായി പെയ്തിറങ്ങിയ മഹാശാപമാണ് എന്റെ ജന്മം!

(ഹമ്മിങ്ങ് ഉയരുന്നു. വലതുവശത്ത് അകലേക്കു നോക്കി അതുശ്രദ്ധിച്ച് മെല്ലെ അശോകൻ അങ്ങോട്ടു നീങ്ങന്നു.)

അശോകൻ : അത് ആശ്രയം നഷ്ടപ്പെട്ട അമ്മമാരുടെ വിലാപമാണ്. പത്തുമാസം ചുമന്ന് നൊന്തു പെറ്റ സ്വന്തം മകന്റെ മരണം കാണേണ്ടിവരുന്ന അമ്മ! കഴുത്തറ്റ്.... കഴുകന്മാർ കൊത്തി വലിക്കുന്ന... ഹോ... എന്റെ അമ്മേ.....

(ഹമ്മിങ്ങ് വീണ്ടും..... അശോകൻ ഇടതുഭാഗത്തേക്കു നീങ്ങി.)

അശോകൻ : ആ തേങ്ങലായി കത്തിയമരുന്നത് എന്റെ സഹോദരിയുടെ തകർന്ന സ്വപ്നങ്ങളല്ലേ? (മുട്ടുകുത്തിയിരിക്കുന്നു.)

അശോകൻ : അടക്കിപ്പിടിച്ച തേങ്ങലോടെ കത്തുന്ന മനസ്സുമായി നിലക്കുന്ന അച്ഛാ - മരണത്തിന്റെ ഈ മഹാദുരന്തത്തിനുത്തരവാദി ഞാനാണ് - ഞാനാണ്.

(മുന്നിൽ ഇടതുഭാഗത്തും പിന്നിൽ മധ്യത്തിലും സംഘം കൈവീശി ഉയർന്നു താഴുന്നു.)

അശോകൻ : ഓരോ വീട്ടിലും മരണം സൃഷ്ടിച്ച നിശ്ശബ്ദത ആർ നികത്തും? അച്ഛനു വേണ്ടി കരയുന്ന കുട്ടി. സഹോദരനുവേണ്ടി കരയുന്ന സഹോദരി..... പെറ്റുപോറ്റി വളർത്തിയ മക്കൾക്ക് തിലോദകമർപ്പിക്കുന്ന അച്ഛനമ്മമാർ... അവരുടെ അലറിക്കരയുന്ന മനസ്സിന്റെ ശാപവാക്കുകൾ കൊടുങ്കാറ്റായി എന്നെ പിന്തുടരുന്നു. കഴുകന്മാരായി എന്നെ വേട്ടയാടുന്നു.

(കോറസ് കൈവീശി ശബ്ദമുണ്ടാക്കി നിന്ന നിലയിൽ ഒറ്റക്കാലിൽ കറങ്ങിത്തിരിയുന്നു. അശോകൻ സംഭ്രാന്തനായി നിലത്തു കമിഴ്ന്നു വീഴുന്നു. സംഘം ചലനങ്ങൾ ക്രമേണ കുറച്ചു നിലത്തിരിക്കുന്നു. ചക്രവർത്തി നിലത്തുനിന്നും മെല്ലെ പാതിയുയരുന്നു.)

അശോകൻ : ഞാൻ-ഞാൻ അശോകനല്ല. അമ്മേ! എന്നെ രക്ഷിക്കൂ....

(മുട്ടുകുത്തിയിരിക്കുന്നു.)

യൗവനത്തിന്റെ ആസക്തികളിൽ രാജാധികാരത്തിന്റെ അഹങ്കാരങ്ങളിൽ ഉടവാളുകൊണ്ടു വിജയങ്ങൾ സൃഷ്ടിക്കാനൊരുമ്പെട്ട വിഡ്ഢിയാണ് ഞാൻ - ഞാൻ എന്താണു നേടിയത്? ശവങ്ങൾ! - ശവങ്ങൾ! -

(സംഘം കൈവീശി ഒറ്റക്കാലിൽ എഴുന്നേറ്റ് ക്രമേണ പൂർവസ്ഥിതിയിലാകുന്നു. അശോകൻ സാവധാനം എഴുന്നേല്ക്കുന്നു. ഇടതുഭാഗത്തേക്ക് നടക്കുന്നു.)

അശോകൻ : ശൈശവത്തിന്റെ അമ്പാടിയിൽ വളപ്പൊട്ടുകളും പീലിക്കണ്ണുകയളുമായി കളികൾ പങ്കുവച്ച എന്റെ കൂടപ്പിറപ്പുകളെ - നിങ്ങളെന്നെ തിരസ്കരിക്കരുതേ -

(- വലത്തോട്ട് നടന്ന്-)

ഒരു നിറഞ്ഞ സന്ധ്യപോലെ എന്റെ കൗമാരങ്ങൾക്ക് സുരക്ഷിതത്വം നല്കിയ എന്റെ അച്ഛാ! ഈ മകനെ ശപിയ്ക്കരുതേ -

(പിന്നോട്ട് നടന്ന് അരങ്ങിന്റെ മധ്യത്തിലെത്തി സദസ്സിനു നേരെ തിരിയുന്നു.)

ദിവ്യമായ വാത്സല്യത്തിന്റെ നനുനനുത്ത തൂവൽകൊണ്ട് എന്നെ പൊതിഞ്ഞു താരാട്ടു പാടിയുറക്കിയിരുന്ന എന്റെ അമ്മേ -

(ഭൂമിയിലേക്കു കൈകൾ നീട്ടുന്നു)

ആ മുലപ്പാലിന്റെ ഓർമ്മപോലും മറന്ന ഈ നികൃഷ്ടനെ; സ്നേഹത്തിന്റെ ചൂടുള്ള ആ മടിയിലേക്ക് തിരിച്ചു വിളിക്കൂ.... ഈ മകൻ പുനർജന്മം കൊള്ളട്ടെ.

(മുട്ട് കുത്തിയിരിക്കുന്നു.)

എന്റെ അഭിശപ്തമായ ആസക്തികൾക്ക് കിരാതരൂപം നല്കിയ ചക്രവർത്തിയുടെ ഉടവാൾ ഞാനിതാ എന്റെ സൃഷ്ടിയായ ഈ ശവഭൂമിയിൽ ഉപേക്ഷിക്കുന്നു.

(കിരീടം എടുത്തു താഴെ വയ്ക്കുന്നതായും പിന്നെ അരയിലെ ഉടവാൾ വലിച്ചെറിയുന്നതായും നടിക്കുന്നു. കോറസ് ഉയർന്നു താഴുന്നു. അശോകൻ എഴുന്നേറ്റ് കൈകൾ മുകളിലേക്കുയർത്തി)

ഇനിയൊരിക്കലും യുദ്ധമെന്ന മഹാദുരന്തം സംഭവിക്കാതിരിക്കട്ടെ.

(ഭൂമിയിലേക്കു കൈനീട്ടി കുനിയുന്നു)

അമ്മേ! ഈ മകനെ ദു:ഖങ്ങളില്ലാത്തവനാക്കൂ- ഈ മകനെ അ-ശോകനാക്കൂ! അ-ശോകനാക്കൂ!

(ഹമ്മിങ്ങ് ഉയരുന്നു. കോറസ് മെല്ലെ എഴുന്നേറ്റ് ഓരോരുത്തരായി കൈകോർത്തു പിടിച്ച് അരങ്ങിന്റെ ഇടതുഭാഗത്തുനിന്നും മുന്നിലൂടെ വരിവരിയായി വലതുഭാഗത്തേക്കു നടന്നു നീങ്ങി മറയുന്നു; ഒപ്പം അശോകനും - രംഗം ശൂന്യം -)

# എല്ലാം മനുഷ്യന്നു വേണ്ടി

പാഠം

1. സൗരപ്രപഞ്ചമാം താമരപ്പൂവിലെ
സൗരഭ്യമല്ലയോ മർത്യൻ
മർത്യരായ് മണ്ണിൽ പിറന്നവരൊക്കെയും
മർത്യരാവുന്നില്ല കഷ്ടം.

രംഗക്രിയ

1. 12 പേരുള്ള ഇത് സംഘം പാടിക്കൊണ്ട് ആരംഭിക്കുകയാണ്. ഇവർ 4 വരിയായാണ് നിൽക്കുന്നത്.

ഏറ്റവും പിന്നിൽ 4 പേർ, X X X X
അതിനു മുന്നിൽ 4 പേർ XXXX
അതിനു മുന്നിൽ 3 പേർ, XXX
അതിനു മുന്നിൽ 1 ആൾ X

നിൽക്കുന്നതും പാടുന്നതും സദസ്സിന് അഭിമുഖമായി

2. പാഠം

പാട്ട് ആവർത്തിക്കുന്നു.

2 രംഗക്രിയ

(a) ആദ്യമായി ഏറ്റവും മുന്നിലുള്ള ആൾ കൈകൾ തലയ്ക്കുമുകളിൽ മുകുളും പോലെ ചേർത്തു പിടിച്ച് സ്വയം ഭ്രമണം തുടങ്ങണം.

ഒരു നിമിഷത്തിനുശേഷം രണ്ടാം നിരയിലെ മൂന്നു പേർ ഇടത്തോട്ട് തിരിഞ്ഞ് മുന്നോട്ടുവന്ന് ഒന്നിനെ വട്ടം ചുറ്റിത്തുടങ്ങണം.

ഒരു നിമിഷം കഴിഞ്ഞ് മൂന്നാം വരിയിലെ നാലുപേരും വലത്തോട്ട് തിരിഞ്ഞ് മറ്റു രണ്ട് കൂട്ടർക്കും ചുറ്റും കറങ്ങി തുടങ്ങണം. ഒടുക്കം അവസാന വരിയിൽ രണ്ടറ്റത്തും നിൽക്കുന്നവർ തങ്ങളുടെ വശങ്ങളിലൂടെ മെല്ലെ മുന്നോട്ട് വന്ന് അരങ്ങിന്റെ മുൻമൂലകളിലും മറ്റ് രണ്ടു പേർ പിൻ മൂലകളിലും എത്തണം. ഇവർ സദസ്സിനെ അഭിമുഖം ചെയ്യുമ്പോൾ മറ്റുള്ള വർ സദസ്സിന് പുറം തിരിഞ്ഞാണ് ചലിക്കുന്നത്.

(b) പാട്ട് തീരുമ്പോൾ രൂപപ്പെടേണ്ട ദൃശ്യം ഇങ്ങനെ : നടുവിലെ ആൾ തലയ്ക്കുമുകളിൽ കൂപ്പിയ കൈകളോടെ സദസ്സിനഭിമുഖം നിശ്ചലം. അതിനു ചുറ്റുമുള്ളവർ വട്ടക്കാലിൽ, ശരീരം അല്പം താഴ്ത്തി കൈകൾ നീട്ടി കൈപ്പത്തികൾ പരസ്പരം അമർത്തി. നിശ്ചലം.

അതിനു പുറത്തുള്ളവർ ഇതുപോലെ തന്നെ, എന്നാൽ, മുട്ടുകുത്തി ഇരിയ്ക്കുന്നു.

ചുറ്റുമുള്ള 4 പേർ 4 മൂലകളിൽ സദസിനെ അഭിമുഖീകരിച്ച് ഒരുകാൽ ഉയർത്തിക്കുത്തിയും ആകാലിൽ വിലങ്ങനെ അതേ കൈത്തണ്ട വച്ചും ഇരിക്കുന്നു.

3. പാഠം

പാട്ട് ഒരു തവണ കൂടി.

രംഗക്രിയ

ഈ ദൃശ്യം തുടരുകമാത്രം -

4. പാഠം

വാനരനിൽ നിന്നും നരനായ്
വളർന്നു വന്നവൻ മനുഷ്യൻ (രണ്ട് തവണ)

രംഗക്രിയ

ഏറ്റവും പുറത്ത് ഇരിക്കുന്ന നാലു പേരും ചടുലമായി എഴുന്നേറ്റ് ഇരുവശത്തുകൂടെയും മുന്നോട്ട് വന്ന് ഏറ്റവും മുന്നിൽ ഒരു നിരയാകുക.

5. പാഠം

വടിയെടുത്ത് കനികൊഴിച്ച്
പശിയടക്കി വാണവൻ മനുഷ്യൻ (രണ്ട് തവണ)

രംഗക്രിയ

മേൽപ്രകാരം നിന്നു കൊണ്ട് തന്നെ പാടുക.

6. പാഠം

കല്ലുരച്ച് തീയെടുത്ത്,

കന്നുപൂട്ടി കൃഷിയെടുത്ത്
നല്ല ഭൂമിനേടുവാനുറച്ചവൻ
മനുഷ്യൻ (രണ്ട് തവണ)

രംഗക്രിയ

മുൻ നിരയിലെ 4 പേർ പിളർന്ന് ഇരു വശങ്ങളിലൂടെയും തിരിച്ചുനടന്ന് പുറകിൽ നിരയായി നിൽക്കുന്നു. ഒന്നും രണ്ടും മൂന്നും സംഘവും വലയം അവസാനിപ്പിച്ച് ആദ്യത്തെപ്പോലെ ഒന്നിനു മുന്നിൽ ഒന്നായുള്ള നിരകളായി നിന്ന് പാട്ട് പൂർത്തിയാക്കുന്നു.

7 പാഠം

അക്ഷരം തിരിച്ചറിഞ്ഞതിന്റെ യുള്ളിലുള്ളു ശക്തി അറിവാക്കി മാറ്റിയോൻ മനുഷ്യൻ.

രംഗക്രിയ

1. അക്ഷരം..... എന്നു പാടിക്കൊണ്ട് പിൻ നിരയിലെ 4 പേർ ഇടത്തോട്ട് അതിനു മുൻവരിക്കാർ വലത്തോട്ട്, അതിനു മുൻവരിക്കാർ ഇടത്തോട്ട് ഒറ്റയ്ക്കുള്ള ആൾ വലത്തോട്ട് വെട്ടിത്തിരിയണം - രണ്ട് ചുവട് അതാത് ദിശയിൽ നീങ്ങണം.
2. തിരിച്ചറിഞ്ഞതിന്റെ..... എന്നു പാടുമ്പോൾ തിരിച്ച് എതിർ ദിശയിൽ 3-4 ചുവടുകൾ വച്ച് നീങ്ങണം. ബാക്കി അവിടെ നിന്ന് പാടണം.
3. അറിവാക്കി...... പാടുമ്പോൾ തിര്യെവന്ന് ആദ്യസ്ഥാനങ്ങളിൽ നിൽക്കണം.
4. മനുഷ്യൻ... എന്നതിന് ഇരു കൈകളും മുന്നോട്ട് നീട്ടണം.

8. പാഠം

ചക്രവാള സീമകൾ കടന്നു ചെന്ന് മറ്റുഗോള ജൈത്രയാത്ര ചെയ്തവൻ മനുഷ്യൻ. (രണ്ട് തവണ)

രംഗക്രിയ

1. നാലാമത്തെ വരിവലത്തോട്ടും മൂന്നാമത്തെ വരി ഇടത്തോട്ടും നീങ്ങി പരസ്പരം കൈകൾ കോർത്തു പിടിച്ച് ഒറ്റ വലയമാകുന്നു. അതിനുള്ളിൽ മറ്റ് രണ്ട് ഗ്രൂപ്പുകൾ കറങ്ങുന്നു.
2. ഇപ്രകാരം 2 വലയമായുള്ള വലംവയ്ക്കൽ ഒരു വൃത്തം പൂർത്തിയാകുന്നതോടെ ഉള്ളിലുണ്ടായിരുന്നവർ കൂടി ചേർന്ന് ഒരൊറ്റത്തുപിടിച്ച് പ്രദക്ഷിണം വയ്ക്കുന്നു - കറങ്ങുന്നത് വലതു ഭാഗത്തേയ്ക്ക്.

9. പാഠം

(a) ആ മനുഷ്യനാകുവാൻ, ആ മനുഷ്യനാകുവാൻ, ആ മനുഷ്യനാകുവാനണിയണിയായ്പ്പോകുവോരായിരങ്ങൾ, അവർ പറയുന്നു.....

രംഗക്രിയ

(a) ഈ വരി പാടിതുടങ്ങുമ്പോൾ തന്നെ എല്ലാവരും കൈകൾ സ്വതന്ത്രമാക്കുന്നു. ആദ്യം നാലാം നിരയിൽ വലത്തേ അറ്റത്ത് നിന്നയാളിന്റെ പിന്നിൽ അണിയണിയായുള്ള ചലനമാണ് പിന്നെ നടത്തുന്നത്. രംഗത്ത് അണിചേർന്നുള്ള ജാഥ പോലെ ആദ്യം രംഗത്തിന്റെ പിൻ നിരയിൽ വലതറ്റത്ത് നിന്ന് തുടങ്ങി ഇടത് വശത്തേയ്ക്കും അവിടെ നിന്ന് ഇത്തിരി മുന്നോട്ടായി വലത് വശത്തേയ്ക്കും അവിടെ നിന്ന് ഇടതുവശത്ത് വന്ന് വളഞ്ഞ് പുറകോട്ടും ആണ് നടക്കുന്നത്.

പാഠം

(b) അവർ പറയുന്നു:

രംഗക്രിയ

(b) ഏറ്റവും പുറകിൽ അപ്പോഴേയ്ക്ക് എത്തുന്ന ആദ്യ 4 പേർ അവിടെ പഴയപോലെ ഒരു നിരയായി നിൽക്കുന്നു. അടുത്ത 4 പേർ അവർക്കു മുന്നിൽ, അടുത്ത 3 പേർ അവർക്കു മുന്നിൽ ബാക്കിയുള്ള ഒരാൾ അവർക്കു മുന്നിൽ ആയി ആ പഴയ ചിത്രത്തിൽ എല്ലാവരും എത്തുന്നു.

പാഠം

(c) എല്ലാം മനുഷ്യന്നു വേണ്ടി - ഭൂവിലെല്ലാ മനുഷ്യർക്കും വേണ്ടി.... (2 തവണ)

രംഗക്രിയ

(c) കൈകൾ മുന്നോട്ട് സദസിനോട് നീട്ടിക്കൊണ്ട്.

10. പാഠം

(a) അറിവുകൾ (ഒരാൾ മാത്രം)

രംഗക്രിയ

(a) ഏറ്റവും മുന്നിലെ ആൾ രംഗത്തിന്റെ ഏറ്റവും മുന്നിലേക്ക് കൈകൾ നീട്ടിക്കൊണ്ട് പാടിവന്ന് നിൽക്കുന്നു.

പാഠം

(b) പൊരുളുകൾ (ഒരു സംഘം മാത്രം)

രംഗക്രിയ

(b) രണ്ടാം നിര ഒന്നായി രംഗത്തിന്റെ വലതു ഭാഗത്ത് മുന്നിലേക്ക് കൈകൾ നീട്ടിക്കൊണ്ട് പാടി വന്ന് നിൽക്കുന്നു. നേരത്തെ വന്ന ആളിന്റെ ഒരു ചുവട് പുറകിലായി.

പാഠം

(c) നിയമങ്ങൾ (-ടീം-)

രംഗക്രിയ

(c) മൂന്നാം നിര മേൽപ്രകാരം രണ്ടാം നിരയുടെ ലവലിൽ ഇടത് ഭാഗത്ത് പാടിവന്ന് നിൽക്കും.

പാഠം

(d) ശാസ്ത്രങ്ങൾ (-ടീം-)

രംഗക്രിയ

(d) നാലാം നിര രണ്ടാം നിരയ്ക്കും മൂന്നാം നിരയ്ക്കും ഇടയിലേയ്ക്ക്. ഇപ്പോൾ അവരെല്ലാം ചേർന്ന് ഒരൊറ്റ നിരയും അതിനു മുന്നിൽ നടുഭാഗത്തായി ഒരാളും എന്നചിത്രം.

പാഠം

(e) തൊഴിലുകൾ - വ്യവസായങ്ങൾ എല്ലാം മനുഷ്യന്നുവേണ്ടി - ഭൂമിയെല്ലാ മനുഷ്യർക്കും വേണ്ടി

രംഗക്രിയ

(e) ഒന്നിച്ച് പാടുന്നു.

11. പാഠം

എന്നിട്ടും എന്നിട്ടും ഇരുളിൽ പിടയുന്നു മണ്ണിലെ മൂകലക്ഷങ്ങൾ.

രംഗക്രിയ

സംഘമായി പാടിക്കൊണ്ട്. ശിരസ്സുകൾ ഒടിഞ്ഞ് താഴേയ്ക്ക് തൂങ്ങിയ നിലയിൽ (ഒരു ഗ്രൂപ്പിന്റെ ഇടതുഭാഗത്തും മറ്റൊന്നിന് വലതുഭാഗത്തും എന്നാകാം) പുറകോട്ട് ചെറിയ ചുവടുവച്ച് മാറി മാറി പഴയ സ്ഥാനങ്ങളിൽ എത്തുന്നു. അവിടെ നിന്ന് പാട്ട് ഒരു തവണ കൂടി ആവർത്തിക്കുന്നു.

12 പാഠം

തീരാത്തദുരിതങ്ങൾ നൽകിയ തമ്പ്രാനെ പ്രാകുന്നു പ്രാകുന്നു പാവങ്ങൾ.

രംഗക്രിയ

ഒന്നും രണ്ടും ഗ്രൂപ്പ് ഒന്നിച്ച് മുന്നോട്ട് ഇടതുവശത്തേക്ക് ഓടിവന്നു വല്ലാത്ത പീഡനമനുഭവിക്കുന്ന ഭാവത്തോടെ മുകളിലേക്ക് നോക്കി നിലത്ത് ചാഞ്ഞിരിക്കുന്ന നിശ്ചലദൃശ്യം.

മൂന്നാം ഗ്രൂപ്പ് ഇപ്രകാരം വലതുവശത്തേക്ക് ഓടിവരുന്നു. അവിടെ തളർന്നു കുഴഞ്ഞ് ഇരിക്കയും കിടക്കുകയും ചാരിയിരിക്കുകയും ചെയ്യുന്ന നിശ്ചലദൃശ്യം.

നാലാം നിര നിന്നയിടത്ത് തന്നെ നെറ്റിയിൽ കൈകൊടുത്ത് ആകാശത്തേക്ക് കണ്ണ് നട്ട് നിൽക്കുന്ന സ്റ്റിൽ

13. പാഠം

സ്വയമാരെന്നറിയാൻ

രംഗക്രിയ

ഇടതുഭാഗത്തിരുന്നവർ പാടി നിൽക്കുന്നു.

14 പാഠം

സ്വന്തം നിലയറിയാൻ

രംഗക്രിയ

വലതുഭാഗത്തിരുന്നവർ പാടി നിവർന്നു നിൽക്കുന്നു.

15. പാഠം

സ്വപ്നം കാണുന്ന നലൊരു ജീവിതം സ്വർഗ്ഗത്തിലല്ല ഭൂമിയിൽ നേടാൻ

അറിവായുധമാക്കി, അണയുന്ന മർത്ത്യന്റെ കൂടെ - നമ്മളുണരുന്ന മർത്ത്യന്റെ കൂടെ, നമ്മളുണരുന്ന മർത്ത്യന്റെ കൂടേ.

രംഗക്രിയ

എല്ലാവരും ചേർന്ന് വലിയൊരു വൃത്തമാകുകയാണ്. പാടിത്തീരുമ്പോൾ വൃത്തമായി.

16. പാഠം

എല്ലാം മനുഷ്യന്നു വേണ്ടി, മണ്ണിലെല്ലാ മനുഷ്യർക്കും വേണ്ടി

രംഗക്രിയ

വൃത്തത്തിൽ നിന്ന്, വലതു കൈ ഉള്ളിലേക്ക് നീട്ടി കൈപ്പത്തി കമഴ്ത്തിപ്പിടിച്ച് നിൽക്കുന്നു.

17. പാഠം

അറിവുകൾ പൊരുളുകൾ നിയമങ്ങൾ ശാസ്ത്രങ്ങൾ തൊഴിലുകൾ വ്യവസായങ്ങൾ

രംഗക്രിയ

നാലാം നിരയിൽ പെട്ടവർ 4 പേർ കൂടിയ വേഗതയിൽ പാടി മുന്നോട്ടുവന്ന് കൈകൾ നീട്ടി നിൽക്കുന്നു.

18. പാഠം

എല്ലാം എല്ലാം എല്ലാം മനുഷ്യന്നു വേണ്ടി ഭൂവിലെല്ലാ മനുഷ്യർക്കും വേണ്ടി

രംഗക്രിയ

4 പേർ വീതം രണ്ട് വശങ്ങളിലും മുൻനിരയുടെ ഒപ്പം വരെ എത്താതെ പാടിവന്ന് നിൽക്കുന്നു.

19. പാഠം

എല്ലാ - മനുഷ്യന്നും - വേണ്ടി ഭൂമി - എല്ലാ - മനുഷ്യർക്കും - വേണ്ടി.

രംഗക്രിയ

ആദ്യത്തെയാൾ നടുവിൽ ആദ്യത്തെപ്പോലെ കൈകൾ തലക്കുമുകളിൽ കൂപ്പി രണ്ടും മൂന്നും നിരകളിലുണ്ടായിരുന്നവർ ഒറ്റ വലയമായി, ഈ ആളിനു ചുറ്റും, പരസ്പരം കൈകൾ കോർത്ത് കൈകൾ തലക്കുമേലേ ഉയർത്തിപ്പിടിച്ച് നിന്ന് സദസിന് അഭിമുഖമായി - അവസാനത്തെ നാലുപേർ, കൈകൾ കോർത്ത് മുട്ടുകുത്തി, സദസിനു പുറം തിരിഞ്ഞ്, എല്ലാവർക്കും പുറമെയുള്ള മറ്റൊരു വലയമായി ഇരുന്ന്......

ഈ ദൃശ്യത്തിൽ പാട്ടും രംഗക്രിയയും അവസാനിക്കുന്നു.

## പാട്ടുകൾ

**തേർ തെളിക്കട്ടെ; ശാസ്ത്രം വിജയിക്കട്ടെ!**

ഒരു കൈകൊട്ടിപ്പാട്ടിപ്പാട്ടിന്റെ ലയവിന്യാസത്തിൽ
ഉണരുകയായ് യുവതലമുറകൾ
വളരുകയായ് യുവചേതനകൾ
പുതിയൊരു താളത്തിൽ - ആഹാ, പുതിയൊരു രാഗത്തിൽ!

ഉറക്കുപാട്ടായ് മുത്തശ്ശി പണ്ടേ പാടിയതാം കഥകൾ
കരിനിഴലായിക്കുരുന്നു മനസ്സിൽ പടർന്നു വളരാതെ
ശാസ്ത്രം കൊണ്ടത് പ്രകൃതിയെ മനുഷ്യൻ കീഴടക്കുമ്പോൾ
അജയ്യമായൊരു ദൈവശക്തി ഇല്ലെന്നറിയുന്നു!

(ഒരു........)

ചന്ദ്രനിൽ ശാസ്ത്രം വിജയത്തിന്റെ വർണക്കൊടി പാറിച്ചൂ;
ചന്ദ്രൻ ദൈവമതല്ലെന്നങ്ങനെ ശാസ്ത്രം തെളിയിച്ചൂ;
ശാസ്ത്രത്തിൻ നാഡിമിടിപ്പുകൾ നിങ്ങളതറിയേണം
കേരളനാട്ടിലെ യുവജനചേതനയതു കേട്ടുജ്വലിക്കേണം.

(ഒരു........)

ശാസ്ത്രമതധ്വാനത്തിൻ ഫലമാണെന്നു ധരിക്കേണം
അധ്വാനിക്കും ജനതതിശാസ്ത്രമതുൾക്കൊണ്ടീടേണം
നാടിൻ സിരകളിൽ പുതിയൊരു രക്തം ഇനിമേൽ ഒഴുകേണം
പഴകിയൊരാചാരത്തിൻ നൂലാമാലകൾ മാറ്റേണം

(ഒരു........)

വെളിച്ചമിന്നും കടന്നുചെല്ലാൻ മടിച്ചു നിൽക്കുന്ന
ഗ്രാമത്തിൻ കോണുകളിൽ പുതിയൊരു കൈത്തിരിയുമേന്തി

ഗ്രാമാന്തരങ്ങൾ തോറും ശാസ്ത്രസമിതികൾ വളരട്ടെ
അതിന്നായ് തേരുതെളിക്കട്ടെ; ശാസ്ത്രം വിജയിച്ചിടട്ടെ!
പുതിയൊരു താളത്തിൽ- ആഹാ, പുതിയൊരു രാഗത്തിൽ
(ഒരു..........)

**രചന : ടി.പി. പീതാംബരൻ.**

**എല്ലാം ശാസ്ത്രം!**

പ്രകൃതി വിശേഷതയാലെ- പല പല
പ്രകൃതവിധമതായ് പലതുമതുളവായ്
ഗോളാകൃതിയായ് ഭൂമണ്ഡലമത്
നിരവധി മണ്ഡലമങ്ങനെ ഉളവായ്
അതിലൊരു മണ്ഡലമാണത് നമ്മുടെ
നരമണ്ഡലമെന്നറിയണമിന്ന്
ഭൂമണ്ഡലമെന്നതിൽ ജീവാംശങ്ങളുമങ്ങനെ ഉണ്ടായ്
വായു ജലാഗ്നി ചലനഗതികൾ ഭൂപ്രകൃതിയിലുളവായി.

പറവകളനവധി വിധമവ ഉളവായ്
മൃഗസഞ്ചയമെല്ലാമങ്ങുണ്ടായ്
അതുപോൽ നരരും ഭൂമിയിലുളവായ്
സസ്യവിതാനമിതമെല്ലാമുളവായ്
സസ്യവിതാനമിതമെല്ലാമുളവായ്
ഗിരിയും നദിയും വയലും കൃഷിയും
സാഗരവീഥികളും ഉളവായി
ഇതുകളതെല്ലാം പ്രകൃതിയിൽ നിന്നത് ശാസ്ത്രവുമുണ്ടായി

ഓരോ നരരുടെ സിരകളിൽ നിന്നത് ഭുവനെ വെളിവായി
ദൈവമതെന്നും ത്രിമൂർത്തിയെന്നും
ഇന്ദ്രനതെന്നും ചന്ദ്രനതെന്നും
സൂര്യനതെന്നും ചൊവ്വയതെന്നും
വ്യാഴമതെന്നും ശുക്രനതെന്നും
ഇവരെല്ലാമത് ദൈവമതെന്നും
ദേവകളനവധി കോടിയതെന്നും
പുരാണമെന്നു പറഞ്ഞുണ്ടാക്കിയതും ചിലരതുപണ്ട്
അതുകൊണ്ടു നടന്നിന്നും ചിലരഷ്ടി കഴിക്കുന്നുണ്ട്
വെടികൊണ്ടൊരു പടയാളി തുളഞ്ഞ്
ദീനവിലാപമതായതറിഞ്ഞ്
ഡോക്ടറുമെത്തി ഒരിഞ്ചക്ഷൻ കൊ-
ണ്ടുടനെ തരിച്ചതു മരവിച്ചതുപോൽ
ഘോരവധം ചെയ്തൊളിച്ചുപോയവനെ പിടിച്ചപോലെ
ശാസ്ത്രത്തിൻ ഗതി നമ്മുടെ ഗതി ചലനഗതി അറിഞ്ഞല്ലോ.

പരശുരാമനൊരു കാലം പണ്ട്
കേരളമുണ്ടാക്കിയതെന്നുണ്ട്
പുരാണഗ്രന്ഥമതാക്കിക്കൊണ്ട്
ഭുവനതലേ അത് വാഴ്ത്തിക്കൊണ്ട്
പലരുമതഷ്ടി കഴിച്ചിട്ടുണ്ട്
ഇന്നും നടമാടുന്നതുമുണ്ട്
വേലയെടുക്കാതെ ചിലർക്ക് പിഴപ്പിന് പണിയായ്ക്കണ്ടു
അന്ധതനാട്ടിലതിതുവരെ നമ്മളതെല്ലാം കൈക്കൊണ്ടു

ദൈവമെന്നത് എന്താണെന്നും
ശാസ്ത്രമതെന്നത് എന്താണെന്നും
എങ്ങനെയാണീ ലോകമതെന്നും
ലോകചലനമെങ്ങനെയാണെന്നും
മാനുഷജീവികളാരാണെന്നും
നമ്മളിലെന്തെല്ലാമുണ്ടെന്നും
കണ്ടുപിടിച്ചവരുണ്ടത് ശാസ്ത്രമുയർന്നത് വിധിപോലെ

ശാസ്ത്രമതങ്ങു ഗ്രഹിക്കുക നമ്മളതെല്ലാമതികാലേ
ന്യൂട്ടൻ ഐൻസ്റ്റീൻ എന്നിവരും
അവരുടെ പിൻഗാമികളാക്കിയ പലരും
ലോക ചലനമവരാലോചിച്ച്
ഭുവനേസകലരിലും തെളിയിച്ച്
ലോകഗതികളെല്ലാമറിയിച്ച്
അതുകണ്ടറിഞ്ഞ നമ്മൾ ഗ്രഹിച്ച്
ലോകത്രയ ശക്തികളെല്ലാം ശാസ്ത്രമതെന്തു ഗ്രഹിച്ചു
എല്ലാ ഗതിയും ശാസ്ത്രമതല്ലാതില്ലെന്ന് ഗ്രഹിച്ചു
ജനനം ശാസ്ത്രം മരണം ശാസ്ത്രം
പണിചെയ്വോരുടെ പണിയും ശാസ്ത്രം
കലകൾ ശാസ്ത്രം ഈ കൈകൊട്ടിക്കളിയും ശാസ്ത്രം.
ഈശ്വരനും ഈശ്വരിയും ശാസ്ത്രം
ലോക ഭരണഗതികൾക്കും ശാസ്ത്രം
ഭരണം പിഴുതെറിവതിനും ശാസ്ത്രം
ലോക ശാസ്ത്രമാണിതിനെല്ലാമുതകുന്നൊരുവൻ ശാസ്ത്രം
ടിസിയുമതിനാലീ കളിക്ക് ഞങ്ങൾക്കിതു കൽപ്പിച്ചു.

രചന : ടി.സി. പുരുഷോത്തമൻ

**ലോകമുണർന്നല്ലോ!**

തക്കു തകജ ഗണ തക്കു തകജ ഗണ തക്കു തകജ ഗണധാ
തരികിട ധിമി ധിമി തരികിട
ധിമി ധിമി തക്കു തകജ ഗണഘാ
ലോകമുണർന്ന് ലോകമുണർന്ന് ലോകമുണർന്നല്ലോ
ലോകേ നര സിരകളിലതുണർന്ന് ശാസ്ത്രമുണർന്നല്ലോ
ലോക ലോകത്രയമതിലെല്ലാം ശാസ്ത്രമുണർന്നല്ലോ
ലോക ചലനഗതി ഗതിസ്ഥിതി അങ്ങനെ നമ്മളറിഞ്ഞല്ലോ?
ന്യൂട്ടൻ സിരകളിലോടിയ കാഴ്ച ജഗത്തിലുണർന്നല്ലോ
ആകാശങ്ങളതീശ്വരപുരമാണെന്നത് പോയല്ലോ
റഷ്യയിൽ നിന്നുമമേരിക്കയിൽ നിന്നും ചിലർചെന്നല്ലോ
ദൈവപുരം ആകാശത്തിലതില്ലെന്നത് കണ്ടല്ലോ
ശാസ്ത്ര നിരീക്ഷണമെല്ലാവരുമറിയേണ മതിനിയല്ലോ
ആകാശാന്തേ തേരിൽ ദൈവം സവാരി ചെയ്തെന്ന്
പുരാണ ഗ്രന്ഥങ്ങളിലതു കണ്ട് ഗ്രഹിച്ചവർ നാമിന്ന്
ശാസ്ത്രം കൊണ്ടത് കണ്ടുപിടിച്ചു പഠിച്ചാകഥയിന്ന്
പ്ളെയിനുണ്ടാക്കി പൈലറ്റുമതായ് നമ്മൾ പോകുന്നു
പാശുപതാസ്ത്രം ബ്രഹ്മാസ്ത്രങ്ങൾ സുദർശനചക്രങ്ങൾ
ലോക വിനാശത്തിനു സമരാങ്കണ മതിലെന്നതു നമ്മൾ
ശാസ്ത്രത്താലെ ഗ്രഹിച്ചതു മുഴുവൻ നമ്മളറിഞ്ഞല്ലോ
ഇന്നതു മുഴുവൻ ഓരോ വിധമായ് ബോംബുകളായില്ലേ

മിസൈലുണ്ടാക്കിയതും നമ്മൾ ശാസ്ത്രം കൊണ്ടല്ലേ
സർവ്വതുമതു ഭൂലോകത്തിൽ
ശാസ്ത്രം ശാസ്ത്രം ലോകത്തിൽ
സർവ്വസമത്വം ലോകത്തിൽ
സർവ്വതുമതു ശാസ്ത്രത്തിങ്കൽ
ടി സി ചമച്ചൊരു ഗാനവുമിതുപോൽ
ഈ കളിയിൽ മെല്ലെ
ഓർക്കുകിലീ വക എല്ലാം ലോകേ ശാസ്ത്രം കൊണ്ടല്ലേ
(തക്കു തകജ ഗണ.......)
രചന : ടി. സി. പുരുഷോത്തമൻ

**ചരിത്രം (തുള്ളൽ രീതിയിൽ)**

സൂര്യനിൽ നിന്നതടർന്നതു പോന്ന്
കാര്യമതായൊരു ചുടുനീർക്കഷണം
നൃത്തം വച്ചത് കത്തിജ്വലിച്ച്
ബാഹ്യാകാശസരസ്സിലുറച്ച്
ആണ്ടുകളങ്ങനെ വീണ്ടും വീണ്ടും
പണ്ട് നടന്ന് കടന്നവിടുന്ന്
ചൂടുനീർക്കട്ട തണുത്തതുറച്ച്
ഉടനെ വായുജലങ്ങൾ ജനിച്ച്
ഓരോന്നോരോന്നായ് പല ജീവികളാരംഭിച്ചും, കടന്നു യുഗങ്ങൾ
ആടുകൾ, മാടുകൾ, ചെന്നായ്, നരികൾ
കാടുകളിൽ സിംഹ മുതലുണ്ടായ്
ഉരഗം, കാട്ടെലി, അട്ടകളങ്ങനെ
പൂത്താങ്കീരി, പരുന്തുകൾ, കീരി
കാക്കകൾ, കൊക്കുകൾ കാക്കക്കുയിലുകൾ
കൈക്കൂട്ടി പക്ഷികൾ പലതായ്
അങ്ങനെ ജീവികൾ, പുത്തൻ രീതികൾ
പൊങ്ങീ, മാനുഷരൂപവുമുണ്ടായ്.
മനുഷ്യനു മുമ്പു പിറന്നതു ധരയിൽ
വാനരരത്രെ മുതുമുത്തച്ഛന്മാർ.
**(വടക്കൻ പാട്ടിന്റെ രീതിയിൽ)**
നട്ടെല്ല് വന്നു നിവർന്നതോടെ
പെട്ടെന്നവരങ്ങുയർന്നു പാരിൽ
ഇരതേടി കാടകനാടകമായ്
ഇണചേർന്നു ജീവിച്ചാക്കാലത്തിങ്കൽ
കല്ലുകൾ കമ്പുകളായുധമായ്
എല്ലാരും നല്ല സമർഥരായി
**(തുള്ളൽ രീതിയിൽ)**
സംഘം ചേർന്നിട്ടായുധമേന്തീ-
ട്ടങ്കം വെട്ടാൻ ശീലിച്ചവരും
വാളേന്തും നരരാരോ, അവരോ-
ടാളുകൾ പലരും ചേർന്നൂ, അങ്ങനെ
ഗ്രൂപ്പുകൾ ഗ്രൂപ്പുകളായന്നവരാ-
ക്കൂപ്പുകളിൽ ക്കഴിയുന്നാക്കാലം
മേധാവി വിളിച്ചോതുകിലെത്തും
ആധാരം മറ്റൊന്നില്ലവിടെ
ആഹാ ആഹാ എന്നു പറഞ്ഞാൽ
ഓഹോ എന്ന് നമിച്ചിടുമല്ലോ

നരരുടെ ഗളമവരനവധിയങ്ങനെ
നരവേട്ടയ്ക്കുകളഞ്ഞാക്കാലം
പണിചെയ്തീടാനായുധമുണ്ടായ്
പണിയാളന്മാരനവധിയായി
നാടുകളുടനീളം നന്നായി
നാടുഭരിപ്പതിനാളുകളുണ്ടായ്
പടയാളികളും പടയും തങ്ക-
ക്കുടയും കുടവയറതുമുണ്ടായി
അങ്ങനെ പലപല നൂറ്റാണ്ടുകളും
എങ്ങനെയോപായ്പ്പോയതുപോലെ
(വടക്കൻ പാട്ടിന്റെ രീതി)
മാവേലിവന്നു ഭരിച്ചു പിന്നെ
മാനുഷരൊന്നായ് ക്കഴിഞ്ഞുമന്നിൽ
ബുദ്ധിമാന്മാരും ജനിച്ചു പിന്നെ-
സിദ്ധാന്തമോരോന്നും കണ്ടുപിന്നേ
ലോകചലനവിശേഷമെല്ലാം
ലോകേ ശാസ്ത്രത്താലറിഞ്ഞതെല്ലാം
മർത്ത്യനെ മാടാക്കിമാറ്റീടുന്ന-
മർത്ത്യന്മാരിന്നെന്റെ മണ്ണിലില്ലാ.

## നരബലി

### എം.എസ്. മോഹനൻ

പറച്ചിൽ— സുഹൃത്തുക്കളെ, നാം കേരളത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിക്കുമ്പോൾ പല കാഴ്ചകളും കണ്ടു. അനുഗ്രഹീത കവികൾ കേരളത്തെപ്പറ്റി വർണിച്ചിട്ടുള്ളത് അർഥവത്താണെന്ന് ബോധ്യമായി. നമ്മുടെ കവി തങ്കപ്പൻപിള്ളയും പറയുന്നു-

പാട്ട് — നാടേമാമകനാടേ കേരളനാടേ
ഉണരുക മലനാടേ.... (നാടേ മാമക)
കലയുടെ വിളനിലമായൊരു നാടേ....
കമനീയത കളിയാടുന്ന നാടേ.... (കലയുടെ)
തുഞ്ചൻ കിളിമൊഴി കേട്ടൊരുനാടെ
കുഞ്ചൻ തുള്ളിരസിച്ചൊരുനാടെ (തുഞ്ചൻ)
(നാടെ മാമക....)

പറച്ചിൽ— സ്നേഹിതന്മാരെ, ഞാനൊരു കഥ പറയാം. ഇതിനിടയിൽ കടന്ന് ചോദ്യങ്ങളൊന്നും ചോദിച്ചേക്കരുത്. ഈ കഥ നടക്കുന്ന ഗ്രാമത്തിലേക്ക് ഞാൻ നിങ്ങളെ കൂട്ടിക്കൊണ്ടുപോകുകയാണ്.

പാട്ട്— പണ്ടത്തെ പാടലീപുത്രത്തിന്റെ
പ്രാന്തത്തിലുണ്ടൊരു ഗ്രാമം....
ആരാലുമാരാലുമറിയപ്പെടാത്തൊരു
ക്രാന്തിപുരമെന്നഗ്രാമം

പറച്ചിൽ-സ്വതന്ത്രഭാരതത്തിലെവെളിച്ചം കടന്നുചെല്ലാൻ അറയ്ക്കുന്ന അനേകം ഗ്രാമങ്ങളിലൊന്ന്. വറ്റിവരണ്ടപാടങ്ങൾ തരിശുഭൂമികൾ. അകലെ ഒറ്റപ്പെട്ടുയർന്നുനിൽക്കുന്ന ജാട്ടുകളുടേയും കുറുമികളുടേയും മണി

പറച്ചിൽ— ക്രാന്തിപുരത്ത് ജാതിയുടെ അടിസ്ഥാനത്തിൽ ചേരിതിരിഞ്ഞാണ് ജനങ്ങൾ താമസിക്കുന്നത്. ഈ കൂരകളിൽ ഹരിജനങ്ങളാണ്. ദൈവത്തിന്റെ സന്തതികൾ. ദൈവത്തിന്റെ മക്കൾ എന്നു വിളിച്ചാൽ പിന്നെ അവർക്കെല്ലാം ആയില്ലേ. സത്യത്തിൽ അവർ മാടുകളാണ്; അടിമപ്പണി ചെയ്യുന്നവർ. മനുഷ്യരാണെന്ന ബോധം അവർക്ക് പരമ്പരാഗതമായി നഷ്ടപ്പെട്ടിരിക്കുന്നു. കേസരിപ്പരിപ്പിനും പയറുപൊടിക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ചവർ!
അങ്ങകലെ കാണുന്നത് ഒരു മാളികയല്ലേ? അതെ

പാട്ട്— വെണ്ണക്കല്ലിൽ കൊത്തിയെടുത്തൊരു
സുന്ദരസൗധം മണിസൗധം
കണ്ണിനു കതുകമുണർത്തും കാഴ്ചകൾ
കാണാം ചുറ്റും മതിലുകളും
മുറ്റത്തുണ്ടൊരു പാർക്ക്
പാർക്കിന്നറ്റത്തുണ്ടൊരു പൂമ്പൊയ്ക
മട്ടുപ്പാവിൻ മുകളിലിരുന്നാൽ
തീർത്തും കാണാമഗ്രാമം.

പറച്ചിൽ— ഇത് ആ ഗ്രാമത്തിലെ കൊട്ടാരമാണ്. സെമീന്ദാർ രാംസിംഗിന്റെ വസതി. അമേരിക്കൻ മത്സ്യങ്ങളെ വളർത്തുന്ന കുളം. ക്രാന്തിപുരത്ത് കൊല്ലിനും കൊലയ്ക്കുമധികാരമുള്ള കിരീടം ധരിക്കാത്ത രാജാവാണയാൾ. രാം സിംഗെന്നു കേട്ടാൽ ജനങ്ങൾ ഞെട്ടിവിറയ്ക്കും. ഒരു ഭീമാകാരൻ മകനൊരാളുണ്ട്- രത്തൻസിംഗ്. അയാളുടെ പേര് കേട്ടാൽ സ്ത്രീകളാണെങ്കിൽ പേടിച്ചോടും. അറബിക്കഥയിലെ നായകനെപ്പോലെയാണയാൾ. ക്രാന്തിപുരത്ത് ആകെക്കൂടിയുള്ള പൊതുസ്ഥാപനം ആ കാണുന്ന ജീർണിച്ച കാളീക്ഷേത്രമാണ്. അതിന്റെ മുമ്പിൽ കൂടി ഗ്രാമവീഥി കടന്നു പോകുന്നു. ഏഴു കിലോമീറ്ററോളം നടന്നാൽ ഗ്രാമത്തിനു സമീപമുള്ള ഒരു കൊച്ചു റെയിൽവേസ്റ്റേഷനിലെത്താം. അതാ... വടക്കുനിന്നുള്ള വണ്ടി വന്നുപോയിട്ടധികസമയമായില്ല. മൂന്നു യാത്രക്കാർ അവിടെയിറങ്ങി. മുമ്പിൽ മൂളിപ്പാട്ടും പാടി വരുന്ന നീണ്ടുമെലിഞ്ഞ ചെറുപ്പക്കാരനെ കണ്ടോ?

പാട്ട്— എവിടെന്റെ കിനാക്കൾ വിതച്ചോ-
രിടിമിന്നലു പൂക്കുംവാനം
പച്ചപ്പൈച്ചാടി നടക്കും
മുത്തങ്ങാപ്പുല്ലുകളെവിടെ
എവിടെന്റെ തുളസിക്കാടുകൾ
ഈറൻ മുടി കോതിയ സന്ധ്യകൾ
കറുകപ്പുൽത്തുമ്പത്തമ്പിളി
കളമെഴുതിപ്പാടിയരാവുകൾ

പറച്ചിൽ— അയാൾ ഒരു കവിത മൂളകയാണ്. താടി, തിളങ്ങുന്ന കണ്ണുകൾ. തോളിൽ സഞ്ചി, പാറ്റ്നയിൽ ഉന്നത വിദ്യാഭ്യാസം കഴിഞ്ഞ് തിരിച്ചു വരുന്ന ഒരു വിദ്യാർഥിയാണയാൾ. ഗുരു ഗോവിന്ദിന്റെ മകനാണ്; പേര് 'ഗോപാൽ'. അയാൾ ചുറ്റുമൊന്നു കണ്ണോടിച്ചു. വറ്റി വരണ്ടു കീറിയ പാടങ്ങൾ, വരൾച്ചയുടെ ചിത്രങ്ങൾ. കാളീക്ഷേത്രത്തിനു മുമ്പിലെത്തിയ അയാൾ ഒരു ബഹളം കേട്ടു. പെട്ടെന്ന് നിന്നു. വലിയ ആൾക്കൂട്ടം. പുറത്ത് ഹരിജനങ്ങൾ. അതാ ഒരു സ്ത്രീയെ പിടിച്ചുകെട്ടിയിട്ടിരിക്കുന്നു. ആ സ്ത്രീ നെഞ്ചത്തടിച്ചു നിലവിളിക്കുന്നുണ്ട്. എന്താണ് സംഭവം? ഗോപാൽ അകത്ത് കടന്നു നോക്കി. ഹോ! എന്താണ് ബഹളം! പൂജയാണല്ലോ!

പാട്ട്— ഓം കാളി ഭദ്രകാളി....
മഴപെയ്യിക്കണേ ഭദ്രകാളീ......
മുടിയുന്നേ അടിയങ്ങടെ കുലമൊടുങ്ങുന്നേ
മഴപെയ്യിക്കണേ ഭദ്രകാളീ.....
(ഓംകാളി....)
പൂമകനെ ബലികഴിച്ചു ഞങ്ങൾ
മഴപെയ്യിക്കണേ ഭദ്രകാളീ
ചൂടുചോര തിരുമെയ്യിൽ കുടുകുടെ വീഴ്ത്തി
മഴപെയ്യിക്കണേ ഭദ്രകാളീ.....
(ഓംകാളി....)

പറച്ചിൽ— സ്വാമി ബ്രഹ്മപ്രകാശിന്റെ കാർമികത്വത്തിൽ പൂജ നടക്കുകയാണ്. നടത്തിക്കുന്നത് സെമീന്ദാർ റാംസിംഗ്. ഇവിടെ എന്താണുണ്ടായത്? ങേ? 'ആ സ്ത്രീയുടെ ഒരേയൊരു മകനെ കുരുതി കൊടുത്തെനോ?' മഴപെയ്യിക്കാൻ മനുഷ്യക്കുരുതിയോ? ഉടലും ശിരസ്സും വേർപെട്ടു കിടക്കുന്ന ആ പിഞ്ചോമനയെക്കണ്ടു ഗോപാൽ അലറി.... നിർത്തു.... ശബ്ദം നിലച്ചു. 'എന്തിനാണീ ക്രൂരമായ നരബലി'? മഴപെയ്യിക്കാൻ, കാളിപിണങ്ങി, ഗ്രാമം ഉണങ്ങി' ' ശരി ഇനിയെന്നു മഴപെയ്യും?' ഉത്തരം....'മൂന്നു ദിവസത്തിനുള്ളിൽ' 'രണ്ടാഴ്ചക്കുള്ളിൽ മഴപെയ്യില്ലെ

ങ്കിൽ ഞാൻ പറയുന്നത് നിങ്ങളനുസരിക്കുമോ? അവർ മിണ്ടിയില്ല. ആ വെല്ലുവിളിക്കുശേഷം ഗോപാൽ അവിടം വിട്ടിറങ്ങിപ്പോയി. ബ്രഹ്മപ്രകാശ് ചീറി. റാംസിംഗ് വിറച്ചു. തന്റെ ഗ്രാമത്തിന്റെ മുഖം ഇത്ര വികൃതമായി ഗോപാൽ ഇതിനു മുമ്പൊരിക്കലും കണ്ടിട്ടില്ല. കത്തിയെരിയുന്ന ക്രാന്തിപുരം. റിസൾട്ടറിയുന്നതുവരെ വിശേഷിച്ചൊന്നും ചെയ്യാനില്ല. തൽക്കാലം തന്റെ ഗ്രാമത്തെ രക്ഷിക്കുക തന്നെ. ഗോപാൽ ഹരിജനങ്ങളുടെ വീടുകളിൽ കയറിയിറങ്ങി. അവർക്ക് ക്രമേണ അവനിൽ വിശ്വാസമായി. കുട്ടികൾ പട്ടിണി കിടന്നു വിശന്നു മരിച്ചപ്പോൾ ഗോപാൽ അവരെക്കൂട്ടി റാംസിംഗിന്റെ വസതിയിൽ ചെന്നു. എതിർപ്പുകൾ വകവയ്ക്കാതെ കുളത്തിൽ നിന്നും വെള്ളം മുക്കി. അതൊരു വലിയ സംഭവമായിരുന്നു. റാംസിംഗിനെയും രത്തൻസിംഗിനെയും ജ്വലിപ്പിച്ച സംഭവം. രണ്ടുദിവസം കഴിഞ്ഞപ്പോൾ ശരിക്കും മഴപെയ്തു. ഭൂമി തണുത്തു. കൃഷിപ്പണികൾ ആരംഭിച്ചു. ഗോപാൽ അവരെ പഠിപ്പിക്കുന്നുണ്ട്; എന്നും വൈകുന്നേരങ്ങളിൽ. വെറും അക്ഷരമല്ല, പാട്ടും കഥയും. അതാ കേട്ടില്ലേ?

പാട്ട്— അരുതരുതേയെന്റെ സോദരരേ- നിങ്ങൾ
അജ്ഞതയേപുണരരുതിനിയും
ജീർണിച്ച വിശ്വാസങ്ങൾ ഭരിക്കും- നിങ്ങളെ
ജീർണതയിൽ നിന്നുണർത്താം
അടിമകളെ..... മർദ്ദിതരെ.....
അടിമകളെ മർദ്ദിതരേ നിങ്ങളെ
ചൂഷണത്തിൽ നിന്നകറ്റാം.
(അരുതരുതേ...)

പറച്ചിൽ— അവരുടെ കുടിലുകളിൽ വച്ചുതന്നെ രാത്രികാലങ്ങളിൽ ഈ അനൗപചാരിക വിദ്യാഭ്യാസ പരിപാടി തുടർന്നുവന്നു. അതിന്റെ ഫലവും പെട്ടെന്നുണ്ടായി. അവർക്കു തങ്ങൾ മനുഷ്യരാണെന്നു തോന്നിത്തുടങ്ങി. ആദ്യമായവർ കൂലിചോദിച്ചു. നാരായണനാണു കൂലി ചോദിച്ചത്. ഈ വാർത്ത റാംസിംഗിനെ നടുക്കി. പാടത്തു പണിയെടുക്കുമ്പോഴും അവരുടെ പാട്ടുകേട്ടില്ലേ?

പാട്ട്— കേക്കുന്നൊരു തേരുവന്നെ
തെയ്യത്തോം പാടിവന്നേ
കുംഭകുലുക്കി തമ്പ്രാൻ വന്നേ
ചെളികലക്കി തെനവിതച്ചേ
തെനവിളഞ്ഞേ പങ്കുവെച്ചേ
പതിരാണേ കിടച്ചതെല്ലാം
തെനയെല്ലാം കൊണ്ടുപോയേ
തെനക്കുപോയേ തല്ലു കിട്ട്യേ
പതിരാണേ കിടച്ചതെല്ലാം.........

പറച്ചിൽ— ഈ നീക്കങ്ങൾ സെമീന്ദാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഗോപാൽ പാറ്റ്നയിലേക്കു പോയി. ആയിടക്കാണതു സംഭവിക്കുന്നത്. പതിവുപോലെ രത്തൻസിംഗ് മദ്യപിച്ച് തന്റെ കൂട്ടാളികളുമൊത്ത് നാരായണന്റെ കുടിലു പൊളിച്ച് അകത്തുകടന്നു. ഭാര്യ ഗൗരിയെ കടന്നുപിടിച്ചു. തന്റെ ക്രൂരവിനോദത്തിനു തുനിഞ്ഞു. അവൾ അടുത്തു കിടന്ന വെട്ടുകത്തിയെടുത്തൊരൊറ്റ വെട്ട്! ഭാഗ്യമോ, നിർഭാഗ്യമോ രത്തൻസിംഗ് മരിച്ചില്ല. മുറിവേറ്റ ആ സിംഹം അവിടം വിട്ടോടി. ക്രാന്തിപുരം ഒന്നു കുലുങ്ങി. ഒരു ചെറുമിക്കിത്ര ധിക്കാരമോ? ഗൗരി ഒളിവിലാണ്. രത്തൻസിംഗ് ആശുപത്രിയിലാണ്. എന്തും സംഭവിക്കാം. അവരെല്ലാം ഭയന്നു വിറച്ചു കഴിയുകയാണ്. ഗോപാൽ സ്ഥലത്തില്ല. രത്തൻസിംഗും കൂട്ടാളികളും രഹസ്യമായി പരിപാടി തയ്യാറാക്കി. അന്നൊരു രാത്രിയിൽ, അർധരാത്രിയിൽ അതിദാരുണമായ ആ സംഭവം നടക്കുന്നു.

പാട്ട്— കുന്തം വാളും വടികളും കൈകളിൽ
പന്തം എന്നിവയൊക്കെയെടുത്ത്
വന്നിടുന്ന വിടേക്കധികം ജനം
ഒന്നായാർത്തു തകർത്തു മുടിച്ചു.

പറച്ചിൽ— അവർ ഹരിജൻ കുടിലുകൾ വളഞ്ഞു. ആകെ തീയിട്ടു. കണ്ണിൽ കണ്ടതൊക്കെ തല്ലിത്തകർത്തു. ഉറങ്ങിക്കിടന്ന മനുഷ്യരും മൃഗങ്ങളും ഒപ്പം വെന്തുകരിഞ്ഞു. അട്ടഹാസങ്ങളും ആർത്തനാദങ്ങളും മുഴങ്ങി. മനുഷ്യമാംസം കരിഞ്ഞ ഗന്ധം അന്തരീക്ഷത്തിലാകെയുയർന്നു.

പാട്ട്— കഷ്ടമാദുഷ്ട മൃഗങ്ങൾ ചുട്ടുകരിച്ചിതാ

ആരോരുമില്ലാത്ത പാവങ്ങളെ
ആ ഭീകരമാം രാത്രി
നരവേട്ടക്കോ സാക്ഷി
നരമാംസമെരിഞ്ഞുയരും
പുകഗ്രാമത്തെ മൂടി
വേട്ട മൃഗങ്ങൾ തന്റെ സംഹാരതാണ്ഡവം
ഗ്രാമഹൃദയത്തെ ചതച്ചരച്ചു

പറച്ചിൽ— 1980 ഫെബ്രുവരിയിൽ അതു നടന്നു. അനേകർ മരിച്ചു. അവശേഷിച്ചവർ പലരും അവിടം വിട്ടോടിപ്പോയി. എങ്ങും ശ്മശാനമൂകത. രത്തൻസിംഗ് ആശുപത്രിവിട്ടു. സുഖമായി അവിടൊക്കെ കറങ്ങി. ഇനിയും കുറ്റവാളികളെ പിടികൂടിയിട്ടില്ല. നിയമപാലകർ വന്നു ചോദ്യം ചെയ്തത് പാവം ഹരിജനങ്ങളെയാണ്. കുറ്റം ചെയ്തവർ പലരും സ്വതന്ത്രമായി വിഹരിക്കുന്നു. വാർത്തയറിഞ്ഞ ഗോപാൽ അവിടെ പാഞ്ഞെത്തി. അവശേഷിച്ചവർക്ക് ധൈര്യം പകർന്നു. ഭയന്നോടിയവരെ മടക്കി വിളിച്ചു. അവർ ഗോപാലിന്റെ പിന്നിൽ അണിനിരന്നു. അതാ ഒരു ശക്തിപ്രകടനം. അവരൊരു മഹാപ്രവാഹമായി നീങ്ങുന്നു.

പാട്ട്— ഉണരുവിൻ ഉണരുവിൻ ഉണരുവിൻ സോദരരെ
അണികളായണികളായ് അക്ഷൗഹിണിയായ്
പതിതരെ പീഡിതരെ ബന്ധിതരെ ദു:ഖിതരെ
ഉറങ്ങുമുജ്ജ്വല ശക്തികളെ......
(ഉണരുവിൻ)

## ഗലീലിയോ

**ഗാനങ്ങൾ :വയലാർ രാമവർമ,**
**പി.കെ. തങ്കപ്പൻപിള്ള**

പാട്ട് ഉണരുവിനുണരുവിനു—
ലകിൽ പുതിയൊരു
പുലരി വരുത്താം ശാസ്ത്രയുഗത്തിൽ
അന്ധത നീക്കുവിൻ, അറിവുകൾനേടി
ചിന്തിക്കുക നവയുഗമുണ്ടാക്കാൻ
അറിവിന്നുറവിടമുലകിൽ അക്ഷര—
മറിയാത്തവരുണരട്ടെ പഠിക്കാൻ
(ഉണരുവിൻ)
വ്യർഥമാക്കിക്കളയാതെ മർത്ത്യ
ന്റെയധ്വാനത്തെയുക്തമാക്കാൻ
വന്നിടട്ടെ നമുക്കുതെളിഞ്ഞൊരു
പൊന്നുഷസ്സിന്നു ശാസ്ത്രത്തിലൂടെ
മണ്ണിൻ മക്കടെയന്ധ വിശ്വാസങ്ങൾ
ഇന്നു നീക്കി മുന്നേറണം നമ്മൾ
(ഉണരുവിൻ)
ഭാഷ നല്ല മലയാളമാക്കി ഭാഷിക്കണം ഭരണത്തിലെന്നും
മണ്ണിൽ പൊന്നാക്കുമിക്കേരളത്തെ നന്നാക്കാൻ
ജനമൊന്നായുയരാൻ
നന്നായ് ശാസ്ത്രസാഹിത്യ പരിഷത്തിൽ
ഒന്നായ് നിന്നവകാശം മുഴക്കാം
(ഉണരുവിൻ)

പറച്ചിൽ— സ്നേഹിതന്മാരെ, ഞാനിവരോടൊരു കഥ പറയാൻ പോകുകയാണ്. ഈ കഥ നടക്കുന്നത് ഇന്നോ ഇന്നലെയൊ അല്ല. പതിനാറാം നൂറ്റാണ്ടിൽ ഇറ്റലിയിൽ നടന്ന ഒരു ചരിത്ര സംഭവമാണ് നമ്മുടെ കഥയുടെ വിഷയം. സുഹൃത്തുക്കളെ, നമുക്ക് ഇറ്റലിയിലേക്ക് പോകാം. സമയം രാത്രി. ഇറ്റലിയിലെ ഒരു രാജവീഥിയിലാണ് നാം ചെന്നു നിൽക്കുന്നത്.

പാട്ട്— ഇരവിൽ നിലാവിൻ കരുന്നുപൂത്തോ-

രിരവിലിറ്റാലിയൻ രാജവീഥി
കുളിരിളം മഞ്ഞിൽ കുളിച്ചിരുന്നു
പുളകങ്ങൾ പൂവാട നെയ്തിരുന്നു,
നറുവെളിച്ചത്തിൻ തരംഗിണിയിൽ
ഒഴുകുന്ന പച്ചിലത്തോണിപോലെ
വിടരുന്ന മാനത്തെ പൂവുകൾക്കും
വിളയുന്ന മണ്ണിൻ തുടിപ്പുകൾക്കും
ഇടയിൽ പുരോഹിതൻ വിശ്വശാസ്ത്ര-
ച്ചുടലയിൽ കെട്ടിയ കോട്ടപോലെ.

പറച്ചിൽ— ആ തെരുവിൽ തലയുയർത്തിപ്പിടിച്ചു നിൽക്കുന്ന നിരവധി സൗധങ്ങളിൽ ഒന്നിന്റെ മട്ടുപ്പാവിലേക്കൊന്നു ശ്രദ്ധിക്കൂ. ആരാണാ നിൽക്കുന്നത്. നീണ്ട താടിയും നീളൻ കുപ്പായവുമുള്ള ഒരു വൃദ്ധനെ നിങ്ങൾ കണ്ടില്ലെ. ആരാണയാൾ............

പാട്ട്— അറിയുകയില്ലെ ഗലീലിയോയെ
പരിവർത്തനത്തിന്റെ കാഹളത്തെ... നിങ്ങൾ
(അറിയുകയില്ലെ)

പറച്ചിൽ— അദ്ദേഹമാണ് 'ഗലീലിയോ ഗലീലി' എന്ന ഇറ്റാലിയൻ ശാസ്ത്രജ്ഞൻ. ശാസ്ത്രത്തിൽ ശാസ്ത്രീയ സമീപനം വരുത്തുവാൻ വേണ്ടി സ്വജീവിതം ബലിയർപ്പിച്ച, ചരിത്രത്തിലെ ഒരുജ്വല വെള്ളിനക്ഷത്രം. എന്നും രാത്രി നിങ്ങൾക്കയാളെ അവിടെ കാണാം.

പാട്ട്— ഒരു കുഴൽ ചില്ലുമായ് സൗരയൂഥ
ത്തെരുവിലലയും മിഴികളോടെ
നഗരമുറങ്ങിക്കിടന്നിടുമ്പോൾ
അവിടെ ഗലീലിയോ നിന്നിരുന്നു
(ഒരു കുഴൽ)

പറച്ചിൽ— ആയിടയ്ക്കു കണ്ടുപിടിച്ച ദൂരദർശിനിയെന്ന ഉപകരണത്തിന്റെ സഹായത്തോടെ അദ്ദേഹം പല നൂതന സത്യങ്ങളും കണ്ടെത്തി. അവ സധൈര്യം വിളിച്ചു പറഞ്ഞു. അതിലേറ്റവും പ്രധാനപ്പെട്ടത്—

പാട്ട്— തിരിയുന്നു നിശ്ചലം നി-
ന്നെരിയുന്ന സൂര്യന്റെ ചുറ്റുമായി
കതിരവ മണ്ഡലം നീങ്ങിയിട്ടി—
ല്ലിതുവരെ ശാസ്ത്രം നുണ പറഞ്ഞു.

പറച്ചിൽ— ഈ പ്രഖ്യാപനം ഇറ്റലിയിൽ വലിയ ചലനം സൃഷ്ടിച്ചു. അന്നുവരെ വിശ്വസിച്ചിരുന്ന പ്രമാണങ്ങൾക്ക് വിരുദ്ധമായിരുന്നു അത്. പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയല്ലെന്നു പറയുവാൻ ഇവനിത്ര ധിക്കാരമോ? ഇവൻ പുറത്താക്കിയ കോപ്പർ നിക്കസിനെ കോപ്പർനിക്കസിന്റെ സിദ്ധാന്തങ്ങളെ  പിന്തുടരുന്നു.

പാട്ട്— അതുകേട്ടു ഞെട്ടിപ്പകച്ചുപോയി
മതവും കിരീടവും പള്ളികളും.
(അതുകേട്ടു)

പറച്ചിൽ— അന്ധവിശ്വാസത്തിന്റെ തിമിരം ബാധിച്ച അന്നത്തെ പുരോഹിത വർഗം, തികഞ്ഞ മതവിശ്വാസിയായിരുന്നിട്ടും ഗലീലിയോയെ വെറുതെ വിട്ടില്ല. അധികം താമസിയാതെ അവർ ഗലീലിയോവിനെ പിടികൂടി. ഗലീലിയോ തന്റെ തീരുമാനം മാറ്റാഞ്ഞതാണ് കാരണം. സുഹൃത്തുക്കളെ, ഇനി നമുക്ക് ആ വീഥിയിലൂടെ നടന്ന് മറ്റൊരു രംഗത്തേക്ക് പോകാം. അതാ, അകലെ അംബരചുംബിയായി കുരിശും ചൂടിനിൽക്കുന്ന പള്ളി കണ്ടില്ലെ. പള്ളിയുടെ ഇടതു ഭാഗത്തായി ഒരു കൊട്ടാരം. അത് അരമനയാണ്.  കർദിനാൾബല്ലാർമിന്റെ അരമന. എന്താണവിടെയൊരു ആൾക്കൂട്ടം? ഒരു കുറ്റവാളിയെ വിസ്തരിക്കുകയാണെന്നു തോന്നുന്നു. ആളുകളുടെ ഇടയിൽക്കൂടി അടുത്തേക്ക് ചെല്ലാം. ആരാണു കുറ്റവാളി? എന്ത്? ഗലീലിയോ?

പാട്ട്— പഴയ പീലാത്തോസിൻ കോടതിയിൽ
പതറാതെ ക്രിസ്തുവിൻ നിൽപ്പുപോലെ
അകലെ ഇരുമ്പഴി കൂട്ടിൽ നിൽപ്പാ-
ണവരുടെ മുമ്പിലക്കുറ്റവാളി

പറച്ചിൽ— പുരോഹിതന്മാർ ഒന്നടങ്കം ആവശ്യപ്പെട്ടു ഗലീലിയോ, നീ നിന്റെ വഴിപിഴച്ച സിദ്ധാന്ത

ങ്ങൾ ഉപേക്ഷിക്കണം. മകനേ, വിശ്വാസപ്രമാണങ്ങൾ ലംഘിക്കരുത്. പറയുന്നതനുസരിക്കൂ.... തികച്ചും നിർവികാരനായി ഗലീലിയോ പറഞ്ഞു....

പാട്ട്— ഒരു കർദിനാളല്ല കുറ്റപത്രച്ചുരുളുമായ്
ആയിരം കർദിനാൾമാർ ഒരുമിച്ചു വന്നാലും
ഭൂമിചുറ്റിത്തിരിയും ദിവാകരമണ്ഡലത്തെ—

പറച്ചിൽ— "ഈ ധിക്കാരം പൊറുക്കാനാവില്ല. ഇവനെ തടവിലാക്കൂ." അവർ ഗലീലിയോവിനെ വീട്ടു തടങ്കലിലാക്കി രണ്ടാഴ്ച കഴിഞ്ഞ് ഒരു ജൂതനെ വിട്ടു, അയാൾ രഹസ്യമായി ഗലീലിയോവിനോടു പറഞ്ഞു........

പാട്ട്— വെറുതെവിടാം നിന്നെ, നിന്റെ ശാസ്ത്രം
തെരുവിലെ കുപ്പയിൽ ചുട്ടെരിച്ചാൽ

പറച്ചിൽ— ഇല്ല. "എന്റെ കണ്ടുപിടുത്തങ്ങൾ വളരെ ശരിയാണ്. തെളിയിക്കപ്പെട്ടവയാണ്. അതു തെറ്റാണെന്നു തെളിയിക്കപ്പെടുന്നതുവരെ ഞാൻ വിശ്വസിക്കുക തന്നെ ചെയ്യും." വീട്ടുതടങ്കലിൽ കിടന്നു നരകയാതന അനുഭവിച്ചിട്ടും തീരുമാനത്തിനിളക്കമില്ല. ഇത് കർദിനാളിന് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം വീണ്ടും പറഞ്ഞയച്ചു:

പാട്ട്— മതമനുശാസിക്കുന്നാശയങ്ങൾ—
ക്കെതിരായി നിൻ നാവുയർന്നുപോയാൽ
വെറുതെ വിടില്ലിനി മേലിലൊന്നും
വെറുതെ ഗലീലിയോ നിന്നെ ഞങ്ങൾ

പറച്ചിൽ— ഗലീലിയോവിന് യാതൊരു കുലുക്കവുമുണ്ടായില്ല. അദ്ദേഹം തന്റെ പുതിയ കണ്ടുപിടുത്തങ്ങൾ ഒരു പുസ്തകമാക്കാനുള്ള ശ്രമമാണ്. താക്കീതുകൾ ഫലിക്കില്ലെന്നു കണ്ട് മുകളിൽ നിന്നും മാർപ്പാപ്പ ഇടപെട്ടു. അദ്ദേഹം ഗലീലിയോവിനെ തന്റെ അരമനയിലേക്ക് വിളിപ്പിച്ചു. 'ഗലീലിയോ, മകനെ, നീ നേർവഴിയിലേക്കു വരണം. നിന്റെ തെറ്റുകൾ തിരുത്തു മകനെ. ഞാൻ നിന്നെ സ്വതന്ത്രനാക്കുവാൻ പോകുന്നു. നീ അനുസരണയുള്ളവനാകൂ മകനെ'.

'പിതാവേ എനിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നുവെങ്കിൽ ഞാനങ്ങയോടൊന്നു മാത്രമേ ആവശ്യപ്പെടുമായിരുന്നുള്ളു'.

'എന്താണത്'?

'പ്രഭോ, ഈ ഭൂമിയെ സൂര്യനു ചുറ്റും തിരിയാനനുവദിക്കേണമേ' മാർപ്പാപ്പക്ക് അത് സഹിച്ചില്ല 'നീ കോപ്പർനിക്കസിന്റെ വഴി പിന്തുടരുകയാണ്. ഗലീലിയോവിന്റെ ധിക്കാരം രാജ്യം മുഴുവൻ സംസാരവിഷയമായി. വീണ്ടും വീട്ടുതടങ്കലിൽ കിടന്നു നരകയാതനയനുഭവിക്കുമ്പോഴും ഇഞ്ചിഞ്ചായി പിടഞ്ഞു മരിക്കുമ്പോഴും ആ വൃദ്ധൻ മന്ത്രിക്കുന്നുണ്ടായിരുന്നു 'എന്നാലും അത് തിരിഞ്ഞുകൊണ്ടേയിരിക്കും'.

സുഹൃത്തുക്കളെ, പതിനാറാം നൂറ്റാണ്ടിൽ ഗലീലിയോവിനെ പീഡിപ്പിച്ചത് തെറ്റായിപ്പോയി എന്ന് ഇന്നെല്ലാവർക്കും സമ്മതിക്കേണ്ടിവന്നു. കാലം തെറ്റും ശരിയും വേർതിരിച്ചു. "ആദ്യം ആരും ശ്രദ്ധിക്കുന്നില്ല." നോക്കൂ, ഒരു കവി പറഞ്ഞതെത്ര ശരി.

പാട്ട്— ഈ ശാസ്ത്രവിരുദ്ധ വ്യവസ്ഥിതിമാറ്റാൻ
ശാസ്ത്രബോധം വളരട്ടെ
സമത്വസുന്ദരമൊരു നവലോകം
പടുത്തുയർത്താൻ മുന്നോട്ട്.

(ഈ ശാസ്ത്രവിരുദ്ധ)

## ഭൂതവിളയാട്ടം

1

തികിതികിത തിത്തെയ്യോം തികിതികിത തിത്തെയ്യോം
തികിതികിത തിത്തെയ്യോം തിത്തിത്തെയ്യോം
ഭൂതം വരുന്നേ ഭൂതം വരുന്നേ
ഭൂമിയ്ക്കടിക്കൂന്നു ഭൂതം വരുന്നേ
പടിഞ്ഞാറൻ
ദിക്കീന്നു ഭൂതംവരുന്നേ
ജപ്പാനിലെ മർത്യരെ ചുട്ടുകരിച്ച

ഭസ്മവും പൂശി വരുന്നേ വരുന്നേ
പടവെട്ടി വിയറ്റ്നാം മക്കടെ ചുടുചോര
കടൽ വാരിമാറത്തണിഞ്ഞു വരുന്നേ
മാനവലോകത്തിന്റാകാശക്കോടാലി
ആണവ യുദ്ധക്കൊതിയൻ വരുന്നേ
ലോകസമാധാന വെള്ളപ്രാവിനെ
കൂരമ്പെയ്യുന്ന കിരാതൻ വരുന്നേ
ചതിയേറും ഭൂതങ്ങളായുധംവിൽക്കുവാൻ
മുതലാളിമാരായ് വരുന്നേ വരുന്നേ

**2**

തോതിന്തോ തിന്തിമിതിന്തോ തെയ്യതിമിന്താരോ
തോതിന്തോ തിന്തിമിതിന്തോ തെയ്യതിമിന്താരോ
ഉലകെല്ലാം ഞെട്ടിവിറപ്പിച്ചുടയവരീ ഞങ്ങൾ
പറയുന്നതു കേട്ടോ മർത്ത്യപ്പുഴുവേവനുമിവിടെ
ഞൊടിയിടയിൽ ചുട്ടുകരിക്കും ഭൂലോകം മുഴുവൻ
നരകീടങ്ങളെ യെതിരുണ്ടേൽ, വാ, പൊരുതാമുടനേ

**3**

നിർത്തെടാ നിർത്തെടാ നീതിയല്ലീത്തൊഴിൽ
മർത്യലോകത്തെ മുടിയ്ക്കുവാനാരെടാ
ലോകമടക്കിയിരുന്ന ബ്രിട്ടീഷ് പവൻ
പോയി നീഡോളറോ പോ പേപിശാചേ നീ
ഏഴാം പടക്കപ്പൽ കൊണ്ടുവന്നിന്ത്യയോ
ടായോധനത്തിന്നു കോപ്പിട്ട കശ്മലാ
രാസപരീക്ഷണം ഭോപ്പാലിൽ ചെയ്തു നീ
ഭാരതമക്കളെ കൊന്നൊടുക്കീലയോ
ബഹുരാഷ്ട്രക്കോട്ടകൾ കെട്ടിയീ ലോകത്തിൻ
വിരിമാറിൽ തിറയാട്ടമാടുന്ന ഭൂതമേ
ലോകം മുടിയ്ക്കുവാൻ കോപ്പിട്ട നിന്നോടു
ചോദിക്കുന്നീ ജനകോടികളീ ഞങ്ങൾ

**4**

ആരുടദ്ധ്വാനമാണീ ആയുധപ്പുര
ആരുടദ്ധ്വാനമാണായുധങ്ങൾ?
ആരിതു കണ്ടുപിടിച്ചു, ധനമിതി-
നാരുടെ കയ്യിൽ നിന്നാരുവാങ്ങി?
ആരുടെ നേർക്കാണീയായുധം ചെല്ലുന്ന-
താരാണെടുക്കുന്നതായുധങ്ങൾ?
ആരുടെ തോന്നലിനാരു ചലിയ്ക്കണം
ആരായുവിൻ നിത്യദു:ഖിതരേ?
അദ്ധ്വാനം ചെയ്യും അവശരേ
ആഗോളയുദ്ധക്കൊതിയരേ നേരിടുവിൻ
ഒത്തുപിടിച്ചുതുറുങ്കിലടയ്ക്കുവിൻ
മർത്യലോകത്തെ രക്ഷിച്ചീടുവിൻ...

**ശാന്തിഗീതം**

വേണ്ടാ ഇനി വേണ്ടാ ഇനി വേണ്ടാ വേണ്ട ഹിരോഷിമ
നാഗസാക്കി വേണ്ട വേണ്ട ശാന്തിഗായകർ നാം
അണുയുദ്ധത്തിൽ വിജയികളില്ല

അതിനന്ത്യത്തിൽ ജീവിതവും
വിജയിച്ചവരോ തോറ്റവരോ
ഈ വിറങ്ങലിച്ച കബന്ധങ്ങൾ
ഭീകരനാമീ ഭസ്മാസുരനൊരു
ഘോര തമസ്സായ് പടരുന്നു
അവനു കുറിക്കണ മന്ത്യമതിന്നായ്
പടയണി ചേരു സഹോദരരേ
ശാന്തി ഗായകർ നാം.......... (3)

അനന്തമാമീ ഗ്രഹമാലയിലൊരു
സുന്ദരഗ്രഹമീ ഭൂമി
ഒരുമിച്ചുയരാം ഒന്നായ് വളരാം
നമുക്കു പ്രിയങ്കരമീഭൂമി
ഭീകരമാമീ അണ്വാസ്ത്രങ്ങൾ
തകർത്തിടാമിനി ഭൂവിൽ ഭൂവിൽ
ശാശ്വത ശാന്തി പുലർന്നീടാൻ
മാനവത്വമുയർന്നീടാൻ
ശാന്തി ഗായകർ നാം...........(3)

## അധ്വാനം സമ്പത്ത്

(വേദിയുടെ ഒരു വശത്തുകൂടി മൂന്നു കുട്ടികൾ വരുന്നു. ഇവരുടെ ചലനങ്ങൾ പാവകളുടെ ചലനമാണ്. മറുവശത്തുകൂടി വേറെ മൂന്നു കുട്ടികൾ വരുന്നു. ഇവരുടേയും ചലനം പാവയുടേതാണ്. ആദ്യം വന്നവർ നല്ല കുട്ടികളെ സൂചിപ്പിക്കുന്നു. രണ്ടാമത് വന്നവർ മടിയൻ കുട്ടികളേയും. രണ്ടുകൂട്ടരും വേദിയുടെ വശങ്ങളിലായി ഇരിക്കുന്നു. ഗുരു വരുന്നു....കുട്ടികൾ എഴുന്നേറ്റ് വണങ്ങുന്നു. ഗുരു ആശീർവദിച്ചുകൊണ്ട് ഇരിക്കുന്നു. ഗുരുവിന്റെ ചലനവും പാവയുടേതാണ്. ഗുരു ഓലയും എഴുത്താണിയും എടുക്കാൻ കുട്ടികളോടാവശ്യപ്പെടുന്നു.)

ഗുരു : വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ മാതാവിനെ

വന്ദിപ്പിൻ വരദയെ
വന്ദിപ്പിൻ ഉപാസ്യരായുള്ളോർക്കുമുപാസ്യയെ

(കുട്ടികൾ ഈ വരികൾ ശ്രദ്ധിക്കുന്നു. എന്നിട്ട് ഏറ്റുചൊല്ലുന്നു. എഴുതുന്നു. ഓലയും, ആണിയും താഴെ വെയ്ക്കുന്നു.)

ഗുരു : പ്രിയ ശിഷ്യരെ! ഇന്നു നമുക്ക് പഠിക്കാനുള്ളത് ഒരു പുതിയ പാഠമാണ്. വളരെ പ്രധാനപ്പെട്ട ഒരു പാഠം. ഞാൻ ഇരുകൂട്ടർക്കും ഓരോ പിടി ധാന്യം നൽകുന്നതാണ്. അവ ഇരട്ടിപ്പിച്ച് മാസങ്ങൾക്കുശേഷം എന്നെ വന്നു കാണണം. (ധാന്യക്കിഴികൾ ഇരുകൂട്ടർക്കും കൊടുക്കുന്നു.)

ശിഷ്യർ : ഗുരോ! ഞങ്ങൾ ഇത് എങ്ങിനെയാണ് ചെയ്യുക.

ഗുരു : അതാണ് ഇതിൽനിന്നും പഠിക്കേണ്ട പാഠം. അതിനായി നിങ്ങളുടെ അറിവും, ബുദ്ധിയും ഉപയോഗിക്കുക. വിജയീഭവ!!! (ഗുരു പോകുന്നു.)

ശിഷ്യർ : (എല്ലാവരും ഒത്തുകൂടി ആലോചിക്കുന്നു.) നമ്മളിത് എങ്ങിനെ ഇരട്ടിപ്പിക്കും? (ഓരോരുത്തരും ആലോചിക്കുന്നു. വീണ്ടും ഒത്തുകൂടുന്നു.)

നല്ല കുട്ടികൾ : ഏതായാലും വരുന്നതുവരട്ടെ! (പോകുന്നു.)

ചീത്ത കുട്ടികൾ: (വീണ്ടും ആലോചിക്കുന്നു.)

ഒരു കുട്ടി : എനിക്കൊരു ബുദ്ധി തോന്നുന്നു. (എല്ലാവരും അടുത്തേക്കു വരുന്നു.) അങ്

ഗ്രാമത്തിൽ ഒരു മന്ത്രവാദിയുണ്ട്. അയാൾ ആകാശത്തുനിന്നും ഭസ്മമെടുക്കും, ആപ്പിളെടുക്കും. നമുക്ക് അദ്ദേഹത്തെ പോയി കണ്ടാലോ? അദ്ദേഹത്തിന് ഇത് ഇരട്ടിപ്പിക്കാൻ കഴിയും.

പെൺകുട്ടി : അയാൾ ഒരു കള്ളമന്ത്രവാദിയാണെങ്കിലോ?

ഒന്നാംകുട്ടി : അല്ല, അല്ല. വരൂ നമുക്ക് പോകാം. (പോകുന്നു.)

### സീൻ II

(മന്ത്രവാദിയും ശിഷ്യനും വരുന്നു.) (മന്ത്രവാദി താടി തടവിക്കൊണ്ടിരിക്കുന്നു.)

ശിഷ്യൻ : ഹരഹരോ ഹര....ഹരഹരോ ഹരഹര....ഭക്തജനങ്ങളെ....നമ്മുടെ ദിവ്യനായ മന്ത്രവാദി ഇതാ എഴുന്നള്ളിയിരിക്കുന്നു. ഇദ്ദേഹം ആകാശത്തുനിന്നും ഭസ്മമെടുക്കും, ആപ്പിളെടക്കും. നിങ്ങൾക്ക് എന്തെങ്കിലും ചോദിക്കാനുണ്ടോ? ഉണ്ടെങ്കിൽ ഭക്തജനങ്ങൾക്ക് കടന്നുവരാം.

ശിഷ്യൻ : എന്താണ്....എന്താണ് വേണ്ടത്. (ശിഷ്യൻ രോഗിയെ സന്യാസിയുടെ അടുക്കലേക്ക് കടത്തിവിടാതെ തടയുന്നു.)

രോഗി : എനിക്ക് സന്യാസിയെ ഒന്നു കാണണം. ഞാനൊരു ഹൃദ്രോഗിയാണ്. (കാണാനനുവദിക്കുന്നു.) ഹരഹരോ ഹര....(മന്ത്രവാദിയെ കണ്ട് പ്രണമിക്കുന്നു.) ഞാനൊരു ഹൃദ്രോഗിയാണ്. അങ്ങ് ആകാശത്തുനിന്നും എടുക്കുന്ന ഭസ്മം തന്ന് എന്റെ രോഗം മാറ്റിയാലും.

(മന്ത്രവാദിയുടെ ഒരു കൈ പുറകിൽ പിടിച്ചിരിക്കുകയാണ്. ആ കയ്യിലേക്ക് പുറകിൽനിൽക്കുന്ന ശിഷ്യൻ ഭസ്മം വെച്ചുകൊടുക്കുന്നു. മന്ത്രവാദി ഓം ഹ്രീം....ഘ്രീം....ഘ്രീം....സാഹാ എന്നൊക്കെപ്പറഞ്ഞ് ഭസ്മം രോഗിക്കു കൊടുക്കുന്നു.)

രോഗി ; ഹായ്....എന്തൊരത്ഭുതം (രോഗി മന്ത്രവാദീടെ കാൽക്കൽ വീഴുന്നു. ഭസ്മം ശരീരമാസകലം പൂശുന്നു, പോകുന്നു. പോകുമ്പോൾ ശിഷ്യൻ തടഞ്ഞുനിർത്തി പണം പിടിച്ചുവാങ്ങുന്നു.)

ശിഷ്യൻ : പ്രതിഫലമല്ല....പ്രതിഫലമല്ല....സംഭാവന....സംഭാവന. (രോഗി പോകുന്നു.) ഇനി ആരെങ്കിലും വരാനുണ്ടോ? (ചീത്തക്കുട്ടികൾ വരുന്നു.)

ശിഷ്യൻ : എന്താണ്....എന്താണ്.

കുട്ടികൾ : ഞങ്ങൾക്ക് മന്ത്രവാദിയെ ഒന്നു കാണണം.

ശിഷ്യൻ : എന്താ കാര്യം....പറയൂ....

കുട്ടികൾ : ഞങ്ങളുടെ കയ്യിൽ ഒരു പിടി ധാന്യമുണ്ട്. അത് ഇരട്ടിപ്പിച്ചു കിട്ടണം. (മന്ത്രവാദി ഞെട്ടുന്നു.)

ശിഷ്യൻ : (മന്ത്രവാദിയെ ഒന്നു നോക്കുന്നു. മന്ത്രവാദി കണ്ണടച്ചു കാട്ടുന്നു.)

നിങ്ങൾക്ക് ആകാശത്തുനിന്നും ഭസ്മം വേണോ? തരാം, ആപ്പിൾ വേണോ? തരാം.

കുട്ടികൾ : ഞങ്ങൾക്ക് ധാന്യം ഇരട്ടിപ്പിക്കയാണ് വേണ്ടത്. (ശിഷ്യനും മന്ത്രവാദിയും രഹസ്യം പറയുന്നു.)

മന്ത്രവാദി : നിങ്ങൾ മറ്റെന്തെങ്കിലും ചോദിക്കൂ....

പെൺകുട്ടി : ഞാൻ പറഞ്ഞില്ലേ ഇയാൾ ഒരു കള്ളമന്ത്രവാദിയാണെന്ന്! നോക്കൂ....ഞങ്ങൾക്ക് ആകാശത്തുനിന്നും ഒരു വലിയ മത്തങ്ങ തരാമോ?

മന്ത്രവാദി : (മന്ത്രവാദി ഒരു നിമിഷം ആലോചിച്ച്) അവരെ പിടിച്ച് പുറത്താക്കൂ....(ശിഷ്യൻ പുറത്താക്കുന്നു.)

ശിഷ്യൻ : (ജനങ്ങളോട്) ഭക്തജനങ്ങളേ....മന്ത്രവാദിക്ക് ധ്യാനനിരതനാകാൻ സമയമായി. (പോകുന്നു.)

### സീൻ III

(ചീത്ത കുട്ടികൾ ക്ഷീണിതരായി പ്രവേശിക്കുന്നു. അപ്പോൾ ഒരു പലിശപ്പണക്കാരൻ വരുന്നു.)

പലിശ : ഒന്നുവെച്ചാൽ രണ്ട്....രണ്ടുവെച്ചാൽ നാല്. (ഒരു കയ്യിൽനിന്നും മറ്റേ കയ്യിലേക്ക് പണം കൊണ്ട് അമ്മാനമാടി താളത്തിൽ ചാടിച്ചാടിയാണ് ഇയാളുടെ വരവ്.) ഒന്നുവെച്ചാൽ....!!!

കുട്ടികൾ : ഹേ....പലിശക്കാരാ! ഞങ്ങളെ ഒന്നു സഹായിക്കാമോ? ഈ ധാന്യം ഒന്നിരട്ടിപ്പിച്ചു തരാമോ?

പലിശ : ഇതു പണമാണ് – പണം....ഒന്നുവെച്ചാൽ....!!! (പോകുന്നു.)

കുട്ടി 1 : അയ്യോ വിശന്നിട്ടു വയ്യ. എനിക്കിനി ഒരടിപോലും നടക്കാനാവില്ല. ഞാനിവിടെ ഇരിക്കാൻ പോകുന്നു.

പെൺകുട്ടി : ഞാനും (ഇരിക്കുന്നു.)

കുട്ടി 2 : ഞാനും (ഇരിക്കുന്നു.) (ഉറങ്ങുന്നു. കുട്ടി 1 എഴുന്നേറ്റു നോക്കുന്നു.)

കുട്ടി 1 : ഹായ് മറ്റവർ ഉറക്കമായി....ധാന്യം എടുത്തു തിന്നാം (തിന്നുന്നു.)

പെൺകുട്ടി : (ഉണർന്ന്) ങ്ഹേ!

കുട്ടി 1 : വിശപ്പ് സഹിക്കാൻ വയ്യായിരുന്നു. ഞാനത് മുഴുവനും തിന്നു. (കുട്ടി 2ഉം എഴുന്നേറ്റു.)

പെൺകുട്ടി : ഇനി ഗുരുവിനോട് നാമെന്തു പറയും?

കുട്ടി 2 : നമുക്ക് സത്യം തുറന്നുപറയാം. (മൂന്നുപേരും പോകുന്നു.)

### സീൻ IV

ഗുരു പ്രവേശിക്കുന്നു.

ചീത്ത കുട്ടികൾ വരുന്നു.

ഗുരു : നിങ്ങൾ പോയ കാര്യം എന്തായി?

കുട്ടികൾ : ക്ഷമിക്കണം ഗുരോ! ഒരുപാടു വഴികളിൽ ശ്രമിച്ചുനോക്കി. മന്ത്രവാദിക്കും, പലിശപ്പണക്കാരനും ധാന്യം ഇരട്ടിപ്പിക്കാൻ കഴിഞ്ഞില്ല. നടന്നുനടന്ന് വിശപ്പു സഹിക്കാതായപ്പോൾ ഞങ്ങളതു തിന്നു.

(നല്ല കുട്ടികൾ ചാക്കുകെട്ടുകളുമായി വരുന്നു.)

ഗുരു : ഹായ്! നിങ്ങൾക്കിതെങ്ങനെ കഴിഞ്ഞു?

കുട്ടികൾ : ഗുരോ! ഞങ്ങൾ അങ്ങ് ഗ്രാമത്തിൽ ഒരു കൃഷിക്കാരനെ ചെന്നു കണ്ടു. അയാൾ ഞങ്ങളെ സഹായിച്ചു. അങ്ങ് തന്ന ധാന്യം ഞങ്ങൾ വിതച്ചു, കഠിനമായി അധ്വാനിച്ചു. ധാന്യം ചാക്കുകണക്കിന് ഇരട്ടിച്ചു.

ഗുരു : മിടുക്കന്മാർ! ശരിയായ മാർഗ്ഗംതന്നെ (ചീത്ത കുട്ടികളെ നോക്കി) ശുദ്ധ വിഡ്ഢികളേ....മന്ത്രംകൊണ്ടോ, മായംകൊണ്ടോ ഈ ലോകത്ത് ഒന്നും നേടാൻ കഴിയില്ല. അധ്വാനിക്കണം. അധ്വാനമാണ് സമ്പത്ത്. പ്രിയ കൂട്ടുകാരേ....നിങ്ങൾ ഒരു കാര്യം മനസ്സിലാക്കുക, അധ്വാനമല്ലാതെ പുരോഗതിക്ക് മറ്റു മാർഗ്ഗങ്ങളില്ല. (സ്റ്റിൽ).

## ഹിരോഷിമ

എം. കൃഷ്ണൻകുട്ടി

താളം

കോറസ് (10–12 പേർ, പെൺകുട്ടികൾ അടക്കം) അരങ്ങിന്റെ പിൻഭാഗത്ത് പുറംതിരിഞ്ഞ് നിൽക്കുന്നു. മദ്ധ്യത്തിൽനിന്ന് നരേറ്ററും രണ്ടറ്റങ്ങളിൽനിന്ന് കോറസിലെ ഓരോരുത്തരും മുന്നോട്ട് വരുന്നു. മൂവരും ഒന്നിച്ച് രംഗത്തിന്റെ മുൻഭാഗത്ത് നടുവിൽ വന്നു നിൽക്കുന്നു. നരേറ്റർ നടുവിൽ. മറ്റു രണ്ടു പേരും ഇരുവശത്തും. അവർ ഒരു വെളുത്ത തുണികൊണ്ട് മറച്ചാണ് നരേറ്ററെ ആനയിക്കുന്നത്. രംഗത്തിന്റെ മുന്നിലെത്തിനിന്ന് മെല്ലെ വെളുത്ത തുണി താഴേയ്ക്ക് ഇടുന്നു. താളം നിൽക്കുന്നു. ഒരു നിമിഷത്തെ നിശ്ശബ്ദത.

നരേറ്റർ : ഹിരോഷിമ – ചരിത്രത്തിന്റെ നാൽക്കവലയിൽ വെളുത്ത ശവക്കച്ചയണിഞ്ഞ് മനുഷ്യരാശിയെ തുറിച്ചുനോക്കുന്ന ഹിരോഷിമ. യുദ്ധദുർമോഹികളുടെ നരകപാപത്തിന്റെ കറുത്ത രക്തസാക്ഷി. കാലത്തിന്റെ നെറുകയിൽ ഒരു ഉണങ്ങാത്ത വ്രണം.

(പെട്ടെന്ന് മുട്ടുകുത്തി ഇരുന്ന് ഒരു കൈ പിന്നിൽ നിൽക്കുന്ന കോറസിനു നേർക്ക് ചൂണ്ടി ഉറക്കെ ഒരാക്രോശംപോലെ) ഹിരോഷിമ.

കൂടെയുള്ളവരും അതുപോലെ വിരൽചൂണ്ടി ഇരുന്നു. കോറസ് 'ആ–' എന്ന് നിലവിളിച്ച് പല രൂപത്തിൽ മുറിവേറ്റവരായും മരിച്ചവരായും ഒരു നിശ്ചലദൃശ്യം പിൻനിരയിൽതന്നെ.

നരേറ്റർ : (പാടിക്കൊണ്ട് എഴുന്നേൽക്കുന്നു.)

ഹിരോഷിമ ഇത് ഹിരോഷിമ
ഹിരോഷിമ ഇത് ഹിരോഷിമ
കോറസ് പാടിക്കൊണ്ട് നേരെ നിൽക്കുന്നു-നരേറ്റർക്കൊപ്പം നിന്നവർ പുറകിൽ ചെന്നു ചേരുന്നു.

നരേറ്റർ : യുദ്ധത്തിന്റെ കൊടുംതീയിൽ
കത്തിയമർന്ന ഹിരോഷിമ

(കോറസ് ഏറ്റുപാടുന്നു)

ആറ്റംബോംബിൻ കരാളദംഷ്ട്രം
കടിച്ചുകീറിയ ഹിരോഷിമ

(കോറസ് ഏറ്റുപാടുന്നു)

ഹിരോഷിമ-ഇത് ഹിരോഷിമ-
ഹിരോഷിമ....

(ശബ്ദം താഴ്ന്നുവരുന്നു.)

നരേറ്റർ : 1945 ആഗസ്റ്റ് 6-രണ്ടാം ലോകമഹായുദ്ധം അതിന്റെ എല്ലാ ബീഭത്സഭാവങ്ങളോടെ ചുടല നൃത്തം ചവിട്ടുമ്പോൾ ഏതു നിമിഷവും തങ്ങളുടെ നാടിനുമേൽ ഒരു നടുക്കംപോലെ വീണ് ചുട്ടെരിക്കുന്ന ബോംബുകളെ പ്രതീക്ഷിച്ച് കഴിയുന്ന ഹിരോഷിമയിലെ സാഞ്ചുവോ പാലത്തിനടുത്ത് അതാ ഒരു കൊച്ചുപെൺകുട്ടി (നരേറ്ററും ഗ്രൂപ്പും വന്നപോലെ പുറകോട്ട് പോകുന്നു.)

ഗായകൻ: ലോകത്തിൻ താമസഭാവങ്ങൾ
നേരിട്ടറിയാത്തൊരു ലോല-അതിലോല

(ഒരു പെൺകുട്ടി തുള്ളിച്ചാടി വരുന്നു-

തുമ്പിയെ പിടിക്കാൻ ശമിക്കുന്നു.)

ഒരു പൂവിതൾപോൽ ഇരുളിൻ തൊണ്ടയിൽ
ഒരു കുഞ്ഞുനിലാവവൾ ലോല

അവളൊരു കൊച്ചുകിലുക്കാംപെട്ടി

കൈയിൽ പാവക്കുട്ടി

അവൾ പാവക്കുട്ടിയെ ഉറക്കുന്നു. അച്ഛൻ അവളെ താലോലിക്കുന്നു)

പണിശാലയിൽനിന്നെത്തും അച്ഛന്

അവളൊരു പ്രിയപുത്രി

(ഒരു ആൺകുട്ടി വന്ന് അവളുടെ പാവക്കുട്ടിയെ തട്ടിയെടുക്കുന്നു. എറിയാൻ ശ്രമിക്കുന്നു. വഴക്കിടുന്നു.)

കൊല്ലരുതെൻ പാവക്കുഞ്ഞിനെ

കല്ലെറിയരുതിനിയുമെറിഞ്ഞാൽ

കൊല്ലും ഞാൻ നിന്നെയും

അവളുടെ എല്ലിച്ച കരങ്ങൾ നീണ്ടു. ഇരുവരും നിശ്ചലരായി നിൽക്കുന്നു. കുട്ടികളുടെ മറ്റൊരു സംഘം പാടിക്കളിക്കുന്നു.)

താളം

യുദ്ധവിമാനങ്ങളുടെ ഇരമ്പൽ–എല്ലാവരും പേടിച്ച് ആകാശത്തേക്ക് നോക്കി ചിതറുന്നു. താളം മുറുകി പൊടുന്നനെ നിൽക്കുമ്പോൾ സംഘം "ഹ" എന്നു നിലവിളിച്ച് പലതരത്തിൽ മരിച്ച് നിശ്ചലരായി നിൽക്കുന്നു.

ഗായകൻ: വെട്ടിത്തിളങ്ങുന്നൊരായിരം സൂര്യന്മാർ
ഉജ്ജ്വലിക്കുന്ന പ്രകാശഘോഷം

(മരണമണി മുഴങ്ങുന്നു. നരേറ്റർ തല താഴ്ത്തി വരുന്നു. വെളുത്ത തുണി ഉയർത്തിപ്പിടിച്ച് രണ്ടുപേർ തൊട്ടുപിന്നാലെ. അവർ വന്ന് ശവങ്ങളെ തുണിയ്ക്കു പുറകിലാക്കി നിൽക്കുന്നു. നരേറ്റർ മുന്നോട്ട് വന്ന്.)

യുദ്ധം തീർന്നു–ആരോ ജയിച്ചു. ആരോ തോറ്റു–പക്ഷെ ചരിത്രത്തിന്റെ നാൽക്കവലയിൽ, വെളുത്ത ശവക്കച്ചയണിഞ്ഞ്, ഹിരോഷിമ ഇന്നും കണ്ണീർ ചൊരിയുന്നു. എല്ലാ യുദ്ധങ്ങൾക്കും എതിരായുള്ള കർശനമായ താക്കീതുപോലെ, സമാധാനത്തിനുവേണ്ടിയുള്ള മനുഷ്യത്വത്തിന്റെ അവസാനത്തെ നിലവിളിപോലെ അതാ ആ ശബ്ദം നിങ്ങൾ കേൾക്കുന്നില്ലേ?

സംഘം : ഞങ്ങൾക്ക് യുദ്ധം വേണ്ട
ഞങ്ങൾക്ക് യുദ്ധം വേണ്ട

(പലതവണ ആവർത്തിക്കുന്നു. ഇടയ്ക്ക് തങ്ങളെ മറച്ചിരിക്കുന്ന വെളുത്ത തുണി പറിച്ചെടുത്തുകൊണ്ട് പുറകോട്ടായി നടക്കുന്നു. ഇടതുകൈ മുന്നിലും വലതുകൈ പിന്നിലുമായി അരുത് എന്ന ചലനത്തോടെ–പിന്നിലെത്തുമ്പോൾ പരമാവധി ഉച്ചസ്ഥായിയിൽ പറഞ്ഞുകൊണ്ട് നിശ്ചലരായി നിൽക്കുന്നു. വെളുത്ത തുണി പിടിച്ചിരുന്നവരും ഇതിൽ ചേരുന്നുണ്ട്. നരേറ്ററും.

ഗായകൻ: യുദ്ധക്കൊതിയന്മാരേ നിങ്ങൾ
പോകൂ ദൂരെ പോകൂ (കോറസ്)

വിശ്വസമാധാനത്തിൻ ഗാഥകൾ
പാടൂ നമ്മൾ പാടൂ (കോറസ്)

വെളുത്ത പ്രാവുകൾ ചിറകുകൾ വീശും
നീലാകാശം മേലെ–നമ്മുടെ
നീലാകാശം മേലെ (2)

(ഇരുകൈകളും ആകാശത്തേക്ക് ഉയർത്തി കോറസ് ഏറ്റുപാടുന്നു.)

ഹരിത സമൃദ്ധികളഴകുകൾ നെയ്യും
സുവർണ്ണ ഭൂമി താഴെ–നമ്മുടെ
സുവർണ്ണ ഭൂമി താഴെ. (2)

(ഇരുകൈകളും താഴേക്ക് നീട്ടി കോറസ്)

ഒന്നായി : യുദ്ധക്കൊതിയന്മാരേ
നിങ്ങൾ പോകൂ ദൂരെ (വിരൽചൂണ്ടി)
പോകൂ

വിശ്വസമാധാനത്തിൻ
ഗാഥകൾ പാടു നമ്മൾ
പാടൂ

ഇരുകൈകളും മുകളിലേക്ക് ഉയർത്തി, പരസ്പരം തള്ളവിരലുകൾ കോർത്ത്, മറ്റു വിരലുകൾ വീശി നിൽക്കുന്നു. നിന്നു പാടുന്നു. പാടിത്തീരുമ്പോൾ കൈകൾ ഒന്നായി താഴ്ത്തി പിന്നാക്കം പോകുന്നു.

## ശാസ്ത്രബോധം

(വിളംബരത്തിനായി രണ്ടുപേർ അരങ്ങത്ത്. ഒരുവൻ ചെണ്ടതൂക്കുന്നതായും അപരൻ 'വിളംബര ആജ്ഞ' കൈയിൽ വക്കുന്നതായും നടിക്കുന്നുണ്ട്.)

എ : മാന്യമഹാജനങ്ങളേ...

(ബി ചെണ്ടയടിക്കുന്നതായി നടിക്കുന്നു. പശ്ചാത്തലത്തിൽ ചെണ്ടനാദം)

എ : ചേരസാമ്രാജ്യകിരീടപതി രാജരാജമാന്യശ്രീ രാജ മാർത്താണ്ഡൻ ചക്രവർത്തി തിരുമനസ്സുകൊണ്ട് അറിയിക്കുന്നതെന്തെന്നാൽ...

(ചെണ്ട)

എ : ചേരസാമ്രാജ്യത്തിലെ സകലമാന ശാസ്ത്രജ്ഞന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് ഈ വരുന്ന ചിങ്ങമാസം 10-ാംനു അതിവിപുലമായ ഒരു ശാസ്ത്രസദസ്സ് നടത്തുവാൻ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിരിക്കുന്നു.

(ചെണ്ട ബി ക്രമേണ ഉറക്കം തൂങ്ങുന്നു)

എ : സദസ്സിൽ പങ്കെടുക്കുവാൻ ചേരസാമ്രാജ്യത്തിലെ എല്ലാ ശാസ്ത്രജ്ഞന്മാരോടും ചക്രവർത്തി തിരുമനസ്സ് ആവശ്യപ്പെടുന്നു.

(ബി ഉറക്കം തൂങ്ങിനിൽക്കുന്നു. എ ചെണ്ടക്കാരനെ കാൽമുട്ടുകൊണ്ടു ഇടിക്കുന്നു. ബി ഉണർന്ന് ചെണ്ടയടിക്കുന്നു.)

എ : പ്രസ്തുത സദസ്സിൽവച്ച് ചേരസാമ്രാജ്യത്തിലെ ആസ്ഥാന ശാസ്ത്രജ്ഞനെ തെരഞ്ഞെടുക്കുന്നതാകുന്നു...

(ചെണ്ടയടിച്ചു പോകുന്നു. പിന്നരങ്ങിലെത്തി രണ്ടുപേരും ചേർന്ന് ഒരു കസേര നടുവരങ്ങിൽ വയ്ക്കുന്നു. പിന്നെ ഇരുവരും നിരന്നു മുന്നരങ്ങിലെത്തി നിന്നു രണ്ടു വശങ്ങളിലേക്കും മൂന്നു നാലടി ദൂരം പോയി കുന്തമെടുത്തു മടങ്ങിവരുന്നു. പിന്നീട് പുറകോട്ടു നടന്നും കസേരയുടെ വശങ്ങളിൽ കുന്തം കുത്തിനിർത്തി കാവൽ നില്ക്കുന്നു. നിശ്ചലർ...നാലു ശാസ്ത്രജ്ഞർ വേദിയുടെ ഇടതുവശത്തുകൂടി വന്ന് അരങ്ങിൽ നാലു മൂലയിൽ ചിതറി നിന്നു കുശലം അന്വേഷിച്ചു സംഭാഷണം നടത്തുന്നു.)

എ : ആസ്ഥാന ശാസ്ത്രജ്ഞനായി തെരഞ്ഞെടുക്കപ്പെടുന്നവൻ ഭാഗ്യവാൻ...

ബി : തെരഞ്ഞെടുക്കപ്പെടുന്ന ആൾക്ക് പ്രതിമാസം പതിനായിരം രൂപ ശമ്പളം...കൂടാതെ ഗവേഷണം നടത്താൻ ഒരു ലബോറട്ടറിയും...തലസ്ഥാന നഗരിയിൽ വീടും കാറും ഒക്കെ കൊടുക്കുമത്രെ.

സി : എങ്ങനെയാണു തെരഞ്ഞെടുപ്പ്? ചക്രവർത്തിക്കു ഇഷ്ടപ്പെട്ട ഒരാളെ നിശ്ചയിക്കയാണോ?

ഡി : ആർക്കറിയാം...! ചക്രവർത്തി തിരുമേനിയാണു തെരഞ്ഞെടുക്കുന്നതെങ്കിൽ അതിനെന്തെങ്കിലും അടിസ്ഥാനം കാണും. തോന്നിയ മാതിരി ആരെയെങ്കിലും നിയമിക്കുന്ന ആളല്ല തിരുമേനി..അതാ ചക്രവർത്തി തിരുമനസ്സ് എഴുന്നള്ളുന്നു...

പാറാവുകാരൻ : ചേരസാമ്രാജ്യകിരീടപതി രാജമാർത്താണ്ഡൻ ചക്രവർത്തി തിരുമനസ്സ് ഇതാ എഴുന്നള്ളുന്നു. എഴുന്നള്ളുന്നു. (പശ്ചാത്തലത്തിൽ ചെണ്ട, ഇലത്താളം ഇവയുടെ മേളത്തിനനുസരിച്ച് ചക്രവർത്തി അരങ്ങത്തെത്തി ചുറ്റിനടന്ന് കസേരയിൽ ഇരിക്കുന്നതോടെ താളം നില്ക്കുന്നു.)

എല്ലാവരും : ചക്രവർത്തി തിരുമനസ്സ് നീണാൾ വാഴട്ടെ ശാസ്ത്രം വിജയിക്കട്ടെ... (വണങ്ങുന്നു.)

ചക്ര : നമ്മുടെ ക്ഷണം സ്വീകരിച്ച് ഈ ശാസ്ത്രസദസ്സിൽ പങ്കെടുക്കാനെത്തിയ എല്ലാ ശാസ്ത്രജ്ഞന്മാരേയും നാം അഭിവാദ്യം ചെയ്യുന്നു....നമുക്കറിയാം...ഇതു ശാസ്ത്രത്തിന്റെ യുഗമാണ്. പരിഷ്കൃതരാജ്യങ്ങളൊക്കെ ഇന്നത്തെ നിലയിലായത് ശാസ്ത്രവും സാങ്കേതിക

വിദ്യയും പ്രയോജനപ്പെടുത്തിയാണ്. ശാസ്ത്രപുരോഗതിയിൽ കൂടിയല്ലാതെ സാമൂഹ്യ പുരോഗതി കൈവരിക്കാനാവില്ല. ചേരസാമ്രാജ്യത്തിൽ ശാസ്ത്രപുരോഗതി ഉറപ്പുവരുത്താനുള്ള വിപുലമായ പരിപാടികൾ ആവിഷ്ക്കരിക്കാൻ നാം തീരുമാനിച്ചിരിക്കുന്നു... അതിനുള്ള തുടക്കമായാണു ശാസ്ത്രജ്ഞരായ നിങ്ങളെ ഇവിടെ ക്ഷണിച്ചുവരുത്തിയത്.

എ : ചക്രവർത്തി തിരുമേനി വിജയിച്ചാലും...ജീവിതകാലം മുഴുവൻ ശാസ്ത്രം കൈകാര്യം ചെയ്തവരാണ് ഞങ്ങൾ...

ബി : ശാസ്ത്രപുരോഗതിക്കായി എന്തും ചെയ്യാൻ ഞങ്ങൾ തയ്യാറാണ്.

സി : ശാസ്ത്രവളർച്ചയിൽക്കൂടി മാത്രമേ ജനങ്ങളുടെ അന്ധവിശ്വാസം അകറ്റാൻ കഴിയൂ...

ഡി : ഭാവിയിലേക്കുള്ള പാത ശാസ്ത്രത്തിൽക്കൂടിയാണ്...

ചക്ര : മഹാശാസ്ത്രജ്ഞന്മാരായ നിങ്ങളുടെ ഉപദേശനിർദ്ദേശങ്ങൾക്കു നന്ദി...ചേരസാമ്രാജ്യത്തിന്റെ ശാസ്ത്രീയവും സാങ്കേതികവുമായ വളർച്ചക്കു നേതൃത്വം നല്കുവാൻ നമുക്ക് ഒരു നേതാവിനെ വേണം...ഈ ശാസ്ത്രസദസ്സിൽവച്ച് അദ്ദേഹത്തെ നിങ്ങളുടെ കൂട്ടത്തിൽനിന്നുതന്നെ തെരഞ്ഞെടുക്കാനാണ് നാം ഉദ്ദേശിക്കുന്നത്. അതിന്നായി നാം നിങ്ങളോടു ഒരു ചോദ്യം ചോദിക്കും...അതിന് ഏറ്റവും തൃപ്തികരമായി ഉത്തരം പറയുന്നയാളെ ചേരസാമ്രാജ്യത്തിലെ ആസ്ഥാന ശാസ്ത്രജ്ഞനായി നിയമിക്കും.

(പിറകോട്ടു തിരിഞ്ഞ് പോസിൽ നിശ്ചലനാകുന്നു.)

എ : എന്തു ചോദ്യമാണാവോ തിരുമേനി ചോദിക്കാൻ പോകുന്നത? തിയററ്റിക്കൽ ഫിസിക്സിൽനിന്നാണെങ്കിൽ എന്നെക്കാൾ നന്നായി ഉത്തരം പറയാൻ ആർക്കും കഴിയില്ല... (പോസ്)

ബി : സ്പെയ്സ് സയൻസിൽനിന്നായിരിക്കും ചോദ്യങ്ങൾ...അദ്ദേഹത്തിനിഷ്ടപ്പെട്ട വിഷയമാണത്...(മുന്നോട്ടു വന്ന് പോസ്).

സി : മെറ്റാഫിസിക്സിലാണ് അദ്ദേഹത്തിന് കൂടുതൽ താല്പര്യം...എങ്കിൽ ഞാൻതന്നെ... (മുന്നോട്ടു നീങ്ങി പോസ്).

ഡി : അദ്ദേഹത്തിന് താത്പര്യമില്ലാത്ത ഒരു വിഷയവും ഈ ഭൂമുഖത്തില്ല...(പോസ്).

ചക്രവ : (സദസ്സിനു നേരെ തിരിഞ്ഞ്) നാം...

(നാലുപേരും ഞെട്ടിത്തിരിഞ്ഞ് സ്വസ്ഥാനങ്ങളിലേക്കു പോകുന്നു.)

ഒരേ വലുപ്പമുള്ള രണ്ടു മത്സ്യങ്ങളെ പിടിക്കുന്നു. അതിൽ ഒന്നിനെ കൊല്ലുന്നു...ഒരേ വലുപ്പമുള്ള രണ്ടു പാത്രങ്ങൾ എടുക്കുന്നു. രണ്ടിലും നിറയെ വെള്ളമൊഴിക്കുന്നു...ചത്ത മത്സ്യത്തെ ഒരു പാത്രത്തിൽ ഇടുന്നു...ജീവനുള്ളതിനെ മറ്റേ പാത്രത്തിലും...അപ്പോൾ... ചത്ത മത്സ്യത്തെ ഇട്ട പാത്രത്തിലെ വെള്ളം കവിഞ്ഞൊഴുകി...ജീവനുള്ള മത്സ്യത്തെ ഇട്ട പാത്രത്തിലെ വെള്ളം കവിഞ്ഞൊഴുകിയില്ല...എന്തുകൊണ്ട്...എന്തുകൊണ്ട്... ഇതാണ് നമ്മുടെ ചോദ്യം...ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഒരു ദിവസത്തെ സമയം നാം അനുവദിക്കുന്നു...അപ്പോൾ നാളെ രാവിലെ ഇതേ സമയത്ത് വീണ്ടും നമുക്ക് ഇവിടെ സമ്മേളിക്കാം...

(വാദ്യങ്ങളുടെ അകമ്പടിയോടെ ചക്രവർത്തി മറയുന്നു.)

എ : ഇതാണോ ആസ്ഥാന ശാസ്ത്രജ്ഞനെ തെരഞ്ഞെടുക്കാനുള്ള ചോദ്യം? ഇത്ര നിസ്സാരമായ ചോദ്യം ചോദിച്ചു തിരുമേനി നമ്മെ പരിഹസിക്കയാണോ?

ബി : ചോദ്യം നിസ്സാരമാണെങ്കിലും...

(എ ഇതിനിടക്കുതന്നെ ഇറങ്ങിപ്പോകുന്നു.)

...ഉത്തരം കണ്ടെത്തേണ്ടേ?

സി : മത്സ്യങ്ങളെപ്പറ്റി...

(ബി ഇറങ്ങിപ്പോകുന്നു.)

...യായതുകൊണ്ട് യൂണിവേഴ്സിറ്റിയുടെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ ഒന്നന്വേഷിക്കാം...

(ഡിയെ നോക്കി പുറത്തുപോകുന്നു. ഒരു നിമിഷം കഴിഞ്ഞു ഡിയും പോകുന്നു... പാറാവുകാർ അരങ്ങിന്റെ മധ്യത്തിലൂടെ മുന്നോട്ടുവന്ന് മുന്നരങ്ങിലെത്തി ഇടത്തോട്ടും

വലത്തോട്ടും മുന്നേപ്പോലെ ചുവടുവച്ചു അരങ്ങിന്റെ അറ്റത്തെത്തി തിരിച്ചു മധ്യത്തിലെത്തി നില്ക്കുന്നു.)

പിറ്റേ ദിവസം രാവിലെ.

(പുറകുതിരിഞ്ഞ് കസേരയുടെ വശങ്ങളിലെത്തി സദസ്സിനു നേരെ തിരിഞ്ഞ് നിശ്ചലരാകുന്നു. ശാസ്ത്രജ്ഞൻ എ ഒരു പുസ്തകക്കെട്ടുമായി വന്ന് തന്റെ സ്ഥാനത്തിട്ട് ഒരു ഗ്രന്ഥമെടുത്ത് പേജുകൾ മറിച്ചുനോക്കുന്നു. തുടർന്ന് ബി യും സി യും വന്ന് അവരവരുടെ സ്ഥാനത്തു നില്ക്കുന്നു. എല്ലാവരും ഗ്രന്ഥങ്ങൾ പരതുകയാണ്. ഓരോരുത്തരും മറ്റെയാളെ രഹസ്യമായി ശ്രദ്ധിക്കുന്നുണ്ട്.)

എ : താങ്കൾക്കു വല്ല പിടിയും കിട്ടിയോ?

വി : ഇത് എന്റെ വിഷയമേയല്ല...സാർവദേശീയാംഗീകാരമുള്ള സ്പേസ് സയന്റിസ്റ്റായ എന്നോട് ഇത്രയും നിസ്സാരമായ ചോദ്യം ചോദിച്ചാൽ എങ്ങനെയിരിക്കും...ആനയോട് ഉള്ളിയുടെ തൊലി കളയാൻ പറയുന്ന മാതിരിയല്ലേ ഇത്. താങ്കൾക്കോ?

സി : മത്സ്യങ്ങളെ സംബന്ധിച്ച എല്ലാ ആധികാരിക ഗ്രന്ഥങ്ങളും ഞാൻ പരിശോധിച്ചു. പക്ഷെ ഒരു റഫറൻസും കിട്ടിയില്ല. ഉള്ള സമയംകൊണ്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസർ നൊട്ടൂക്കിനു ഫോൺ ചെയ്തു ചോദിച്ചു...ശരീരശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ അദ്ദേഹത്തിനുപോലും ഒരു പിടിയുമില്ല എന്നാണ് പറഞ്ഞത്...താങ്കൾക്കോ?

എ : ബോംബെയിലെ മത്സ്യശാസ്ത്രജ്ഞൻ ഡോ: ഖണ്ഡേൽക്കറുമായി ഞാനും ബന്ധപ്പെട്ടു. അദ്ദേഹത്തിനും എന്നെ സഹായിക്കാനായില്ല.

(ഡി കടന്നുവരുന്നു...വെറുംകൈയോടെയാണു വരവ്. സ്നേഹിതർ ഓരോരുത്തരും അവജ്ഞയോടെ പുറംതിരിഞ്ഞപ്പോൾ അയാൾ സ്വസ്ഥാനത്തെത്തി നിന്നു. പാറാവുകാർ സജീവമായി ചക്രവർത്തി തിരുമനസ്സ് ഇതാ എഴുന്നള്ളുന്നു. എഴുന്നള്ളുന്നു എന്ന് അറിയിച്ചു. വാദ്യമേളങ്ങളുടെ പശ്ചാത്തലത്തിൽ ചക്രവർത്തി അരങ്ങത്തെത്തി ചുറ്റി നടന്നു. കസേരയിൽ ഇരുന്നു...താളം നിലച്ചു.

എല്ലാവരും : ചക്രവർത്തി തിരുമനസ്സു നീണാൾ വാഴട്ടെ...ശാസ്ത്രം വിജയിക്കട്ടെ...(വണങ്ങുന്നു).

ചക്ര : നമ്മുടെ ചോദ്യത്തെക്കുറിച്ച് എന്തു പറയുന്നു?

എ : അങ്ങയുടെ ചോദ്യം ബ്രഹ്മാണ്ഡംപോലെ ഗഹനവും അതേസമയം ലളിതവുമാണ്.

ബി : ഇത്രയും വ്യക്തിത്വമുള്ള ചോദ്യം ആരും ഇതുവരെ ശാസ്ത്രലോകത്തിനു നേരെ തൊടുത്തുവിട്ടിട്ടില്ല...

സി : ഇത്രയും തനിമയുള്ള ചോദ്യം ചോദിക്കാൻ തിരുമേനിക്കു മാത്രമെ കഴിയൂ...

ചക്ര : നിങ്ങളുടെ പ്രശംസയ്ക്കു നന്ദി...ആരും ഉത്തരം പറഞ്ഞില്ലല്ലോ? ഉത്തരം കിട്ടിയില്ലെന്നുണ്ടോ?

(എയുടെ അരികിലേക്കു നീങ്ങുന്നു. എ...ഭയചകിതനായി ചൂളുന്നു.)

എ : ചത്ത മത്സ്യത്തിന് ജീവനുള്ളതിനാൽ...അല്ല ജീവനുള്ളതിനെക്കാൾ ആപേക്ഷികചലനം കുറവായതിനാൽ...അല്ല...കൂടു...റവായതിനാലാണ് പാത്രത്തിലെ കവിഞ്ഞൊഴുകിയ വെള്ളം...

(ചക്രവർത്തി രൂക്ഷമായി എ യെ നോക്കുന്നു. എ പേടിച്ചരണ്ടു കൈകൾ കൂട്ടിത്തിരുമ്മി പുറംതിരിയുന്നു... രാജാവ് ബിയുടെ അടുത്തേക്കു നീങ്ങുന്നു.)

ബി : തിരുമേനീ ഈയുള്ളവൻ തോൽവി സമ്മതിക്കുന്നു. അങ്ങയുടെ ചോദ്യത്തിനുത്തരം കാണുന്നത് ബ്രഹ്മത്തിന് അർത്ഥം കണ്ടെത്തുന്നപോലെ അസാധ്യമാണ്...

(നിശ്ചലനാവുന്ന ചക്രവർത്തിയും ബിയും)

ഡി : ചക്രവർത്തിയുടെ ചോദ്യം തെറ്റാണെന്നു വരുമോ?

സി : (മുന്നോട്ടു നീങ്ങി ഡി-യുടെ വാപൊത്തിപ്പിടിക്കുന്നു...)

മഹാപാപീ...രാജ്യദ്രോഹം പറയാതിരിക്കൂ...ഇതെങ്ങാനും അദ്ദേഹം അറിഞ്ഞാൽ നിന്നെ മാത്രമല്ല, നമ്മളെ മുഴുവൻ തൂക്കിക്കൊല്ലും...അല്ലെങ്കിൽ വെടിവെച്ചുകൊല്ലും...

(മെല്ലെ പിറകോട്ടു മാറി സ്വസ്ഥാനത്തു വന്നു വിറയ്ക്കുന്നു.) ചക്രവർത്തി സദസ്സിനു

നേരെ തിരിഞ്ഞശേഷം സി ക്കു നേരെ നീങ്ങാൻ തുടങ്ങുമ്പോൾതന്നെ സി തലതാഴ്ത്തി വിനയാന്വിതനാകുന്നു...)

ചക്ര : എന്താണ് നമ്മുടെ ചോദ്യത്തിന് ഭൂരിപക്ഷം പേരും ഉത്തരം പറയാത്തത്...?

ഡി : തിരുമേനീ...അങ്ങയുടെ ചോദ്യത്തിന് ഉത്തരം പറയാൻ കഴിയില്ല...ആ ചോദ്യം തെറ്റാണ്...

(ചക്രവർത്തി ക്രുദ്ധനായി വെട്ടിത്തിരിഞ്ഞു. എ, ബി, സി മൂന്നുപേരും അരങ്ങിന്റെ വലതു മൂലയിൽ മുന്നിലായി ഒന്നിക്കുന്നു. മൂന്നുപേരും വിറച്ചുകൊണ്ടിരിക്കുന്നു...കഴുത്തു തിരിച്ചു അരങ്ങിലേക്കു നോക്കുന്നുമുണ്ട്...ചക്രവർത്തി ഡി-യുടെ അടുത്തേക്ക് അടിവച്ചു...)

ചക്ര : എന്തുകൊണ്ടാണ് നമ്മുടെ ചോദ്യം തെറ്റാണെന്ന് നീ പറയുന്നത്...?

ഡി : നിറയെ വെള്ളമുള്ള രണ്ടു പാത്രങ്ങളിൽ ചത്ത മത്സ്യത്തെയിട്ട പാത്രത്തിലെ വെള്ളം മാത്രം കവിഞ്ഞൊഴുകി...എന്നല്ലേ അങ്ങു പറഞ്ഞത്...?!

ചക്ര : അതേ.

ഡി : അതു ശരിയല്ല...രണ്ടു പാത്രത്തിലെയും വെള്ളം കവിഞ്ഞൊഴുകും...

ചക്ര : അതു നിനക്കെങ്ങനെ മനസ്സിലായി...?

ഡി : അങ്ങയുടെ ചോദ്യം കേട്ട് ഇവിടെനിന്നും പോയ ഞാൻ വീട്ടിന്നടുത്ത കുളത്തിലിറങ്ങി അനേകം മത്സ്യങ്ങളെ പിടിച്ചു. അവയിൽ ഒരേ വലുപ്പമുള്ള രണ്ടെണ്ണത്തെ തെരഞ്ഞെടുത്തു...ഒന്നിനെ കൊന്നു...ഒരേ വലുപ്പമുള്ള രണ്ടു പാത്രങ്ങളെടുത്ത് രണ്ടിലും വെള്ളം നിറച്ചു. മത്സ്യത്തെ രണ്ടിനെയും ഓരോ പാത്രത്തിലെ വെള്ളത്തിലും ഇട്ടു. രണ്ടു പാത്രത്തിലെയും വെള്ളം കവിഞ്ഞൊഴുകി...അതുകൊണ്ട് അങ്ങയുടെ ചോദ്യം തെറ്റാണെന്ന് എനിക്കു ബോധ്യമായി...തെറ്റായ ചോദ്യത്തിന് ശരിയായ ഉത്തരമില്ലല്ലോ...

(ചക്രവർത്തിയുടെ കോപം ക്രമേണ മറയുകയും മുഖത്ത് പുഞ്ചിരി വിടരുകയും ചെയ്യുന്നു.)

ചക്ര : നീ പറഞ്ഞതാണു ശരി...നാം നിന്നെ അഭിനന്ദിക്കുന്നു...

(മൂവരുടെ അരികിലേക്കു നീങ്ങുന്നു...മൂവരും പൂർവ്വാധികം വിറയ്ക്കുന്നു...)

ശാസ്ത്രം എന്നാൽ മഹാഗ്രന്ഥങ്ങളിൽ എഴുതിവച്ചിരിക്കുന്നതു മാത്രം പരിശോധിക്കലല്ല...ഒരു പ്രശ്നമുണ്ടായാൽ സംശയിക്കുകയും നിരീക്ഷിക്കുകയും പരീക്ഷിക്കുകയും ചെയ്തുകൊണ്ട് സ്വയം അതിനുത്തരം കണ്ടെത്തലാണു ശാസ്ത്രം...അതു ചെയ്യുന്നവനാണു ശാസ്ത്രജ്ഞൻ...നമ്മുടെ സാമ്രാജ്യത്തിൽ അങ്ങനെയുള്ള ഒരാളെങ്കിലുമുണ്ടായതിൽ നമുക്കു സന്തോഷമുണ്ട്...ഇയാളെ ചേരസാമ്രാജ്യത്തിലെ ആസ്ഥാന ശാസ്ത്രജ്ഞനായി നാം പ്രഖ്യാപിക്കുന്നു...

ഡി : മുന്നോട്ടു നീങ്ങി കുനിഞ്ഞു വണങ്ങുന്നു. (ചക്രവർത്തി കഴുത്തിലെ മാലയൂരി ഡി-യുടെ കഴുത്തിലണിയാൻ നീങ്ങുമ്പോൾ എല്ലാവരും നിശ്ചലരാകുന്നു...താളം ഉയർന്നു താഴുന്നു...എല്ലാവരും അരങ്ങു വിടുന്നു...)

## ചോര

(എട്ടുപേർ മുന്നരങ്ങിൽ നിരന്നു നില്ക്കുന്നു. സദസ്സിനു നേരെ എല്ലാവരും ഒരുമിച്ചു മുന്നോട്ടു കുനിഞ്ഞു കൈകൂപ്പുന്നു.)

സംഘം : സഭയോർകളെ വണക്കം...മുക്കാലും മുഖ്യരായുള്ളോർ പറയുമേ, നാടകാന്തം കവിത്വം... എന്നാൽ ഇതിൽ നാടകവുമില്ല, കവിതയുമില്ല...കഥയുമില്ല, കളിയുമില്ല...അതുകൊണ്ട് കഥകളിയും അല്ല...എന്നാൽ കാര്യമില്ലേ...? ഉണ്ട്..ഉണ്ട്..കാര്യമോ നിസ്സാരവുമല്ല...അപ്പോൾ തുടങ്ങട്ടെ കാര്യവിചാരം...ചോരയുടെ കാര്യം....പേര് ചോര...ചോര...ചോര...

(പിറകോട്ടു നീങ്ങി ചിതറുന്നു. ഒരു ഫാക്ടറിയിലെ വിവിധ യന്ത്രങ്ങൾക്കടുത്തു ജോലി ചെയ്യുന്നതായി നടിക്കുന്ന സംഘം...അല്പനിമിഷങ്ങൾ കഴിഞ്ഞ് ഒരു സൈറണിന്റെ അപായസൂചകമായ മുഴക്കം ഒരാൾ ഉണ്ടാക്കുന്നു. സംഘം ജോലി നിർത്തി ശ്രദ്ധിക്കുന്നു.)

എ : എന്തോ അപകടമുണ്ടായിട്ടുണ്ടല്ലോ...

ബി : ഫാക്ടറിയിൽനിന്നാണെന്നു തോന്നുന്നു...

സി : നമുക്കങ്ങോട്ടു പോയി നോക്കാം...

(സംഘം ഇടതുവശത്തേക്കു നീങ്ങി അരങ്ങിൽ ഒരു വട്ടം നടക്കുന്നു. കൂട്ടത്തിലൊരാൾ പെട്ടെന്നു താഴെ വീണു പിടക്കുന്നു. മറ്റുള്ളവർ സദസ്സിനെ മറയാത്തവണ്ണം ആൾക്കു ചുറ്റും കൂടി ആകാംക്ഷയോടെ നോക്കുന്നു.)

ഡി : ഇതെന്തു പറ്റിയതാ...?

ഇ : യന്ത്രത്തിൽ കുടുങ്ങിയതാ...

എഫ് : ധാരാളം ചോര വാർന്നുപോകുന്നുണ്ടല്ലോ...

ജി : നമുക്കുടനെ ഇയാളെ ആശുപത്രിയിലെത്തിക്കണം...ആരെങ്കിലും പോയി ഒരു വാഹനം വിളിക്ക്...

എ : ഞാൻ പോകാം.

(ഇടതുവശത്തേക്കു മറയുന്നു. വീണയാളെ താങ്ങിയെടുക്കുന്ന സംഘം നീങ്ങാൻ തുടങ്ങുമ്പോൾ വാഹനമെത്തിയ സൂചനപോലെ ആൾ അരങ്ങിലെത്തുന്നു. സംഘം അപകടം പറ്റിയ ആളെ എടുത്ത് രംഗം വലംവയ്ക്കുന്നു. ഒരു വട്ടം പൂർത്തിയാകുമ്പോൾ പിന്നിൽ രംഗം മാറുന്നു. ഒരാൾ ഒരു കസേരയുമായി പിന്നിൽനിന്നുവന്ന് വലതു മുന്നരങ്ങിൽ വക്കുന്നു. നഴ്സ് വന്ന് അതിൽ ഇരിക്കുന്നു. മുമ്പിലെ മേശമേലുള്ള വലിയ പുസ്തകത്തിൽ എഴുതിക്കൊണ്ടിരിക്കുന്നതായി മൈം ചെയ്യുന്നു. അറ്റൻഡർ പ്രവേശിക്കുന്നു. ഇടതുവശത്തേക്കു ശ്രദ്ധിക്കുന്നു.

അറ്റൻ : ആരെയോ ഇങ്ങോട്ടു കൊണ്ടുവരുന്നുണ്ടല്ലോ...

നഴ്സ് : (ശ്രദ്ധിച്ച്) കണ്ടിട്ട് എന്തോ അപകടമാണെന്നു തോന്നുന്നു...

(രോഗിയെ താങ്ങിപ്പിടിച്ച സംഘം അരങ്ങിന്റെ ഇടതുവശത്ത് നില്ക്കുന്നു.)

നഴ്സ് : ഇങ്ങോട്ട് കൊണ്ടുവരൂ.

(സംഘം അരങ്ങിന്റെ മുമ്പിൽ വരുന്നു. രണ്ടുപേർ പിറകിൽ കാൽമുട്ടുകളും കൈകളും നിലത്തൂന്നി അല്പം വിട്ടിരുന്ന് കട്ടിൽക്കാലായി നടിക്കുന്നു. സംഘം രോഗിയുമായി കട്ടിലിന്നടുത്തെത്തുന്നു.)

നഴ്സ് : ഇവിടെ കിടത്തിക്കോളൂ...

(രോഗിയെ കട്ടിലിൽ കിടത്തി സംഘം പിന്നോട്ടു നീങ്ങി നില്ക്കുന്നു. അറ്റൻഡറും നഴ്സും സഹായിക്കുന്നു. നഴ്സ് മുറിവിലെ രക്തം തുടക്കുന്നതായി നടിക്കുന്നു. അറ്റൻഡർ സഹായിക്കുന്നു.)

നഴ്സ് : ഇതെന്തു സംഭവിച്ചതാ...?

ഒരാൾ : യന്ത്രത്തിൽ കുടുങ്ങിയതാ...

നഴ്സ് : കണ്ടമാനം ചോര വാർന്നുപോകുന്നല്ലോ...ഞാൻ ഡോക്ടറെ വിളിക്കാം...

(അകത്തു പോകുന്നു. ഡോക്ടറുമൊത്ത് തിരിച്ചുവരുന്നു. ഡോക്ടർ രോഗിയെ പരിശോധിക്കുന്നു. പോക്കറ്റിലെ പാഡിൽ മരുന്നു കുറിക്കുന്നതായി നടിച്ച് നഴ്സിനു കൊടുക്കുന്നു.)

ഡോക്ടർ : സിസ്റ്റർ...ഉടനെ ഈ ഇഞ്ചക്ഷൻ കൊടുക്കൂ...

(സിസ്റ്റർ മരുന്നെടുത്തു സിറിഞ്ചിൽ നിറച്ചു കുത്തിവെക്കുന്നതായി നടിക്കുന്നതിനിടയിൽ...)

ഡോക്ടർ : ഇതു സംഭവിച്ചിട്ട് എത്ര സമയമായി...?

ബി : അരമണിക്കൂറായിക്കാണും...

ഡോക്ടർ : ധാരാളം രക്തം നഷ്ടപ്പെട്ടിട്ടുണ്ട്. ഇയാൾക്കുടനെ രക്തം നല്കണം. ഇവിടെ ബ്ലഡ് ബാങ്കിലാണെങ്കിൽ ഒരു തുള്ളിപോലും സ്റ്റോക്കില്ല...സാരമില്ല...നിങ്ങളിലാരെങ്കിലും തയ്യാറായാൽ മതി...

സി : സാർ, ഇയാളുടെ ഗ്രൂപ്പ് എ പോസിറ്റീവാ...കാർഡ് ഞാൻ കണ്ടിട്ടുണ്ട്...

ഡി : (കൂട്ടത്തിൽ തടിച്ച ഒരാളെ തള്ളി മുന്നോട്ടു നിറുത്തിക്കൊണ്ട്) ഇയാളുടെ ചേരും...

ഇ : സാർ...എന്റെ ചോര കൊടുക്കാൻ പറ്റില്ല...

| | | |
|---|---|---|
| ഡോക്ടർ | : | അതെന്താ? |
| ഇ | : | ഈയിടെയായി എനിക്കു വല്ലാത്ത ക്ഷീണം. |
| ഡോ | : | അതു നിങ്ങളെ കണ്ടാൽത്തന്നെ അറിയാം...സുഹൃത്തേ, മനുഷ്യശരീരത്തിൽ ശരാശരി 5-5½ ലിറ്റർ രക്തമുണ്ട്. അതിൽനിന്നും 250 - 300 സിസി രക്തം നഷ്ടപ്പെട്ടാൽ ഒന്നും സംഭവിക്കില്ല. നിങ്ങൾക്ക് രക്തം കൊടുക്കാൻ കഴിയില്ലെങ്കിൽ അതു പറഞ്ഞാൽ പോരേ...? |
| | | (വേറൊരാളെ ശ്രദ്ധിക്കുന്നു...സംഘത്തിലെ ഓരോരുത്തരും പിൻവലിയുന്നു...) |
| എഫ് | : | സർ...എന്റെ ഗ്രൂപ്പ് എഫാ... |
| ഡോ | : | എഫോ...രക്തത്തിന് അങ്ങനെ ഒരു ഗ്രൂപ്പില്ലല്ലോ സ്നേഹിതാ...രക്തത്തിന് ആകെ നാലു ഗ്രൂപ്പേയുള്ളു. എ, ബി, എബി ഓ...പിന്നെ താങ്കൾക്കെവിടെനിന്നു കിട്ടി ഈ എഫ്? |
| | | (ആൾ പിന്നോട്ടു വലിയുന്നു.) |
| | | നിങ്ങൾക്കോ...? |
| | | (ഒരാളെ സംഘം മുന്നോട്ടു തള്ളുന്നു.) |
| എ | : | സർ...എന്റെ ഗ്രൂപ്പ് ആദ്യം എ പോസിറ്റീവ് ആയിരുന്നു. ഇപ്പോഴത് എ നെഗറ്റീവാ. |
| ഡോ | : | അതെങ്ങനെ? |
| എ | : | സർ...ആദ്യം താലൂക്കാശുപത്രിയിൽനിന്നു പരിശോധിച്ചപ്പോ A +ve ആയിരുന്നു...പിന്നീട് ജില്ലാ ആശുപത്രിയിൽ പരിശോധിച്ചപ്പോൾ A –ve ആയി. |
| ഡോ | : | ചങ്ങാതീ...രക്തത്തിന് അങ്ങനെ കാലുമാറുന്ന സ്വഭാവമില്ല...ആട്ടെ...തർക്കിച്ചു നില്ക്കാൻ സമയമില്ല...രോഗിക്ക് ഉടനെ രക്തം വേണം... |
| ബി | : | സർ...ഞങ്ങൾ പുറത്ത് എവിടെനിന്നെങ്കിലും... |
| ഡോ | : | എവിടെനിന്നായാലും വേണ്ടില്ല...ഉടനെ രക്തം വേണം...ഇല്ലെങ്കിൽ അപകടമാണ്...സിസ്റ്റർ...ഇയാളെ അഡ്മിറ്റു ചെയ്തേക്കൂ... |
| സി | : | സർ...ഞങ്ങൾ ഉടനെ വരാം.... |
| | | (പുറപ്പെടുന്നു.) |
| അറ്റൻ | : | എല്ലാവരും പോകണമെന്നില്ല. ഒന്നോ രണ്ടോ പേർ പോയാൽ മതി..ഇയാളെ വാർഡിലേക്കു മാറ്റാൻ ഒന്നു സഹായിക്കണം. |
| | | (ഡോക്ടറും നഴ്സും പിന്നിലെ വലതു ഭാഗത്തേക്കു പോകുന്നു. അറ്റൻഡറും മറ്റുള്ളവരും ചേർന്ന് പിന്നാലെ രോഗിയേയുമെടുത്തു നീങ്ങുന്നു. രണ്ടുപേർ പുറത്തേക്കു പോകുന്നു. അറ്റൻഡർ ഇതിലെ...ഇതിലെ എന്നു വഴികാണിച്ച് അരങ്ങ് ഒരു വട്ടം വലംവയ്ക്കുന്നു. കട്ടിലായവർ മറയുന്നു. രംഗം മാറുന്നു. വലതു മുന്നരങ്ങിൽ ഒരാൾ മദ്യപിച്ച നിലയിൽ നില്ക്കുന്നു. പിൻനടുവരങ്ങിൽ മറ്റൊരാൾ അലസനായി കൈകെട്ടി നില്പുണ്ട്. ഇടതുമുന്നരങ്ങിൽ വേറൊരാൾ ദയനീയമായി നിലത്ത് കൈയൂന്നി ഇരിക്കുന്നു. രണ്ടുപേർ ഇടതുവശത്തുനിന്നു പ്രവേശിച്ച് ഇരിക്കുന്നയാളെ മറികടന്നു മധ്യത്തിൽ നില്ക്കുന്നയാളെ ശ്രദ്ധിച്ചുകൊണ്ട് പരസ്പരം ആംഗ്യഭാവത്തിൽ തീരുമാനമെടുക്കുന്നു...അയാളെ സമീപിക്കുന്നു.) |
| ഇ | : | പിന്നേയ്...ഞങ്ങൾക്ക് അല്പം ചോര വേണം... |
| തടിയൻ | : | ചോരയോ...അതിനെന്താ....തരാമല്ലോ...പക്ഷെ ഒരു കാര്യം...എന്റെ ചോരയ്ക്ക് വില അല്പം കൂടുതലാ... |
| ഇ | : | അതെന്താ...? |
| തടി | : | ഇതേയ്...മന്ത്രിമാർ, കലക്ടർമാർ, എം.പി.മാർ, എം.എൽ.എ.മാർ തുടങ്ങിയ വി.ഐ.പി. കൾ ഉപയോഗിക്കുന്ന ചോരയാ...ഇന്നലെയും മന്ത്രിയുടെ പി.എ. വന്നിരുന്നു. |
| ഇ | : | ഇന്നലെയോ...? അപ്പൊപ്പിന്നെ ഇന്നെങ്ങനെയാ...? |
| തടി | : | അതൊന്നും നിങ്ങൾ അന്വേഷിക്കണ്ട...നിങ്ങൾക്ക് ചോര കിട്ടിയാൽ പോരേ... |
| | | (രണ്ടുപേരും കൂടിയാലോചിച്ചശേഷം.) |
| ഇ | : | ശരി...ഇവിടെ നില്ക്കൂ...ഞങ്ങൾ ഉടനെ വരാം. |
| തടി | : | ഉടനെ വരണം...ഇല്ലെങ്കിൽ ഞാനങ്ങു പോകും... |

ഇ : ഉടനെ വരാം...

(പോകുന്നു....മദ്യപാനിയെക്കണ്ട്, കൂടിയാലോചിച്ചശേഷം, അങ്ങോട്ടു നീങ്ങുന്നു.)

ഇ : ഏയ്... (തട്ടിവിളിക്കുന്നു.)

മദ്യ : ങും...എന്തു വേണം?

ഇ : ഞങ്ങൾക്കു കുറച്ചു ചോര വേണം...

മദ്യ : ചോരയോ...ഞാൻ തരാലോ...ഇത് നല്ല എ ക്ലാസ് ചോരയാ...എന്റെ ചോര കൊടുത്ത ഒരാളും ഇന്നുവരെ ങും...ങും...സംശയമുണ്ടെങ്കിൽ ആരോടെങ്കിലും അന്വേഷിച്ചുനോക്ക്...

ഇ : ശരി...ഞങ്ങളിപ്പോൾ വരാം...ഇവിടെത്തന്നെ നില്ക്കൂ...

മദ്യ : ഉടനെ വരണേ...

(രണ്ടുപേരും ചുറ്റിനടക്കുന്നു. ഇരിക്കുന്നയാൾ കൈകൊട്ടി വിളിക്കുന്നു.)

ഇരിക്കുന്നയാൾ: ഏയ്...ഒന്നു നില്ക്കണേ...നിങ്ങൾക്കു ചോരയല്ലേ വേണ്ടത്...അതു ഞാൻ തരാം...മറ്റുള്ളവർക്ക് കൊടുക്കുന്നതിലും എന്തെങ്കിലും കുറച്ചു തന്നാൽ മതി...ജീവിക്കാൻ വേറെ ഒരു മാർഗ്ഗവും ഇല്ലാഞ്ഞിട്ടാ...

ഇ : ശരി...പോകാം....(അയാളെ കൂട്ടി രണ്ടുപേരും നടക്കുന്നു. വഴിയിൽവച്ച് ഒന്നാമനേയും കൂട്ടി നടക്കുന്നു. അവസാനം മദ്യപാനിയെയും വിളിക്കുന്നു.)

നമുക്കു പോകാം...(കൈ പിടിക്കുന്നു.)

മദ്യ : എന്നെ പിടിക്കണ്ട...ഞാൻ നടന്നോളാം...

(എല്ലാവരും മുന്നോട്ടു നീങ്ങുന്നു. ഒരു വട്ടം അരങ്ങിൽ നടക്കുമ്പോൾ രംഗം മാറുന്നു. ആശുപത്രി...നഴ്സ് കസേരയിലിരുന്ന് എഴുതുന്നു. ഒരാൾ പ്രവേശിക്കുന്നു.)

എ : സിസ്റ്റർ...ആളെ കൊണ്ടുവന്നിട്ടുണ്ട്...

സിസ്റ്റർ : ശരി...വിളിക്കൂ...

(മൂന്നുപേരും ഒന്നിച്ചു കടന്നുവരുന്നു.)

സിസ്റ്റർ : ഓരോരുത്തരായി കടന്നുവന്നാൽ മതി.

(ഓരോരുത്തരായി മൂന്നുപേരുടെയും വിരലിൽനിന്നു രക്തസാമ്പിൾ എടുക്കുന്നു. ഡോക്ടർ വരുന്നു...)

ഡോ : രക്തം കിട്ടിയോ?

ബി : ആളെ കൊണ്ടുവന്നിട്ടുണ്ട്.

ഡോ : വരാൻ പറയൂ...

(സിസ്റ്റർ ഒരാളെ അയയ്ക്കുന്നു.)

ഡോ : ഏ...നിങ്ങളോ...നിങ്ങളല്ലേ ഇന്നലെ രക്തം നല്കിയത്...?

തടിയൻ : അത് ഇന്നലെയല്ലേ സാറേ...ഇതിന്നല്ലേ...

ഡോ : സ്നേഹിതാ...താങ്കൾക്കറിയാഞ്ഞിട്ടാ...പുരുഷന്മാർ മൂന്നു മാസത്തിലൊരിക്കലും സ്ത്രീകൾ നാലു മാസത്തിലൊരിക്കലുമേ രക്തം ദാനം ചെയ്യാവൂ...അല്ലാതെ ദിവസവും രക്തം ദാനം ചെയ്യാൻ പറ്റില്ല...സിസ്റ്റർ ഇയാളെ വിട്ടേക്കൂ...അടുത്തയാൾ...?

മദ്യ : (വരുന്നു. ആടുന്നുണ്ട്.)

ഡോ : നിങ്ങളോ...നിങ്ങളുടെ രക്തം വേണ്ട...ഇയാളുടെ രക്തമെടുക്കാൻ പറ്റില്ല.

എ : അതെന്താ സർ...

ഡോ : ഇയാൾ ഒരു മദ്യപാനി മാത്രമല്ല, ലൈംഗികരോഗികൂടിയാണ്...ഇയാളിവിടെ ചികിത്സയിൽ കഴിയുന്ന ആളാ...

മദ്യ : എന്തോന്നു ലൗകികം...എനിക്കോ...അത് സാറ് ചികിത്സിച്ചു മാറ്റിയാൽ പോരേ.

ഡോ : മനുഷ്യാ...ലൈംഗികരോഗികൾ, മദ്യപാനികൾ, കുഷ്ഠം, ക്ഷയം തുടങ്ങിയ രോഗങ്ങളുള്ളവർ ഇവരുടെയൊന്നും രക്തം ദാനം ചെയ്യാൻ പാടില്ല...സിസ്റ്റർ ഇയാളെ പുറത്താക്കൂ...

മദ്യ : എനിക്കെന്റെ കാശു കിട്ടണം...

സിസ്റ്റ : നിങ്ങൾ ബഹളം വയ്ക്കാതെ പോകണം.

(പുറത്താക്കുന്നു. മൂന്നാമൻ വരുന്നു. സിസ്റ്റർ കുറിപ്പു കൊടുത്ത്).

സർ, ഇയാളുടെ ഗ്രൂപ്പ് ചേരില്ല. (പോകുന്നു.)

ഡോ : (കുറിപ്പു നോക്കി) താങ്കളുടെ ഗ്രൂപ്പ് ചേരില്ല.

മൂന്നാ : ഗ്രൂപ്പോ? എനിക്കോ...സർ...ഞാനൊരു രാഷ്ട്രീയപാർട്ടിയിലും അംഗമല്ല...എനിക്കു ഒരു ഗ്രൂപ്പുമില്ല സാറേ...

ഡോ : സുഹൃത്തേ...രാഷ്ട്രീയത്തിലെ ഗ്രൂപ്പല്ല രക്തത്തിലെ ഗ്രൂപ്പ്...(കൊണ്ടുവന്നവരോട്) ഞാൻ പറഞ്ഞല്ലോ...രക്തത്തിന് ആകെ നാലു ഗ്രൂപ്പേയുള്ളു. എ, ബി, ഏബി, ഒ.

(സിസ്റ്റർ ഓടിവരുന്നു, അറ്റൻഡറും.)

സിസ്റ്റർ : സർ, ആ രോഗിക്കല്പം കൂടുതലാ...

ഡോക്ടറും സിസ്റ്ററും അകത്തേക്കോടുന്നു. (മറ്റുള്ളവരും പിന്തുടരാൻ ശ്രമിക്കുമ്പോൾ അറ്റൻഡർ തടയുന്നു.)

അറ്റ : നിങ്ങളെങ്ങോട്ടാ...നിങ്ങളാരും വരണമെന്നില്ല.

(ഡോക്ടർ മടങ്ങിവരുന്നു.)

ഡോ : നിങ്ങളാരുടെയും സഹായം ഇനി അയാൾക്കു വേണ്ട...നിങ്ങളാരും അയാൾക്കുവേണ്ടി ഇനി ബുദ്ധിമുട്ടണമെന്നുമില്ല...തക്കസമയത്ത് രക്തം നല്കാൻ നിങ്ങളാരെങ്കിലും തയ്യാറായിരുന്നെങ്കിൽ അയാൾക്ക് ഈ ഗതി വരുമായിരുന്നില്ല...

(സംഘം കുറ്റബോധത്തോടെ തല കുനിച്ചു നില്ക്കുന്നു.)

കണ്ടില്ലേ...തക്കസമയത്ത് രക്തം ലഭിക്കാത്തതുകൊണ്ട് എത്രയെത്ര രോഗികളാണ് ഇങ്ങനെ നിത്യവും മരിക്കുന്നത്...

(സദസ്സിനോട്)

ആരോഗ്യമുള്ള, രോഗമില്ലാത്ത ആർക്കും രക്തം ദാനം ചെയ്യാം...നിങ്ങളും ഇനിയെങ്കിലും രക്തം ദാനം നൽകി ഒരു സഹജീവിയെ മരണത്തിൽനിന്നും രക്ഷിക്കുക.

(എല്ലാവരും നിശ്ചലരാകുന്നു. ഒരു നിമിഷം കഴിഞ്ഞ് രംഗത്തുനിന്നും മാറുന്നു.)

# വെളിച്ചത്തിലേക്ക്

കഥാപാത്രങ്ങൾ

1. സൂത്രധാരൻ
2. ശാസ്ത്രാധ്യാപകൻ
3. മന്ത്രവാദി
4. രാഘവൻ
5. ഗോപി
6. വെള്ളകോറസ് (3 പേർ)
7. കറുത്ത കോറസ് (3 പേർ)

**പ്രാരംഭം**

[അനലംകൃതമായ രംഗവേദി ചെണ്ടവാദ്യം മുഴങ്ങുന്നു. നടൻ പ്രവേശിക്കുന്നു. മൈക്കിന്റെ മുമ്പിൽ നിലയുറപ്പിച്ച് മെലോഡ്രാമ രീതിയിലുള്ള അഭിനയം ആരംഭിക്കുന്നു.

നടൻ : പ്രിയേ..............ഞാൻ ആത്മാർഥമായി പറയുകയാണ് (കയ്യിലുള്ള സംഭാഷണമെഴുതിയ കടലാസ് സൂത്രത്തിൽ നോക്കുന്നു.) ആരെതിർത്താലും ആകാശമിടിഞ്ഞുവീണാലും ഞാനവളെത്തന്നെ കെട്ടുമെന്ന കാര്യത്തിൽ സംശയമില്ല.
(സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ : ഹേയ് എന്തുപണിയാ നിങ്ങൾ കാണിക്കുന്നത്.

നടൻ : ഞാനഭിനയിക്കുകയാണ് സാർ.

സൂത്ര : അഭിനയിച്ചു! മതി അഭിനയിച്ചതൊക്കെ. എടോ അവിടെ മേക്കപ്പൊന്നും ശരിയായിട്ടില്ല. താനങ്ങോട്ട് ചെല്ല്.
[നടൻ ഇളിഭ്യതയോടെ പിൻവാങ്ങുന്നു.]

സൂത്ര : (പ്രേക്ഷകരോട്) സുഹൃത്തുക്കളേ, ഇപ്പോഴിവിടെവന്ന് "പ്രിയേ, ആത്മാർഥമായി എന്നൊക്കെ പറഞ്ഞയാള് ഞങ്ങളുടെ നാടകത്തിലെ പ്രധാന നടനാണ്. പക്ഷെ അയാളിവിടെ പറഞ്ഞതൊന്നും ഞങ്ങളുടെ നാടകത്തിലെ സംഭാഷണങ്ങളല്ല. ഒരേ സമയം നിരവധി നാടകങ്ങളിൽ വേഷമിടുന്ന ഒരു നടനാണയാൾ. അതുകൊണ്ട് നാടകങ്ങളിലെ സംഭാഷണം പരസ്പരം മാറിപ്പറയുന്ന ഒരു സ്വഭാവമുണ്ട്. അങ്ങനെ പറ്റിപ്പോയതാണ്. പുത്തരിയിൽ കല്ലുകടിച്ചതിൽ നിങ്ങൾ ക്ഷമിക്കുക. ശരിയായ നാടകം ഉടനെ ആരംഭിക്കുന്നതാണ്.
[നടൻ കസേരയുമായി പ്രവേശിക്കുന്നു. കസേര രംഗവേദിയുടെ ഇടതുഭാഗത്ത് മുമ്പിലായി പുറം തിരിച്ചിട്ട് അതിൽ ഇരിക്കുന്നു.]

നടൻ : ശരി സാർ, എല്ലാം റെഡി. ആരംഭിക്കട്ടെ.

സൂത്ര : (അസ്വസ്ഥനായി) താനെന്താ ഈ കാണിച്ചേ. കസേര ഇവിടെയാണോ ഇടേണ്ടത്?
[പെട്ടെന്ന് നടൻ കസേരയുമായി മറുവശത്ത് എത്തി. ഇരിക്കാൻ ഭാവിക്കുന്നു.]

നടൻ : ഓ. . . . പറഞ്ഞതുപോലെ കസേര ഈ വശത്താണല്ലോ. ഒരു തെറ്റൊക്കെ ആർക്കും പറ്റും.

സൂത്ര : തന്നെക്കൊണ്ട് ഞാൻ തോറ്റു. എത്ര പ്രാവശ്യം റിഹേഴ്സൽ എടുത്തതാടോ. (കസേര രംഗമധ്യത്തിൽ സ്ഥാപിച്ചശേഷം) കസേര ഇവിയെടാ ഇടേണ്ടത്. നാം ഇവിടെ അവതരിപ്പിക്കുന്ന നാടകമേതാണ്?

നടൻ : "ചെകുത്താന്റെ നേരെ വെടിയുണ്ട".

സൂത്ര : താനിപ്പൊ എന്റെ നേരെയാണ് വെടിയുണ്ട പായിക്കുന്നത്. ശാസ്ത്രസാഹിത്യപരിഷത്തിന്റെ പരിപാടിയിലാണോ ചെകുത്താന്റെ നേരെ വെടിയുണ്ട. ഏടോ നാമിവിടെ അവതരിപ്പിക്കുന്ന നാടകം "സി. ആർ. ദാസിന്റെ വെളിച്ചത്തിലേക്ക്."

നടൻ : ഓ, വെളിച്ചത്തിലേക്ക് . . . . വെളിച്ചത്തിലേക്ക് .. . . . റെഡി ഞാനേറ്റു.

സൂത്ര : അതിലേതു വേഷമാണ് നിങ്ങളെടുക്കേണ്ടത്.

നടൻ : ആ വക്കീൽ ഗുമസ്തന്റെ വേഷം.

സൂത്ര : അതിലെവിടാഹേ, വക്കീൽ ഗുമസ്തനും പൊലീസ് ഇൻസ്പെക്ടറും.

നടൻ : പറഞ്ഞപോലെ അത് അല്ലല്ലൊ? (ചുറ്റിലും ഉള്ള ആളുകളോട്) എന്റെ വേഷമേതാ, എന്റെ വേഷമേതാ.

സൂത്ര : അവരോട് ചോദിച്ചാലെങ്ങനെയറിയും. അവര് നാടകം കാണാൻ വന്നവരല്ലേ.

നടൻ : സർ, ദയവായി ഒന്നു പറഞ്ഞുതരൂ.

സൂത്ര : തനിക്കു വയ്യെങ്കിൽ താൻ പൊയ്ക്കൊ. തന്റെ രൂപ പിടിച്ചോളൂ.

നടൻ : സർ, ദയവായി ആക്ഷേപിക്കരുത്. ഇതെന്റെ പ്രൊഫഷനെ ബാധിക്കുന്ന പ്രശ്നമാണ .

സൂത്ര : എങ്കിൽ താൻ മര്യാദക്ക് അഭിനയിക്കണം. നിങ്ങൾ വെളിച്ചത്തിലേക്ക് എന്ന നാടകത്തിലെ ശാസ്ത്രാധ്യാപകനായാണ് അഭിനയിക്കേണ്ടത്.

നടൻ : ശരി സാർ. ഇപ്പഴ് ഓർമ വന്നു. റെഡി, സാർ പൊയ്ക്കൊ.

സൂത്ര : ശരി. നാടകം തുടങ്ങുന്നതിനുമുമ്പ് രംഗത്തിന്റെ ക്രമീകരണങ്ങൾ ഒന്നു പറഞ്ഞുതരാം.

നടൻ : ശരിയാണ് ഒരു രംഗബോധം ആവശ്യമാണ്.

സൂത്ര : (രംഗത്തിന്റെ ഇടതുഭാഗത്ത് ചൂണ്ടി) ഇതാ ഇവിടൊരലമാര.

നടൻ : അലമാരവേണം. നമുക്കിതിൽ പൂക്കളും ബൊമ്മയുമൊക്കെ വയ്ക്കാം.

സൂത്ര : എടോ ഇത് ശാസ്ത്രാധ്യാപകന്റെ പുസ്താകാലമാരയാണ്.

നടൻ : ഓ, പൊത്തകാലമാര. സാർ, ഇതിൽ ആ 'ചെകുത്താന്റെ നേരെ വെടിയുണ്ട' എന്ന പുസ്തകമുണ്ടോ?

സൂത്ര : ശാസ്ത്രാധ്യാപകന്റെ പുസ്തകാലമാരയിലാണോ ചെകുത്താന്റെ നേരെ വെടിയുണ്ട. ഇതിൽ നല്ല നല്ല ശാസ്ത്രഗ്രന്ഥങ്ങളും സാഹിത്യഗ്രന്ഥങ്ങളുമാണ്.

നടൻ : ഓ നല്ല നല്ല പുസ്തകങ്ങൾ. സർ, അപ്പോളിതിൽ 'ഒരു ദേശത്തിന്റെ കഥ'യുണ്ടാവുമോ?

സൂത്ര : അതെ അങ്ങനെയുള്ള പുസ്തകങ്ങളാണ്. കണ്ടില്ലേ യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി. . . . ഇഷ്ടമുള്ള പുസ്തകങ്ങൾ എടുത്തു വായിക്കാം. ഈ ഭാഗത്ത് ഒരു കോട്ട് സ്റ്റാൻഡ്.

നടൻ : കോട്ട് സ്റ്റാൻഡ്.

സൂത്ര : എടോ, ഷർട്ടൊക്കെ തൂക്കിയിടാനുള്ള സാധനം. ഇവിടെ ഒരു മേശ. മേശപ്പുറത്തൊരു മൺകൂജ. മൺകൂജയിൽ നിറയെ വെള്ളം. കൂജക്കു മുകളിൽ ഗ്ലാസ് കമഴ്ത്തി വച്ചിരിക്കുന്നു.

നടൻ : കൂജക്കുമുകളിൽ ഗ്ലാസ് കമഴ്ത്തിവച്ചിരിക്കുന്നു.

സൂത്ര : ആവശ്യമുള്ളപ്പോൾ വെള്ളം കുടിക്കാം.

നടൻ : ശാസ്ത്രാധ്യാപകനല്ലേ, വെള്ളം കുടിക്കേണ്ടിവരും.

സൂത്ര : താനല്ലെങ്കിലും വെള്ളം കുടിക്കും. നോക്കൂ ഇവിടെയാണ് വാതിൽ.

നടൻ : പുറത്തേക്കു പോകാനുള്ള വാതിൽ.

സൂത്ര : എടോ വാതിലുണ്ടായാൽ അകത്തേക്കും വന്നുകൂടെ.

നടൻ : പുറത്തേക്കു പോകേം ചെയ്യാം അകത്തേക്കു വരികയും ചെയ്യാം.

സൂത്ര : പറഞ്ഞതൊക്കെ ഓർമ്മയുണ്ടല്ലോ.

നടൻ : ഞാനങ്ങോട്ടു പറയാം. സാറങ്ങോട്ട് കേട്ടോളൂ. ... . ശാസ്ത്രാധ്യാപകന്റെ മുറി. മൂന്നുഭാഗവും ഭിത്തി. ഇവിടെ പുസ്തകാലമാര. നല്ല നല്ല പുസ്തകങ്ങൾ. ഇവിടെ കോട്ട്സ്റ്റാൻഡ്. ദാ ഇവിടിങ്ങിനെ മേശ. മേശപ്പുറത്ത് മൺകൂജ. കൂജയിൽ തണുത്ത വെള്ളം. കൂജക്ക് മുകളിൽ ഗ്ലാസ് കമഴ്ത്തിവച്ചിരിക്കുന്നു. ഇവിടെ വാതിൽ. പുറത്തേക്ക് പോകാനും അകത്തേക്കു വരാനും.

സൂത്ര : പഠിച്ചുപോയി. . . . ശരി അങ്ങോട്ട് അഭിനയിച്ചോളൂ. ഇനി തെറ്റിക്കരുത് കേട്ടോ. ആക്ഷൻ. [സൂത്രധാരൻ മറയുന്നു. ശാസ്ത്രാധ്യാപകനായി നടിച്ച് നടൻ കസേരയിൽ ഇരിക്കുന്നു. തുടർന്ന് അലമാരയിൽനിന്നും ഒരു പുസ്തകം തിരഞ്ഞെടുത്ത് വായിക്കുവാൻ ഇരിക്കുന്നു. അൽപസമയത്തിനുള്ളിൽ വാതിലിൽ മുട്ടുകേൾക്കുന്നു. മാസ്റ്റർ എഴുന്നേറ്റ് വാതിൽ തുറക്കുന്നു. രാഘവൻ പരിഭ്രാന്തനായി കടന്നുവരുന്നു.]

മാസ്റ്റർ : എന്തുപറ്റി രാഘവാ.. . ?

[രാഘവൻ കിതക്കുന്നു. മാസ്റ്റർ ഗ്ലാസിൽ വെള്ളമെടുത്തു കൊടുക്കുന്നു.]

രാഘ : (കുടിച്ചുകൊണ്ട്) പേപ്പട്ടി. . . . നാട്ടുകാരെ പലരേ . . . . യും . . . . ക. . . . ടി. .. . ച്ചു. . . . . മാഷൊന്ന് . . . .. ഓടിവരൂ. . ..

മാസ്റ്റർ : എത്രപേർക്ക് കടിയേറ്റു?

രാഘ : കൃത്യമായിട്ട് അറിയില്ല മാഷെ. നമ്മുടെ രാജനേയും ഗോപിയേയും കുറെപ്പേരേയും കടിച്ചിട്ടുണ്ട്.

മാസ്റ്റർ : രാജനേയും ഗോപിയേയും കടിച്ചോ? നിൽക്കൂ (ഷർട്ടിട്ട് തിരിച്ചുവന്ന്) വരൂ. . . നമുക്ക് പോയി നോക്കാം.

[ഇരുവരും പോകുന്നു. സൂത്രധാരൻ കസേര എടുത്തുമാറ്റുന്നു.]

**രംഗം 2**

[വെള്ളക്കോറസ് പ്രവേശിക്കുന്നു – മുന്നൂപേർ – വെള്ള അങ്കി അണിഞ്ഞിട്ടുണ്ട്. തലയിൽ വെള്ള നാടകൊണ്ട് ഒരു കെട്ട്]

ഒന്നാ : (വലതുകൈ ഉയർത്തി ചൂണ്ടി വേദിയുടെ പിന്നിൽ മധ്യത്തിൽനിന്ന് മുന്നോട്ട് നീങ്ങിക്കൊണ്ട്)

ശാസ്ത്രം അധ്വാനം. [അതേനിലയിൽ. ഫ്രീസ്]

രണ്ടാ : (വേദിയുടെ ഇടതുവശത്തുനിന്ന് ഒന്നാമനെപോലെ കടന്നുവന്നുകൊണ്ട്) "ശാസ്ത്രം പട്ടിണി മാറ്റാൻ

[ഒന്നാമന്റെ ഇടതുവശത്ത് നിലയുറപ്പിക്കുന്നു]

മൂന്നാ : ശാസ്ത്രം രോഗം മാറ്റാൻ. (വേദിയുടെ വലതുഭാഗത്തുനിന്ന് മുൻ സൂചിപ്പിച്ചതുപോലെ കടന്നുവന്ന് ഒന്നാമന്റെ വലതുഭാഗത്ത് നിൽക്കുന്നു.)

മൂവരും : (രണ്ടുകൈയും മുകളിലേക്ക് ഉയർത്തികൊണ്ട്)

ശാസ്ത്രം ജനനൻമക്ക് (രണ്ടുകൈകളും താഴേക്ക് നിവർത്തിക്കൊണ്ട്)

ശാസ്ത്രം പൊതുനൻമക്ക് (രണ്ടാമൻ വലതുകൈയും മൂന്നാമൻ ഇടതുകൈയും ഉയർത്തി മുഷ്ടി ചുരുട്ടി 'ക്രോസ്സാ'ക്കി പിടിക്കുകയും ഒന്നാമൻ മുട്ടിൻമേൽ താണ് വലതുകൈ മുഷ്ടിചുരുട്ടി ഉയർത്തിപ്പിടിക്കുകയും ചെയ്തുകൊണ്ട്)

ശാസ്ത്രം സിന്ദാബാദ്! (ഫ്രീസ്)

[ഒരു നിമിഷംകഴിഞ്ഞ് രണ്ടാമനും മൂന്നാമനും കൈകൾ പിൻവലിക്കുന്നു. ഒന്നാമൻ എഴുന്നേൽക്കുന്നു. മൂവരും ഒരു വരിയായി വേദിയുടെ ഇടതുഭാഗത്ത്, വലതുഭാഗത്തേക്ക് നോക്കി നിൽക്കുന്നു. ഈ സമയം കറുത്ത കോറസ് പ്രവേശിക്കുന്നു. കറുത്ത അങ്കി അണിഞ്ഞ് കറുത്തനാട തലയിൽകെട്ടി, ഭസ്മംപൂശി ലൈനായി ഒരേപോലെ ചുവടുകൾ വെച്ച് കടന്നുവന്ന് ഒന്നാം കോറസിന് അഭിമുഖമായി നിൽക്കുന്നു.]

കറുത്ത കോറസ്: (മൂവരും ഇടതുകൈ ചൂണ്ടി വെള്ളകോറസിനോട്)

നിർത്തു ഹെയ്. . . . നാടിന്റെ സംസ്കാരത്തെ വെല്ലുവിളിക്കുന്നതാപത്ത്.

വെ. കോ : നിങ്ങൾ ശാസ്ത്രത്തിനെതിരോ?

ക. കോ : (പിന്നിൽ നിൽക്കുന്ന ആൾ മുന്നോട്ട് നടന്നുകൊണ്ട്)

ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബു വർഷിച്ച് ലക്ഷക്കണക്കിന് ആളുകളെ കൊന്നതാര്?

....[രണ്ടാമൻ കടന്നുവന്ന്]

കൊന്നതാര്?

[മൂന്നാമൻ കടന്നുവന്ന്]

കൊന്നതാര്?

[മൂവരും ലൈനായി പുർവസ്ഥിതിയിൽ നിൽക്കുന്നു]

വെ. കോ : (പിന്നിലുള്ള ആൾ കടന്നുവന്ന്)

കൊന്നത് കത്തി.

[രണ്ടാമൻ കടന്നുവന്ന്]

കത്തിലെ തൂക്കിലിടുകയോ?

[മൂന്നാമൻ കടന്നുവന്ന്]

വിചിത്രം.

[മൂവരും ലൈനായി പൂർവസ്ഥിതിയിൽ നിൽക്കുന്നു.]

ക. കോ : മാനുഷികമൂല്യങ്ങളെ തകർത്തത് ശാസ്ത്രം.

വെ. കോ : മനുഷ്യരുടെ പുരോഗതിക്ക് വഴിതെളിച്ചത് ശാസ്ത്രം.

ക. കോ : ശാസ്ത്രം കുഴപ്പം . . . . കുഴപ്പം . . . . . കുഴപ്പം.

വെ. കോ : ശാസ്ത്രം നന്മ. നന്മ.

[ഈ വാചകങ്ങൾ ആവർത്തിച്ചുകൊണ്ട് രണ്ടുകൂട്ടരും ശണ്ഠ കൂടുന്നു. പെട്ടെന്ന് സൂത്രധാരൻ പിന്നിൽകൂടി കടന്നുവന്ന് ഇടപെടുന്നു.]

സൂത്ര : ഹേയ്. . . . . നിർത്ത് . . . . എന്താണിത്. നിങ്ങളിവിടേയും തുടങ്ങിയോ. . . .?

[കോറസ് പിരിയുന്നു.]

സൂത്ര : (സദസ്സിനോട്) സുഹൃത്തുക്കളേ, ഇതാണ് നമ്മുടെ നാടിന്റെ സ്ഥിതി. എന്തിനും രണ്ടഭിപ്രായം. ആളുകൾ ചേരിയായി തിരിഞ്ഞുകൊണ്ട് പരസ്പരം മത്സരമാണ്. അവനവൻ പിടിച്ച മുയലിന് മൂന്ന് കൊമ്പുണ്ടെന്നുള്ള വാശിയാണെല്ലാവർക്കും. അവരവർ നിൽക്കുന്നിടത്തുനിന്നും അൽപമൊന്ന് മാറി ചിന്തിക്കുവാൻ ആരും തയ്യാറല്ല. നാടകത്തിനിടക്ക് ഞാൻ തടസ്സമുണ്ടാക്കുന്നില്ല. നാടകം തുടരുന്നു.

[കസേരയെടുത്ത് രംഗമധ്യത്തിൽ സ്ഥാപിച്ചിട്ട് പോകുന്നു.]

## രംഗം 3

[വളരെ വിഷാദത്തോടെ മാസ്റ്റർ കതകുതുറന്ന് കടന്നുവരുന്നു. ക്ഷീണം ഭാവിക്കുന്നു. ഷർട്ടൂരിയിടുന്നു. കൂജയിൽനിന്നും ജലം കുടിക്കുന്നു. ചിന്താമഗ്നനായി, കസേരയിൽ ഇരിക്കുന്നു. രണ്ടുനിമിഷം കഴിഞ്ഞ് മന്ത്രവാദി കിട്ടുആശാൻ വാതിലിൽ പ്രത്യക്ഷപ്പെടുന്നു. കൈയിൽ വടി. ചുവന്ന പട്ട് അണിഞ്ഞിട്ടുണ്ട്. ഭസ്മക്കുറി.]

കിട്ടുആശാൻ : (പിൻതിരിഞ്ഞുനിന്ന്) എടാ . . . . ചുട്ടകോഴിയെ പറപ്പിക്കുന്നവനാടാ. . ഈ കിട്ടുആശാൻ . ആയാളൊടൊന്ന് ചോദിച്ചോട്ടേ അടങ്ങു. (പെട്ടെന്ന് തിരിയുന്നു. മാസ്റ്ററെ കാണുന്നു.) അകത്തേക്കു വരാമോ മാഷെ.

മാസ്റ്റർ : (ശാന്തനായി) വരൂ. . .. ഇരിക്കൂ. . .

കിട്ടു : ഇരിക്കാനല്ല ഞാൻ വന്നത്. തന്റെ പേപ്പട്ടിവിഷം എവിടെവരെയായി.

മാസ്റ്റർ : പേപ്പട്ടി കടിച്ചവരെ കുത്തിവയ്ക്കാനുള്ള ഏർപ്പാട് ചെയ്തിട്ടാണ് വരുന്നത്.

കിട്ടു : (കോപത്തോടെ) അപ്പോൾ താനീ നാടുമുടിച്ചേ അടങ്ങൂ.

മാസ്റ്റർ : ഇപ്പോൾ വാദി പ്രതിയായോ? ആശാനെ നിങ്ങൾ ജപിച്ച വെള്ളം കുടിക്കരുത് എന്നു ഞാനാരോടും പറഞ്ഞിട്ടില്ല. പേപ്പട്ടി കടിച്ചവരെ കുത്തിവയ്ക്കണമെന്നേ പറഞ്ഞിട്ടുള്ളൂ.

കിട്ടു : കുത്തിവച്ചാൽ പേയിളകാതിരിക്കുമെന്നതിനെന്താ ഉറപ്പ്.

മാസ്റ്റർ : എന്റെ അറിവും അനുഭവവും എന്നെ പഠിപ്പിക്കുന്നതിതാണ്. പേപ്പട്ടി വിഷത്തിന് ഒരേ ഒരു ചികിത്സയേ ഉള്ളൂ. അത് കുത്തിവയ്പ്പുമാത്രമാണ്.

കിട്ടു : ഞാൻ ജപിച്ച വെള്ളം കുടിച്ചാൽ ഏതുപേയും (തീരും എന്ന് ആക്ഷൻ)

മാസ്റ്റർ : ഹേയ് ആശാനെ നിങ്ങളുടെ മന്ത്രവാദം മൂലം പേപ്പട്ടിവിഷത്തിന് ശരിയായ പ്രതിവിധി എന്തെന്ന് ജനങ്ങൾക്കറിയാൻ കഴിയുന്നില്ല.

കിട്ടു : മാഷേ, തന്റെയീ കുത്തിവയ്പ്പ് തുടങ്ങിയിട്ട് കാലമെത്രയായി. അതിന് മുമ്പിവിടെ പേപ്പട്ടി ഉണ്ടായിരുന്നില്ലേ? എന്നിട്ടാരാ മാറ്റാറ്? എന്റെ അച്ഛൻ. അച്ഛന്റെ അച്ഛൻ. അച്ഛന്റെ അച്ഛന്റെ അച്ഛൻ. അങ്ങനെ തലമുറകളായി പരമ്പര പരമ്പരയായി ഞങ്ങൾക്ക് കിട്ടിയ അദ്ഭുതസിദ്ധി. അതെവിടെ? തന്റെയീ തൂശിയെവിടെ?

മാസ്റ്റർ : നിങ്ങൾ എന്തു ഭ്രാന്തുവേണമെങ്കിലും കാണിച്ചോ? ആ രാജനെക്കൂടി കുത്തിവയ്ക്കാൻ അനുവദിക്കുമോ. . . . . ഹോ. . . ഒരു മനുഷ്യജീവനുംകൂടി . . . . .

കിട്ടു : മാഷേ . . . . ഇതൊരു വെല്ലുവിളിയാണ്. കുത്തിവയ്പ്പു കൂടാതെ തന്നെ രാജന്റെ അസുഖം ഈ കിട്ടുആശാൻ മാറ്റും. (രണ്ടുകൈകളും മുകളിലേക്കുയർത്തി ദൃഷ്ടി മുകളിലേക്ക് പായിച്ചുകൊണ്ട്) എന്റെ പരദൈവങ്ങളേ. . . . ഓം . . . . . ക്ലീം . . . . .ഹ്രീം . . . . .. രക്തേശ്വരി . . . . . ചാമുണ്ഡേശ്വരി. . . . . . കരിംകുട്ടി . . . . ഭൈരവീ.

[രണ്ടു കൈകളും ചലിപ്പിച്ച് പരദൈവങ്ങളെ ആവാഹിച്ചുകൊണ്ട് മുട്ടുമടക്കിയിരിക്കുന്നു.പെട്ടെന്ന് ചവിട്ടി എഴുന്നേറ്റ് ഉഗ്രമായ കോപത്തോടെ]

താൻ നോക്കിക്കോ. ഞാനൊരു പ്രവൃത്തി പ്രവർത്തിച്ചാൽ തന്റെ നാവ് പിന്നെ ചലിക്കില്ല. (വെട്ടിത്തിരിഞ്ഞുപോകുന്നു. എന്തോ ആലോചിച്ചിട്ടെന്നപോലെ മാസ്റ്റർ പിന്തുടരു

ന്നു. സൂത്രധാരൻ കസേര മാറ്റുന്നു.)

## രംഗം 4

[വെള്ളകോറസ് കൈയിൽ പ്ലാക്കാർഡുമായി വേദിക്കുപിന്നിൽ നിരന്നുനിൽക്കുന്നു. "ശാസ്ത്രം അധ്വാനം" "അധ്വാനം സമ്പത്ത്" "സമ്പത്ത് ജനനന്മക്ക്" എന്നീ മുദ്രാവാക്യങ്ങളിൽ ഓരോന്നും എഴുതിയ ഓരോ പ്ലാക്കാർഡുകൾ പിടിച്ചിട്ടുണ്ട്. മൂവരും ചേർന്ന് അംഗവിക്ഷേപത്തോടെ പാടിക്കൊണ്ട് നിരയായി മുന്നോട്ട് നീങ്ങുന്നു.]

മൂവരും : ശാശ്വതമൊന്നേ മാറ്റം — ഭൂമിയിൽ
ശാശ്വതമൊന്നേ മാറ്റം [2]
ഡാർവിൻ ബ്രൂണോ ഗലീലിയോ
ഐൻസ്റ്റീൻ പാസ്ച്ചർ ഖൊരാനയും [2]
മാറ്റത്തിന്റെ മഹത്വമറിഞ്ഞവർ
മാർഗം തെളിയിക്കും [2]

[താളത്തിനൊത്ത് മൂവരും ഒന്നിച്ച് വലത്തേക്ക് തിരിയുന്നു താഴെയുള്ള വരികൾ പാടിക്കൊണ്ട് മുമ്പോട്ട് നീങ്ങി വേദിയിൽ മുൻരംഗത്തിലെപ്പോലെ എതിർവശത്തേക്ക് നോക്കി നിൽക്കുന്നു.]

പുതിയൊരു ലോകം സൃഷ്ടിക്കാനായ്
പോവുക പോവുക മുന്നോട്ട്

[കറുത്തകോറസ് പാട്ടുപാടി ചുവടുവച്ച് കടന്നുവരുന്നു.]

മന്ത്രവാദം മന്ത്രവാദം
മനുഷ്യമോചന മാർഗം [2]

[ഗ്യാലർ മടിയിൽ വയ്ക്കുന്നതായി നടിക്കുന്നു. തുടർന്ന് പാടികൊണ്ട് ചുവടുവച്ച് വേദിയിൽ വലംവച്ച് വെള്ളക്കോറസിനഭിമുഖമായി മുൻരംഗത്തിലെപ്പോലെ നിൽക്കുന്നു.]

(രീതി മാറ്റി)

സർപ്പദോഷം തീരേണം
കാലദോഷം തീരേണം [2]
കാലിദോഷം തീരേണം
മന്ത്രവാദം വേണം [2]

വെ. കോ : അന്ധവിശ്വാസങ്ങൾ പരത്തുന്നവരെ തൂക്കിലിടണം.

കറു. കോ : വിശ്വാസങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്നവരെ നാടുകടത്തണം.

സൂത്ര : (പ്രവേശിച്ച്) ഹേയ്, നിൽക്ക്, നാടുകടത്താനൊക്കെ വരട്ടെ (കാണികളോട്) സുഹൃത്തുക്കളെ, ഇവരുടെയീ തർക്കം കാണുമ്പോൾ എനിക്കുകൂടി ഇടപെട്ടാൽ കൊള്ളാമെന്ന് തോന്നുകയാണ്. ഒരു സൂത്രധാരൻ എന്ന നിലയ്ക്കല്ല, ഒരു നടനായിട്ട്. പക്ഷേ ഒരു കുഴപ്പമുണ്ട്. ഇവരെന്നെ കൂട്ടുമോ എന്നറിയില്ല. എനിക്ക് നല്ലയൊരു റോളുതരണമെന്ന് റിഹേഴ്സൽ നടക്കുമ്പോഴേ ഞാൻ ആവശ്യപ്പെട്ടതാണ്. അവർ തന്നില്ല. വളരെ നിർബന്ധിച്ചാണ് എനിക്കീവേഷമെങ്കിലും കിട്ടിയത്. അതുകൊണ്ട് ഇവരെന്നെ കൂട്ടുമോ എന്നറിയില്ല. എന്തായാലും ചോദിച്ച് നോക്കട്ടെ (ഖോറസുകളോട്)
സുഹൃത്തുക്കളെ, നിങ്ങളെപ്പോലെ വേഷമൊക്കെ കെട്ടി ഈ നാടകത്തിലൊന്നഭിനയിച്ചാൽ കൊള്ളാമെന്നൊരു മോഹം.

കോറസുകൾ : അതിനെന്താ. . . . അഭിനയിക്കാമല്ലോ.

സൂത്ര : രക്ഷപ്പെട്ടു.

വെ. കോ : ഒന്നാ. ഒരു കാര്യം. താങ്കൾ ഞങ്ങളുടെ കൂട്ടത്തിൽ കൂടണം.

സൂത്ര : കൂടാമല്ലോ.

കറു. കോ : ഒന്നാ: അതുപറ്റില്ല. നിങ്ങൾ ഞങ്ങളോടൊപ്പം കൂടണം.

സൂത്ര : അതിനെന്താ കൂടാമല്ലോ?

വെ. കോ: രണ്ടാ: ഹേയ്, അവർ അന്ധവിശ്വാസികളാണ്. നിങ്ങൾ ഞങ്ങളുടെ കൂടെ ചേരൂ!

സൂത്ര : ചേരാമല്ലോ: എനിക്കഭിനയിക്കണമെന്നെയുള്ളു. (അങ്ങോട്ട് നീങ്ങുന്നു)

കറു. കോ. രണ്ടാ: ഹേയ്, നമുക്കീ ശാസ്ത്രവും ജനനന്മയുമൊന്നും വേണ്ട. നിങ്ങളിങ്ങോട്ടു പോരൂ.

സൂത്ര : അതിനെന്താ, വരാമല്ലോ. (ആ ഭാഗത്തേക്ക് നീങ്ങുന്നു.)

വെ. കോ. മൂന്നാ: നിങ്ങൾ സൂത്രധാരനല്ലേ, കുറച്ചു വിവരമുള്ള ആളല്ലേ? നിങ്ങൾ ഞങ്ങളുടെ പക്ഷത്ത്

ചേരൂ.

സൂത്ര : ചേരാമല്ലോ? എനിക്കഭിനയിക്കണമെന്നേ ഉള്ളൂ.

കറു. കോ: മൂന്നാ: ഈ ജനങ്ങളെല്ലാം ഞങ്ങളുടെ പക്ഷത്താണ്. നിങ്ങൾ ഞങ്ങളോടൊപ്പം ചേരണം.

[സൂത്രധാരനെ കണ്ടുപിടിക്കുന്നു. വെള്ളകോറസ് സൂത്രധാരന്റെ മറുകൈയിൽ പിടിച്ചു വലിക്കുന്നു. രണ്ടുകോറസും "ഞങ്ങളുടെ കൂടെ" . . . . എന്നു പറഞ്ഞ് ബഹളമുണ്ടാക്കുന്നു. സൂത്രധാരൻ വിഷണ്ണനാവുന്നു. ബലമായി മുമ്പിലേക്ക് എടുത്തുചാടി വിടുതൽ നേടുന്നു.]

സൂത്ര : (പരിക്ഷീണനായ് സദസ്സിനോട്) ഞാനൊന്നഭിനയിക്കാമെന്നുവച്ചപ്പോൾ ഇവരു നടത്തുന്ന പിടിയും വലിയും നിങ്ങൾ കണ്ടില്ലേ? (ഭാവം മാറ്റി) ഞാനൊരു സൂത്രധാരനല്ലേ. എനിക്കേതെങ്കിലും പക്ഷം പിടിക്കാനൊക്കുമോ? തന്നെയല്ല നഷ്പക്ഷത പാലിക്കുകയാണ് തടികേടാതിരിക്കാൻ നല്ലത്.

(സദസ്സിനോട് രഹസ്യം പറയുന്ന മട്ടിൽ)

മാസ്റ്റർ : എന്താ, എന്നെ വിളിച്ചോ?

സൂത്ര : മാഷിന്റെ കാര്യം ഇപ്പോൾ പറഞ്ഞതേ ഉള്ളു. ഇവരു തമ്മിൽ ഭയങ്കര തർക്കം.

മാസ്റ്റർ : എന്താ കാര്യം.

സൂത്ര : കാര്യമെന്താണെന്നു ചോദിച്ചാൽ . . . . . ഭയങ്കര തർക്കം. എനിക്കിതിലിടപെടാനൊക്കുമോ. . . . . ഞാൻ സൂത്രധാരനല്ലേ. ഞാൻ നിഷ്പക്ഷനല്ലേ. മാഷൊന്നിടപെട്ട് ഈ തർക്കമൊന്ന് പരിഹരിക്കണം.

മാസ്റ്റർ : താൻ നിഷ്പക്ഷനാണോടോ . . . . . .

സൂത്ര : അതെ . . . . . ഞാൻ . . . . . ഞാ . . . ൻ . . . . . നിഷ്പക്ഷനാണ്.

മാസ്റ്റർ : (കോപത്തോടെ) കടന്നുപോടോ. (സൂത്രധാരൻ മ്ലാനവദനനായി കടന്നു പോകുന്നു.) ഒരു നിഷ്പക്ഷൻ. (മാസ്റ്റർ കോറസുകളെ പ്രത്യേകം പ്രത്യേകം നിരീക്ഷിച്ചിട്ട് പ്രഖ്യാപിക്കുന്നു.) എനിക്ക് പക്ഷമുണ്ട്. (കറുത്ത കോറസ് നിരവിട്ട് ത്രികോണാകൃതിയിലേക്ക് മാറി തല ഉയർത്തിപ്പിടിച്ച് നിൽക്കുന്നു.)

[ഗോപി പ്രവേശിക്കുന്നു]

ഗോപി : മാഷെ, മാഷെ . . . . മാഷെന്റെ ദൈവമാണ്. മാഷെന്നെ കുത്തിവച്ചതുകൊണ്ട് ഞാൻ രക്ഷപ്പെട്ടു.

വെ. കോ : ('ശാസ്ത്രം ജയിച്ചു', 'ശാസ്ത്രം ജയിച്ചു' എന്നാർത്തുവിളിച്ചുകൊണ്ട് തുള്ളിച്ചാടുന്നു. മാസ്റ്റർക്ക് ഭാവഭേദമില്ലെന്നുകണ്ട്)

ഒന്നാമൻ : എന്താ മാഷെ വിഷമിച്ചു നിക്കുന്നത്.

രണ്ടാമൻ : ഗോപി രക്ഷപ്പെട്ടില്ലേ.

മൂന്നാമൻ : നമ്മൾ സന്തോഷിക്കുകയല്ലേ വേണ്ടത്?

മാസ്റ്റർ : ഗോപി രക്ഷപ്പെട്ടതിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷെ ഗോപിയോടൊപ്പം രക്ഷപ്പെടേണ്ടിയിരുന്ന രാജൻ മരിച്ചു. (കറുത്ത കോറസ് മൂവരും ഒന്നിച്ച് തല കുനിക്കുന്നു.) അല്ല. ഈ അന്ധവിശ്വാസികൾ രാജനെ കൊന്നു. (കോറസിനോട്) തൃപ്തിയായില്ലേ നിങ്ങൾക്ക്. (വെളുത്ത കോറസിനോട്) പറയൂ. നമ്മൾക്കെങ്ങനെ സന്തോഷിക്കാൻ കഴിയും. (രണ്ട് കൈകളും മുകളിലേക്കുയർത്തി) ഇനിയെങ്കിലും കണ്ണുതുറന്ന് സത്യത്തെ കാണൂ . . . . (ഫ്രീസ്).

[പിന്നിൽ ചെണ്ടമേളം. മേളം അവസാനിക്കുമ്പോൾ സൂത്രധാരൻ പ്രവേശിക്കുന്നു.]

സൂത്ര : (അഭിനന്ദിച്ച്) ഭേഷ് . . . . ഭേഷ് . . . . . (നടൻമാർ ചലിക്കുന്നു.) നാടകം അവസാനിച്ചു എല്ലാവരും നന്നായി അഭിനയിച്ചു. (മാസ്റ്ററോട്) ഞാൻ ഭയപ്പെട്ട പോലൊന്നും സംഭവിച്ചില്ല. നിങ്ങൾ നന്നായ് അഭിനയിച്ചു.

[എല്ലാവരും പിരിയുന്നു.]

സൂത്ര : (സദസ്സിനോട്) സുഹൃത്തുക്കളെ, നിങ്ങളിവിടെ രണ്ടു ചേരികളെ കണ്ടു. ഒന്ന് വളരുന്ന ശാസ്ത്രത്തിന്റെ ചേരി. മറ്റൊന്ന് അന്ധവിശ്വാസത്തിന്റെ ചേരി. ഏത് ചേരിയോടൊപ്പം നിൽക്കുകയാണ് സമൂഹത്തിന്റെ പുരോഗതിയെ സഹായിക്കുന്നത് എന്ന് ചിന്തിക്കാൻ ഈ നാടകം നിങ്ങളെ പ്രേരിപ്പിച്ചുവെങ്കിൽ ഞങ്ങൾ കൃതാർഥരായി. നാടകം അവസാനിച്ചു. നമസ്കാരം.

[സൂത്രധാരൻ പിൻവാങ്ങുന്നു.]

# ഏകലവ്യന്റെ പെരുവിരൽ

മുരളി

കർമ്മം, അതെ അധ്വാനം, അതാണ് വാനരനെ നരനാക്കിയത്. പെരുവിരലാലെ ഇറുകെപ്പിടിച്ച ചുറ്റിക: മനുഷ്യന്റെ അധ്വാനത്തിന്റെ പ്രതീകം. കലയും ഈ പ്രപഞ്ചത്തിന്നറിവും അറിവുകളുടെ അടിവേരും അധ്വാനമാണ്. പണ്ട്, വളരെ പണ്ട്, അധ്വാനിക്കുന്നവന്റെ പുത്രനായ ഏകലവ്യന്റെ പെരുവിരൽ അറുത്തു ദ്രോണാചാര്യൻ. അദ്ദേഹത്തിന്റെ പിൻമുറക്കാർ ഇന്ന് വേടക്കരുമാടിക്കുട്ടന്മാരുടെ കയ്യല്ല തലയാണ് അറുക്കുന്നത്. തിരിച്ചടിക്കേണ്ട കാലം ആസന്നമായിരിക്കുന്നു.

(മൂന്നുപേർ ചേർന്ന് രാജാവിനെ ആനയിച്ചുകൊണ്ടുവരുന്നതായി നടിക്കുന്നു. പിന്നിൽ വാദ്യം. പിന്നിൽ വരുന്നയാൾ പീഠമായി നടിക്കുന്നു. വേദിയുടെ ഒരു വശത്തുനിന്ന് ഒരു ദൂതൻ ഒരാളെ പിടിച്ചു കൊണ്ടുവരുന്നു. പിടിച്ചുകൊണ്ടുവന്ന ഭാഗത്ത് ഒരു സ്ത്രീ നിസ്സഹായയായി നോക്കിനിൽക്കുന്നു. പിടിച്ചുകൊണ്ടുവന്ന ആളിന്റെ വലതു കയ്യുടെ പെരുവിരൽ പീഠത്തിൽ വയ്ക്കുന്നു. രാജാവ് വാളെടുത്ത് മുറിക്കുന്നതായി നടിക്കുന്നു. അധഃസ്ഥിതന്റെ കരച്ചിൽ. അതിന്റെ പ്രതിധ്വനി എന്നവണ്ണം സ്ത്രീയുടെ തേങ്ങൽ. നടിവരിൽ അഞ്ചുപേർ പിന്നിൽ പുറംതിരിഞ്ഞു നിൽക്കുന്നു. സ്ത്രീ പിന്നിൽനിന്നുള്ള താളത്തിനനുസരിച്ച് വേദിയെ വലംവയ്ക്കുന്നു. പെട്ടെന്ന് താളം നിലയ്ക്കുമ്പോൾ പെരുവിരൽ കാണുന്നതായി നടിച്ച് വേദിയുടെ മധ്യത്തേക്ക് നീങ്ങുന്നു.)

നരേറ്റർ : നാക്കിലയിൽ ചോര കുതിർന്നു കിടക്കുവതെന്തോ?

(പിൻതിരിഞ്ഞുനിൽക്കുന്നവർ നിമിഷം കൊണ്ട് തിരിഞ്ഞ്. ഒരു ബിന്ദുവിലേക്ക് നോക്കി അടുക്കുന്നു. അഞ്ചുപേർ സ്ത്രീക്കു ചുറ്റുമായി ഒരു പഞ്ചഭുജത്തിന്റെ ആകൃതിയിൽ ഇരിക്കുന്നു.)

നരേറ്റർ : നാക്കിലയിൽ ചോര കുതിർന്നു കിടക്കുവതെന്തോ?
വാക്കിന്നൂറ്റം പേറും മുമ്പേ അരിയപ്പെട്ടൊരു നാക്കോ
കലവില്ലിൻ ഞാണുപിടിച്ചു തഴമ്പിച്ചൊരു വിരലോ

മലയും കാടും പെറ്റുവളർത്തിയ മകന്റെ പെരുവിരലോ

(ഐവരിൽ ഓരോരുത്തരായി വലതു കൈ നീട്ടി പെരുവിരൽ കാട്ടി എഴുന്നേറ്റ് താളത്തിന് ശബ്ദം അനുക്രമം വർധിപ്പിച്ച്).

1) : "പെരുവിരൽ"

2) : "പെരുവിരൽ"

3) : "പെരുവിരൽ"

4) : "പെരുവിരൽ"

5) : "പെരുവിരൽ"

നരേറ്റർ : പെരുവിരൽ

വേടക്കരുമാടി ചെക്കന്റെ പെരുവിരൽ

കുരുഭൂവിൽ വിജയങ്ങൾ കൊയ്യാൻ കരുനീക്കുന്ന
യുവരാജഗജങ്ങൾ തൻമദമസ്തക മധ്യത്തിൽ

ഒരു ശരമുന തൻകിടിലം പോലെയീ പെരുവിരൽ

(ഐവർ ഒരുമിച്ച്)

11 പെരുവിരൽ 2. പെരുവിരൽ 3. പെരുവിരൽ

(ഇതോടൊപ്പം അഞ്ചുപേരും വലതു കൈ നീട്ടി, പെരുവിരൽ ഉയർത്തി, മമുട്ടിന്മേൽ താഴുന്നു. ഫ്രീസ്)

നരേറ്റർ : (ഉച്ചത്തിൽ "ഏകലവ്യന്റെ പെരുവിരൽ" എന്നു പറയുന്നു.)

നരേറ്റർ : മലകളിൽ, മരക്കൊമ്പുകളിൽ

ഇരതേടി ഇണതേടി തകരപോൽത്തഴച്ചമക്കൾ (2)

(ഐവർ വാനരന്മാരായി ചലിക്കുന്നു.)

അറിവിന്റെ പൊരുൾ തേടി കട തേടി

പെരുവിരലാലിറുകെ പിടിച്ചടിച്ച കല്ലുകളാലെ (2)

(ഇരുന്നുകൊണ്ട് മണ്ണിൽ വേരന്വേഷിക്കുന്നു. കല്ലുകൾ കൂട്ടി താളത്തിനടിക്കുന്നു. ഫ്രീസ്)

മലയിറങ്ങീ നമ്മുടെ പ്രപിതാഹനമ്മാർ

സമതലങ്ങൾ തന്നിൽ നിവർന്നു നടന്നൂ
ഇരുകയ്യ് നിലത്തൂന്നി നടക്കേണ്ടന്നായപ്പോൾ
പലതിനുമാകയ്യുകളവർ വിനിയോഗിച്ചു (2)

(ഭക്ഷണസമ്പാദനത്തിനായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ഫ്രീസ്).

കല്ലുകളും കല്ലുകളും തമ്മിൽ മുട്ടി തീകൂട്ടി

(താളത്തിനനുസരിച്ച് ചലിച്ചുകൊണ്ട് ഒരാൾ കല്ലുരച്ച് തീയുണ്ടാക്കുന്നതായി നടിക്കുന്നു. അയാൾ ആശ്ചര്യശബ്ദം പുറപ്പെടുവിക്കുമ്പോൾ മറ്റുള്ളവർ ഓടിക്കൂടി തീ കാണുന്നു. അ ദ്ഭുതം ഒരാൾ തൊട്ടുനോക്കി കൈ പൊള്ളുന്നതായി നടിക്കുന്നു. (ഫ്രീസ്)

കല്ലുളിയും ചുറ്റികയുംകൊണ്ട് തീർത്തൊരായുധങ്ങൾകൊണ്ടു-
കാട്ടുജീവികളെ വേട്ടയാടി ചുട്ടെടുത്തു.

(ഒരാൾ മുന്നിലും മറ്റുള്ളവർ പിന്നിലും ആയുധങ്ങളുമായി വേട്ടയാടുന്നതായി നടിക്കുന്നു. മൃഗത്തെ പിന്തുടരുന്നു. കൊന്ന് ചുമലിലേറ്റി കൊണ്ടുവരുന്നു. അഗ്നിയിൽ കെട്ടിത്തൂക്കി ചുറ്റും നൃത്തംവെക്കുന്നു. മാംസം കടിച്ചുകീറി തിന്നുന്നു. ഫ്രീസ്.)

നരേറ്റർ : കല്ലുളികൾ തീർത്തവന്റെ കൈയിൽ ശിൽപകലവളർന്നു
കല്ലുളിക്കുപകരമവനിരുമ്പുകൂടം കയ്യിലേന്തി (2)

(മധ്യത്ത് പിന്നിൽ രണ്ടുപേർ കൽപ്രതിമയായി നടിക്കുന്നു. ഒരാൾ ശിൽപിയായും. ഇടതുവശത്ത് ഒരാൾ ചക്രം കറക്കുന്നു. വലതുവശത്ത് ഒരാൾ കൂടം അടിക്കുന്നു.)

പച്ചിരുമ്പുചുട്ടു പകൽ പിഞ്ചുകാൽ നിറംവരുത്തി
ഊക്കടിച്ചു വീണ്ടുമായിരുമ്പവൻ കുറെ വളർത്തി (2)

(നരേറ്ററും ചലനത്തിൽ പങ്കുചേരുന്നു. ഫ്രീസ്. താളത്തിൽ നാല് പ്രാവശ്യം ലോഹം മുട്ടുന്ന ശബ്ദം കേൾക്കുന്നു.)

നരേറ്റർ : ചുറ്റികയുടെ താളം ഈ മർത്ത്യജീവിതത്താളം (2)
ജീവിതത്തിൻ താളമവനുപാട്ടിന്റെ താളമായി (2)

(ആദ്യത്തെ സ്ത്രീ കടന്നുവന്ന് നരേറ്ററോടൊപ്പം നിന്ന് തൊട്ടിലാട്ടുന്നതായി നടിക്കുന്നു.)

നരേറ്റർ : പാട്ടിന്റെ താളമവനു ആട്ടിത്തിൻ ചുവടുകളായി (2)

(സ്ത്രീ അപ്രത്യക്ഷയായി. സംഘം ക്രമേണ ചുവടുവെച്ച് ഹമ്മിംഗിനനുസരിച്ച് നൃത്തംവെക്കുന്നു.)

സംഘം : ഓഹൊയ്....ഹൊഹൊയ്....ഓഹൊയ്....ഹൊഹൊയ്....ഓഹൊയ്....
.............................

(സംഘം ക്രമേണ ചുവടുവെച്ച് ഓരോരുത്തരായി കോണോടുകോൺ വരിയായി മുട്ടുകാലിരിക്കുന്നു. പിന്നിലേക്ക് അനക്രമമായി ഉയരംകുറഞ്ഞ്, വലതുകയ്യുടെ പെരുവിരൽ ഉയർത്തി ച്ചേർന്ന് ഫ്രീസ്.)

നരേറ്റർ : പെരുവിരൽകൊണ്ടെല്ലാം നേടീ ഈ അതിമാനുഷൻ
പെരുവിരൽകൊണ്ടല്ലോ ചുറ്റികയേന്തുന്നതിവൻ

നരേറ്റർ : അത് ചരിത്രത്തിന്റെ കുതിപ്പിന്റെ കഥ. വേട്ടക്കാരൻ അറിവും ആയുധവും കണ്ടെത്തിയ കഥ. ഇനിയുമുണ്ട്. വിയർപ്പും ചമ്മട്ടിയും ചോരയും ചതഞ്ഞ പെരുവിരലും ചേർന്നെഴുതിയ മറ്റൊരു കഥ.

ചങ്ങലകൾ കിലുങ്ങുകയാണിടനാഴികൾതോറും

ചന്തകളിൽ കുന്നുകളായടിമകൾ നീളെ
ചങ്ങലകൾ പിടിക്കും കയ്യുകൾ മാത്രം മാറി
ചങ്ങലകൾക്കുള്ളിൽ അടിമകൾ വീണ്ടും വിങ്ങി.

(ചങ്ങലകളിൽ തളയ്ക്കപ്പെട്ട അടിമകളെ ലേലം ചെയ്യുന്നതിന്റെയും വിലയ്ക്കു വാങ്ങുന്നതിന്റെയും മറ്റും ആംഗികാഭിനയങ്ങൾ.)

പകലുകളിൽ പെരുവിരലുകൾ ചുറ്റികയേന്തി
പകയോടെ ശിലാകൂടങ്ങളിടിച്ചുനിരത്തി
ഖനികളുടെ മഹാഗർത്തങ്ങളിലവർ കണ്ടെത്തി
ഉടമയുടെ കിരീടച്ചാർത്തിന്നാഭരണങ്ങൾ

(അടിമകൾ കരിങ്കല്ലുടയ്ക്കുന്റെയും ഖനികൾ തുരക്കുന്നതിന്റെയും മറ്റും ആംഗികാഭിനയം).

കോട്ടകളും വൻനഗരങ്ങളുമവരുണ്ടാക്കി
ചാട്ടകളുടെ ശബ്ദം അടിമച്ചോരയിൽ മുങ്ങി
നിണമൊഴുകിയ മണ്ണിൽ അസ്ഥിത്തറയിൽ സാമ്രാജ്യങ്ങളുയർന്നു

(അടിമകൾ കോട്ടകളും കൊട്ടാരങ്ങളും പണിയുന്നു. കൊട്ടാരങ്ങളിൽ ചക്രവർത്തിമാർ അധികാരഭാവത്തോടെ അരുളുന്നതിന്റെ ആംഗികാഭിനയം.)

മിഴി പാതിയടഞ്ഞ പ്രഭുക്കൾ, അവരുടെ മൃഗസംതൃപ്തിക്കായ്
ഗോദകളിൽ മല്ലന്മാരായി തോഴരവർ കുടലുപിളർന്നു.

(അറീനകളിൽ മല്ലയുദ്ധം കാണാനെത്തുന്ന അലസരായ പ്രഭുക്കൾ പരസ്പരം കത്തിയുമായി പൊരുതുന്ന അടിമകളുടെ മല്ലയുദ്ധം കണ്ട് രസിക്കുന്നതിന്റെ ആംഗികാഭിനയം.)

ഒരു നാളവർ അടമികളൊന്നായി
തിരിയുന്നു പ്രഭുക്കൾക്കെതിരെ
പടയേറ്റ മറീനയിലാകെ
ഉലയുന്നു സാമ്രാജ്യങ്ങൾ

(അടിമകൾ കുന്തങ്ങളുയർത്തി പ്രഭുക്കൾക്കുനേരെ തിരിയുന്നു. പ്രഭുക്കൾ ഭയന്നുവിറച്ചോടുന്നു.)

ഉയരുന്നു കുരിശുകൾ വഴിയിൽ
കുരിശകളിൽ അടിമകൾ നീളെ
ഒരു കോടി കരുത്തന്മാരായി
തരികെവരും എന്നവരലറി.

(അടിമകൾ കുരിശിലേറ്റപ്പെടുന്നു. കുരിശുകളിൽനിന്ന് കുതറികൊണ്ട് അവരുടെ ആഹ്വാനം അലർച്ചയായി മാറുന്നു.)

ഉടമകളുടെ രഥചക്രങ്ങൾ
ക്കടിയിൽ പെരുവിരലുചതഞ്ഞു
ഉറയുന്നു രക്തം ചരിത്ര-
മുരുളുന്നു പഥങ്ങളിലെല്ലാം

ഒരു കോടി പല കോടികളായി
കർഷകരായ് തൊഴിലാളികളായ്
ഒടുവിലവർ തിരികെവന്നു
പുതുലോകം പണിയാൻ മണ്ണിൽ

(അടിമകൾ പതിനായിരങ്ങളായി ഉയിർത്തഴുന്നേൽക്കുന്നു.)

ചിറവക്കിൽ കുടയും ചൂടി
കുടുമക്കാർ തമ്പ്രാക്കന്മാർ
ചെളിവയലിൽ വിയർത്തുകുളിച്ചു
ചെറുമക്കൾ ഉഴുതുമറിച്ചു.

(ജന്മി വയൽവരമ്പിൽ നിൽക്കുന്നു. കൃഷിക്കാർ പാടമുഴുതുന്നു.)

വളമിട്ടു വിത്തു വിതച്ചു

കളനീക്കി വെള്ളമൊരുക്കി
മിറയെ സ്വർണക്കതിർച്ചൂടി
കുലയുമ്പോൾ കൊയ്തുനിറച്ചു.

(വളമിടുന്നതിന്റെയും വിത്ത് വിതക്കുന്നതിന്റെയും കളപറിക്കുന്നതിന്റെയും വെള്ളം നനക്കുന്നതിന്റെയും കൊയ്ത്തിന്റെയും ആംഗികാഭിനയം.)

നടുനിവരാതവരൊരുനേരം
മടിയില്ലാതെ ചെളിവയലിൽ
അടിമകളെപ്പോൽ പണിചെയ്തു
ഉടമകളുടെ അറകൾ നിറച്ചു.

(ചാക്കുകളിൽ നിറച്ച ധാന്യം ജന്മിയുടെ വീട്ടിലേക്ക് ചുമന്നുകൊണ്ടുപോകുന്നു.)

കുടവയറും കുടുമയുമായി
ചിറവക്കിൽ തമ്പ്രാക്കന്മാർ
അവരുടെ മൃഗദാഹത്തീയിൽ
പുലയന്റെ കിടാത്തികൾ വെന്തു

(വയൽവരമ്പിൽ നിൽക്കുന്ന ജന്മിയുടെ ശൃംഗാരചേഷ്ടകൾ.)

എരിയുന്നു ചെറ്റപ്പുരകൾ
വരിയുന്നു തഴമ്പൻ കൈകളെ
കവരുന്നു ചാരിത്ര്യങ്ങൾ
ഉയരുന്നു രോദനമെങ്ങും

(ജന്മിയും സംഘവും കുടിലുകൾ തീവെക്കുന്നു. പുരുഷനെ തെങ്ങിൽ വരിഞ്ഞുകെട്ടുകയും സ്ത്രീയെ മാനഭംഗപ്പെടുത്തുകയും ചെയ്യുന്നു.)

പണിചെയ്തു തഴമ്പുറ്റവിരൽ
പുലയന്റെ തുടിക്കും പെരുവിരൽ
ഒരു നാളിലുണർത്തി അലറി
"കൃഷിഭൂമി കൃഷിക്കാരന്"

(കൃഷിക്കാർ സംഘടിതരായി മുഷ്ടിചുരുട്ടി മുന്നോട്ടായുന്നു.)

കഴുമരവും ആരാച്ചാരും
നിയമത്തിൻ കഴുകന്മാരും
നഖമുനനീട്ടി കയ്യൂരിൽ
തേജസ്വിനി ചോരകലങ്ങി

(കയ്യൂരിലെ കർഷകയുവാക്കളെ തൂക്കിലേറ്റുന്നതിന്റെ സൂചന കലർന്ന ചലനങ്ങൾ.)

വയലാറിൽ കരിവെള്ളൂരിൽ
ബയനറ്റും നിറതോക്കുകളും
പൊരുതുന്ന കൃഷിക്കാരന്റെ
ഇടനെഞ്ചുകൾ കുത്തിച്ചോർത്തി

(കർഷകരും പോലീസും തമ്മിൽ ഏറ്റുമുട്ടുന്നു. പോലീസ് നിറയൊഴിക്കുന്നു. കർഷകർ കല്ലെറിയുന്നു. വെടിയേറ്റ് മരിച്ചുവീഴുന്നു.)

കുടുമകളും കളഭക്കുറികളു-
മൊഴുകി പാലത്തിന്നടിയിൽ
കുടവയറൻ ജന്മിത്തത്തിൻ
കുടിലതകൾ കൊമ്പുകൾകുത്തി

പുലരികളെ തൊട്ടുവിളിക്കും
കുയിലുകൾപോൽ സയറൻകൂകി
ഒരു പുതിയ പരിസ്ഥിതി തന്നുടെ
പടഹധ്വനി വാനിൽമുഴങ്ങി

(തൊഴിലാളികൾ വരിയായി ഫാക്ടറികളിലേക്ക് പോകുന്നു. സൈറൻ മുഴങ്ങുന്നു.)

അറിവും പെരുവിരലും ചേർന്നൊരു
പുതുലോകമുയർത്തീഭൂമിയിൽ
നഗരങ്ങൾ, വൻയന്ത്രങ്ങൾ
പുതുജീവിതസാമഗ്രികളും

(തൊഴിലാളികൾ യന്ത്രങ്ങളിൽ ജോലി ചെയ്യുന്നു.)

പുകതുപ്പീ കുഴലുകൾ, സൈറൺ
ഒരു ഭീഷണശബ്ദമുയർത്തി
തൊഴിലാളികളും മുതലാളി-
യുമൊരു പുതിയ പടക്കളമായി

(തൊഴിലാളികൾ സംഘടിക്കുന്നതിന്റെയും സമരം ചെയ്യുന്നതിന്റെയും ആംഗിക സൂചനകൾ.)

നിരനിരയായ് വൻയന്ത്രങ്ങൾ
അലറുന്നു രാക്ഷസരെപ്പോൽ
പെരുവിരലുകൾ ഗതിനീക്കുന്നു
ഭീമാകൃതയന്ത്രങ്ങളെയും

(വൻയന്ത്രങ്ങൾ ചലിപ്പിക്കുന്നതിന്റെയും മറ്റും സൂചനകൾ.)

അവരുടെ പെരുവിരലുകൾ തീർത്തൊരു
യന്ത്രങ്ങൾ വാനംമുട്ടെ
അലറുന്നത് ഭീദിതമായൊരു
മിഴിയാലവരൻ നോക്കിക്കണ്ടു

(ഉയർന്നുനിൽക്കുന്ന യന്ത്രത്തെ ഭീതിയോടെ തൊഴിലാളി നോക്കിക്കാണുന്നു. യന്ത്രം വലിയ ശബ്ദത്തോടെ പ്രവർത്തിക്കുന്നു.)

അവിടെയുമൊരു തേങ്ങൽ, യന്ത്രങ്ങൾ
ക്കിടയിൽ ചതയും പെരുവിരൽ
പിടയുന്നു യന്ത്രത്തിൽനിന്നു-
യരുന്നു കൊലച്ചിരി രൗദ്രം

(യന്ത്രത്തിൽ കുടുങ്ങിയ പെരുവിരൽ പിടിച്ച് അലമുറയിടുന്ന തൊഴിലാളിയെ മറ്റുള്ളവർ ആശ്വസിപ്പിക്കുന്നു.)

അവരുടെ ദ്രുതതാളം മുറുകും
മുറികളിലെയരണ്ട വെളിച്ചം
അതിൽ നോക്കൂ തീൻമേശയിലെ
തളികകളിൽ പിടയും പെരുവിരൽ

(ഒരു ഉപരിവർഗത്തീൻമുറിയിൽ പൊട്ടിച്ചിരിക്കുന്ന സമ്പന്നന്മാർ, നടുവിൽ തീൻമേശമേലൊരുക്കിവെച്ച സമൃദ്ധമായ ഭക്ഷണം.)

പെരുവിരൽകൊണ്ടെല്ലാം നേടീ ഈ അതിമാനുഷൻ
പെരുവിരൽകൊണ്ടല്ലോ ചരിത്രത്തിൻ ഗതിയെ നീക്കുന്നതവൻ
വാൾപിടിയിൽ മുറുകുന്നത് പെരുവിരൽ
(സംഘം നടിക്കുന്നു.)
നിറതോക്ക് പിടിക്കുന്നത് പെരുവിരൽ

(സംഘം നിരയായി തോക്കുപിടിച്ച് അഞ്ചുചുവട് മുന്നോട്ടു മാർച്ചു ചെയ്യുന്നു. ഫ്രീസ്.)

മുറിവിൽ മരുന്നുരയ്ക്കുവാൻ കുഴപിടിക്കുന്നതും പെരുവിരൽ

(ഇടത്തെ അറ്റത്ത് ഒരാൾ വീഴുമ്പോൾ അടുത്തുള്ളയാൾ താങ്ങുന്നു. മറ്റുള്ളവർ പെരുവിരൽ അയാൾക്കുനേരെ കാട്ടുകയും ചെയ്യുന്നു.)

നരേറ്റർ : കലയും ഈ പ്രപഞ്ചത്തിനറിവും
അറിവുകളുടെ അടിവേരും പെരുവിരൽ

(സംഘം ചലിക്കുന്നു. പൂർവസ്ഥിതിയിൽ പഞ്ചഭൂജാകൃതിയിൽ നിന്ന് സംഘമായി. "പെരുവി

രൽ, പെരുവിരൽ, പെരുവിരൽ" എന്നു പറയുന്നു. പെരുവിരൽ കാട്ടി മുട്ടുകാലിൽ ഇരിക്കുന്നു.)

നരേറ്റർ : എന്നിട്ടും വീണുപിടയുന്നു,
ചക്രങ്ങൾക്കിടയിൽ ഈ പെരുവിരൽ.

(സ്ത്രീ കടന്നുവന്ന് മധ്യത്ത് നിൽക്കുന്നു.)

പൊടിയുന്നൂ ചോരയും വിയർപ്പിറ്റും ലോകവും
അരിയപ്പെട്ടിന്നും നാക്കിലയിൽ വീണുപിടയുന്നു....

(സ്ത്രീ കുനിഞ്ഞ് പെരുവിരൽ എടുക്കുന്നു. ഉരുമ്പോൾ ഐവർ ഒപ്പം പെരുവിരൽ ക്രമേണ ഉയർത്തുന്നു.)

സംഘം : (താളത്തിൽ)

പണിയന്റെ പെരുവിരൽ
പുലയന്റെ പെരുവിരൽ
മനുഷ്യന്റെ പെരുവിരൽ
പെരുവിരൽ

(അഞ്ച് പെരുവിരലുകളും സ്ത്രീയുടെ തലയ്ക്കു മുകളിൽ ഒന്നിക്കുന്നു. മുന്നിലായി സ്ത്രീയുടെ പെരുവിരൽ.)

**ബ്രൂണോ**

ഒന്നാമൻ– കോപ്പർനിക്കസ് മരിച്ചതോടുകൂടി അയാളുടെ അബദ്ധജടിലങ്ങളായ പ്രസ്താവനകളും മൺമറഞ്ഞു എന്നാണ് നാം കരുതിയത്. പക്ഷെ അവനേക്കാളും ഭീകരനായൊരു ദൈവനിഷേധി ഇതാ ഉദയം ചെയ്തിരിക്കുന്നു ബ്രൂണോ.

രണ്ടാമൻ– അവൻ ദൈവനിഷേധി മാത്രമല്ല ഭ്രാന്തനും കൂടിയാണ്.

ബ്രൂണോ– ഭൂമി സ്ഥിരമായി നിലനിൽക്കുന്നു എന്ന് പറയുന്നത് ശരിയല്ല. അത് സൂര്യനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുകയാണ്.

മൂന്നാമൻ– ബ്രൂണോ നീ ദൈവത്തിന്റെ വചനങ്ങൾക്കാണ് എതിരുപറയുന്നത് എന്ന് അറിയുന്നില്ലേ.

ബ്രൂണോ– സത്യം പറയുന്നത് ദൈവവചനങ്ങളെ ധിക്കരിക്കലല്ല.

ഒന്നാമൻ– നിന്റെ അനുമാനങ്ങൾ വിശുദ്ധഗ്രന്ഥത്തിനും തിരുസഭകൾക്കും എതിരല്ലേ?

ബ്രൂണോ– വിശുദ്ധഗ്രന്ഥത്തിനും തിരുസഭക്കും എതിരായി ഒരു വിശ്വാസം പ്രചരിപ്പിക്കലല്ല എന്റെ ലക്ഷ്യം. മഹാനായ കോപ്പർനിക്കസിന്റെ അനുമാനങ്ങൾ പ്രചരിപ്പിക്കുക മാത്രമാണ് ഞാൻ ചെയ്തത്.

രണ്ടാമൻ– ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്ന് പുരോഹിതന്മാർ നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ.

ബ്രൂണോ– പുരോഹിതന്മാർക്കറിയാത്ത എത്രയോ ശാസ്ത്രസത്യങ്ങൾ ഈ പ്രപഞ്ചത്തിലുണ്ട്.

മൂന്നാമൻ– ബ്രൂണോ നീ ഞങ്ങളുടെ വിശ്വാസങ്ങളെ തകർക്കരുത്. ഞങ്ങളുടെ സ്വസ്ഥത കെടുത്തരുത്.

ബ്രൂണോ– സത്യമാണ് നിങ്ങളെ സ്വസ്ഥതകളിലേക്ക് നയിക്കുന്നത്. അസത്യം നിങ്ങളുടെ സ്വസ്ഥത കെടുത്തുകയോ ഉള്ളൂ.

നാലാമൻ–ബ്രൂണോ സഭയുടെ നിലനിൽപിനെ ചോദ്യം ചെയ്യുന്നതെന്തും ദൈവവിരോധമാണെന്ന് നീ അറിയുന്നുണ്ടോ.(സംഘം ചേരുന്നു)

ബ്രൂണോ–തിരുമേനി, ദൈവ സൃഷ്ടിച്ചു എന്ന് നാം കരുതുന്ന ഭൂമി യഥാർത്ഥത്തിൽ എങ്ങിനെയിരുക്കുന്നു എന്ന് അങ്ങ് ചിന്തിച്ചിട്ടുണ്ടോ.എന്നാൽ ശാസ്ത്രത്തിന്റെ അനുമാനത്തിൽ ഞാനത് മനസ്സിലാക്കുന്നു

അഞ്ചാമൻ– നിർത്തൂ ദൈവനിഷേധം. ഇതെനിക്ക് കേൾക്കാൻ കൂടി വയ്യ. ഇത് പറയുന്നവന്റെ നാവ് പിഴുതെറിയുക തന്നെ വേണം.(സംഘം ചേരുന്നു മുഖ്യവിചാരണ ഉദ്യോഗസ്ഥൻ വരുന്നു. കൂട്ടത്തിൽ രണ്ട് പേർ)

മു.വി.–മാന്യരെ നിങ്ങളുടെ ദൈവഭയവും മനോവിഷമവും എനിക്ക് മനസ്സിലാകുന്നുണ്ട്. ദൈവ സങ്കല്പങ്ങൾ തകർക്കാനാണ് ബ്രൂണോ എന്ന ഈ ഭ്രാന്തൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് വഴി അവൻ തിരുസഭയുടെ പരമാധികാരത്തെ ചോദ്യം ചെയ്യുകയാണ് ചെയ്യുന്നത്. നമ്മുടെ തലമുറയെ ആകത്തന്നെ പാപത്തിലേക്ക് തള്ളിവിടാനാണ് ആ നികൃഷ്ടൻ ശ്രമിക്കുന്നത്. അയാൾ ഈ ഭ്രാന്ത് നിർത്തുന്നില്ലെങ്കിൽ പരമാവധി ശിക്ഷതന്നെ നൽകും. നിങ്ങളുടെ അഭിപ്രായം?

സംഘം– തീർച്ചയായും

സംഘം- (മുട്ടുകുത്തി) വിശുദ്ധവേദ പുസ്തകത്തെ ധിക്കരിച്ച ബ്രൂണോവിനെ ചുട്ടുകരിക്കതന്നെ വേണം.( മണിമുഴങ്ങുന്നു)
മൂ.വി- അവനെ കൊണ്ടുവരൂ
(കൊണ്ടുവരുന്നു)
മൂ.വി- നീയാണ് ബ്രൂണോ അല്ലേ.
ബ്രൂണോ-അതെ
മു.വി-സൂര്യൻ നിശ്ചലമായി നിൽക്കുകയാണെന്നും ഭൂമിയാണ് സൂര്യനെ കറങ്ങിക്കൊണ്ടിരിക്കുന്നതെന്നും ഭുമി പ്രപഞ്ചത്തിന്റെ കേന്ദ്രമല്ല എന്നും നീ പറഞ്ഞു നടക്കുന്നു. ഇത് തിരുസഭക്കും വേദപുസ്തക ങ്ങൾക്കും എതിരാണെന്ന കാര്യം നിങ്ങൾക്കറിയാമോ.
ബ്രൂണോ- പ്രവാചകനായ മോസസ്സിന് 10 കല്പനകൾ നൽകിയത് യഹോവയായ നമ്മുടെ ദൈവമാ ണെങ്കിൽ ഞാൻ അത് അനുസരിക്കുകയാണ് ചെയ്യുന്നത്. ഈ പ്രപഞ്ചത്തിന്റെ യഥാർത്ഥ സ്ഥിതിയെ ക്കുറിച്ച് ഞാൻ കള്ളസാക്ഷി പറഞ്ഞുകൂടാ.
ഒന്നാമൻ- ഒരു ദൈവദാസൻ.
രണ്ടാമൻ-ഒരു സത്യാമ്പേഷി
മൂന്നാമൻ-വിശുദ്ധമായ ഈ വിചാരണമുറിയിൽ ഇവനെ അധികനേരം നിർത്തിക്കൂടാ.
നാലാമൻ-ഇവനെ എത്രയും വേഗം ചുട്ടുകരിക്കുക തന്നെ വേണം.
മു.വി- തിരുസഭയെ ധിക്കരിക്കുന്നതിലൂടെ നിങ്ങൾ ഭരണാധികാരികളെ ധിക്കരിക്കുകയാണ്. നിങ്ങൾക്ക് മരണശിക്ഷനൽകാൻ ഈ കാരണങ്ങൾ ധാരാളം മതി.
ബ്രൂണോ-കോപ്പർനിക്കസിന്റെ അനുമാനങ്ങൾ ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു.മനസ്സിലാക്കുന്നു. അതുവഴി തിരുസഭയുടെ പ്രമാണങ്ങളിലെ കള്ളം പറയരുതെന്ന വചനം ഞാൻ അനുസരിക്കുകമാത്ര മാണ് ഞാൻ ചെയ്യുന്നത്.
മു.വി.-ബ്രൂണോ, ദൈവനിഷേധിയായ നിങ്ങൾ യാതൊരുവിധ ദയയും അർഹിക്കുന്നില്ലെന്ന് ഞങ്ങൾക്ക് ബോധ്യമായിരിക്കുന്നു. വിശുദ്ധപിതാവിന്റെ പേരിൽ ബ്രൂണോവിനെ തീയിട്ടുകൊല്ലാൻ നാം കല്പിക്കു ന്നു. (മുഖ്യവിചാരകൻ പോകുന്നു)
(സംഘം വെന്തെരിയുന്ന ബ്രൂണോവിനെ നോക്കി ആർത്തട്ടഹസിക്കുന്നു.
ബ്രൂണോ-വിഡ്ഢികൾ എന്നെ നിങ്ങൾക്ക് നിശ്ശബ്ദനാക്കാൻ കഴിഞ്ഞേക്കാം.എന്നാൽ ഭൂമി കറങ്ങി ക്കൊണ്ടേയിരിക്കും.
സംഘത്തിലൊരാൾ- എവിടെ നിന്റെ കോപ്പർനിക്കസ്. കോപ്പർനിക്കസിനെ വിളിക്കു.
ബ്രൂണോ-കോപ്പർനിക്കസിന്റെ സിദ്ധാന്തങ്ങൾ തെളിയിക്കപ്പെടുകതന്നെ ചെയ്യും
സംഘത്തിലൊരാൾ-ബ്രൂണോ, ഭൂമി കറങ്ങുന്നുണ്ടല്ലേ?
മറ്റൊരാൾ- ഇപ്പോൾ കറങ്ങുന്നത് ബ്രൂണോയാണ്
(ബ്രൂണോ മരിക്കുന്നു സംഘം തിരിച്ചുപോകുന്നു)

## മരിച്ചവരെ അടക്കൽ

ശവം എടുത്തുകൊണ്ടുവരുന്നു. ക്യാപ്റ്റൻ മുന്നിൽ മാർച്ച് ചെയ്യുന്നു. നാലുപേർ ശവവുമായി പിന്നിൽ നടക്കുന്നു. രണ്ടുപേർ ശവക്കുഴി വെട്ടുന്നു. ശവം കുഴിയുടെ മുന്നിൽ കൊണ്ടുവയ്ക്കുന്നു. മാർച്ച് ചെയ്ത് പിന്നിൽ നിരന്ന് നിൽക്കുന്നു. ശവം കുഴിയിലിറക്കാൻ ക്യാപ്റ്റൻ ഓർഡർ കൊടുക്കുന്നു. ശവം എടുക്കു ന്നതിനായി കോറസ് മുന്നോട്ട് വരുന്നു.
ശവം- അരുത് എന്നെ കുഴിയിലിടരുത്. ശവക്കുഴിയിൽ കിടക്കാൻ എനിക്ക് മനസ്സില്ല.
എല്ലാവരും പരിഭ്രാന്തരായി പിന്നിലേക്കോടുന്നു.
ശവം- എഴുന്നേൽക്കുന്നു.
കോറസ് നാലുപാടും ഓടുന്നു.
ശവം- പോകരുത് ഇവിടെ എന്നോടൊപ്പം നിൽക്കണം. ഞാൻ മരിച്ചെങ്കിലും നിങ്ങളിൽ നിന്നും വിഭിന്ന നല്ല. നെഞ്ചിൽ ഒരു ഈയക്കഷണം ഒരു വെടിയുണ്ട തറച്ചു എന്ന വ്യത്യാസം മാത്രം.
ക്യാപ്റ്റൻ- പിടിക്ക്. എല്ലാവരും ശവത്തെ പിടിക്കുന്നു. വല്ലാത്ത നാറ്റം അഭിനയിക്കുന്നു. ഡോക്ടർ. ഡോക്ടർ
ഡോക്ടർ വന്ന് പരിശോധിക്കാൻ തുടങ്ങുന്നു. വല്ലാത്ത നാറ്റം. പോക്കറ്റിൽ നിന്നം മദ്യക്കുപ്പിയെടുത്ത് തുറന്ന് കഴിക്കുന്നു. പരിശോധിക്കുന്നു.
ഭടന്മാർ1- എന്തൊരു നാറ്റം.
ഭടൻ2-സഹിക്കാൻ വയ്യ.

ഭടൻ 3–അഴുകി തുടങ്ങി
ഭടൻ 4– ഉടനെ അടക്കണം
ഡോക്ടർ– ഇവൻ മരിച്ചിട്ട് 48 മണിക്കൂർ കഴിഞ്ഞു. വെടിയുണ്ട മർമ്മ സ്ഥാനത്ത് തന്നെ തറച്ചിരിക്കുന്നു. He is clinically dead (ഡോക്ടർ പോകുന്നു)
ക്യാപ്റ്റൻ–ഇവനെ കുഴിച്ചുമൂടൂ.
ഭടന്മാർ–ഇവന് ഇഷ്ടമില്ലെങ്കിൽ എങ്ങിനെ കുഴിച്ചുമൂടും.
ക്യാപ്റ്റൻ– ഫൂൾസ് . സാവ്ധാൻ (ശവത്തോട് സൗമ്യമായി) നിങ്ങൾ മരിച്ചതിൽ എനിക്കും പ്രസിഡന്റിനും എല്ലാ സൈനിക വിഭാഗങ്ങൾക്കും അഗാധമായ ദുഖമുണ്ട്. ദയവായി ഞാൻ പറയുന്നതനുസരിക്കു. നിങ്ങളെ സംസ്കരിക്കേണ്ടത് രാഷ്ട്രത്തിന്റെ ആവശ്യമാണ്. നിങ്ങൾ ഈ രാജ്യത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ പ്ലീസ്.. പ്ലീസ്.
ഭടന്മാർ– ഇങ്ങനെ പോരാ ശക്തിയായി ഓർഡർ ഇടണം.
ക്യാപ്റ്റൻ– (ഉച്ചത്തിൽ) യൂ. ഫൂൾസ് (ശവത്തോട്) ഡോക്ടറുടെ റിപ്പോർട്ട് നിങ്ങൾ നോക്കണം. ഔദ്യോഗികമായും ശാരീരികമായും നിങ്ങൾ മരിച്ചിരിക്കുന്നു. പോകൂ ശവക്കുഴിയിലേക്ക്. ജനറലിന്റെ കല്പനയാണ്.
ശവം– ഞങ്ങൾക്ക് ഒരു ജനറലുണ്ടായിരുന്നു. ഇപ്പോൾ മരിച്ച എനിക്ക് ഒരു ജനറൽ ഇല്ല. നിങ്ങൾ നിങ്ങളുടെ ജനറലിനോട് ചോദിക്കൂ. 25–ാം വയസ്സിൽ അയാൾ മരിക്കാൻ ഇഷ്ടപ്പെടുമോ എന്ന്. ഒരു മനുഷ്യൻ ജീവിതം ആരംഭിക്കുന്ന പ്രായം. ജീവിക്കാൻ വേണ്ടി അവന്റെ മോഹങ്ങൾ പൂവണിയുന്ന കാലം. സ്വന്തം സഹോദരനെ ഒരു ചാൺ വയറിനുവേണ്ടി കൊല്ലേണ്ടിവരിക. ഈ സുന്ദരമായ ഭൂമിയെ നശിപ്പിക്കേണ്ടി വരിക. ഇല്ല ഞാൻ പോകില്ല. എനിക്കിവിടെ കഴിയണം. ഈ ഭൂമിയിൽ കഴിയണം.
ക്യാപ്റ്റൻ– ചങ്ങാതി, നിനക്കെന്തു സഹായമാണ് വേണ്ടത്? എല്ലാവിധ സൈനിക ബഹുമതികളോടും കൂടിയാണ് നിന്നെ സംസ്കരിക്കുന്നത്. ആശ്രിതർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളെല്ലാം അനുവദിച്ചു കഴിഞ്ഞു. മരണാനന്തര ബഹുമതിക്കും ശുപാർശചെയ്തിട്ടുണ്ട്. ഇനിയെങ്കിലും...
ശവം– ഇല്ല. എന്തു തന്നെയായാലും ഞാൻ പോകില്ല. എനിക്കിവിടെ കഴിയണം. ഈ ഭൂമിയിൽ ജീവിക്കണം. (പത്രറിപ്പോർട്ടർ കടന്നുവരുന്നു)
റിപ്പോർട്ടർ–ഒന്നാം തരം സ്റ്റോറി. ഈ നൂറ്റാണ്ടിലോ കഴിഞ്ഞ നൂറ്റാണ്ടിലോ ഇങ്ങനെയൊരു വാർത്ത ഉണ്ടായിട്ടില്ല. നെഞ്ചിൽ തറച്ച വെടിയുണ്ടയുമായി ശവങ്ങൾ കുഴിയിലിറങ്ങാതെ ചെറുത്തു നിൽക്കുന്നു. മുൻപേജിൽ എട്ടുകോളം വാർത്ത. ഈ നൂറ്റാണ്ടിലെ സെൻസേഷണൽ വാർത്ത ഇതു തന്നെ തികച്ചും യുണിക്. നിസ്തുലം. ഇത് റിപ്പോർട്ട് ചെയ്യാൻ ഭാഗ്യം ലഭിച്ചതോർക്കുമ്പോൾ കോരിത്തരിച്ചു പോകുന്നു. ഈ വർഷത്തെ അവാർഡ് എനിക്കുതന്നെ.
ക്യാപ്റ്റൻ– തനിക്കെന്താണിവിടെ കാര്യം?
റിപ്പോർട്ടർ–ഞാൻ പത്രറിപ്പോർട്ടറാണ്. ഇത് യുദ്ധകാലമാണ്. വാർത്തയറിയാൻ ജനങ്ങൾ കാത്തിരിക്കുന്നു.
ക്യാപ്റ്റൻ–യുദ്ധവാർത്തകൾ സെൻസർ ചെയ്യും
റിപ്പോർട്ടർ–സെൻസറിംഗ്. ഇല്ല ഒരുക്കലുമില്ല. കാര്യങ്ങൾ നിങ്ങളുടെ പിടിയിൽ നിന്നും വിട്ടുപോയി എന്നാണ് എന്റെ പക്ഷം. ഒന്നല്ല എണ്ണിയാൽ ഒടുങ്ങാത്ത കഴിഞ്ഞ യുദ്ധങ്ങളിലെല്ലാം മരിച്ച.. ആയിരിക്കണക്കിന് പടയാളികൾ പലയിടങ്ങളിലും ഉയർത്തെഴുന്നേറ്റിരിക്കയാണ്. ശവക്കുഴികൾ പിളർന്ന് അവർ നടന്നടുക്കുന്നു. ഒരേയൊരാവശ്യവുമായി. യുദ്ധം നിർത്തണം. ജീവിക്കുന്ന മനുഷ്യനുവേണ്ടി.
കോറസ് ശവങ്ങളായി പ്രത്യക്ഷപ്പെടുന്നു.
റിപ്പോർട്ടർ–ശവങ്ങൾ ഒന്നിനൊന്ന് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നു. അവർ വിജയക്കൊടി നാട്ടാൻ പോകുന്നു. ഉഗ്രൻ വാർത്ത.
കോറസ്– യുദ്ധം നിറുത്തണം. ജീവിക്കുന്ന മനുഷ്യനുവേണ്ടി. (നടന്നടുക്കുന്നു)
ക്യാപ്റ്റൻ– ഗർജ്ജിച്ചുകൊണ്ട്..യന്ത്രത്തോക്കുകൾ വരട്ടെ. ഞാനിവറ്റകളെ ഒരു പാഠം പഠിപ്പിക്കുന്നുണ്ട്. വയ്ക്കൂ വെടി. ഇവറ്റകൾ തകരട്ടെ. പൊടിഞ്ഞ് തകരട്ടെ.(ശവങ്ങൾ ക്യാപ്റ്റനെ വളയുന്നു)
ശവങ്ങൾ–യുദ്ധം നിറുത്തണം. ജീവിക്കുന്ന മനുഷ്യനു വേണ്ടി. കുഴിവെട്ടി മൂടുവിൻ ആയുധങ്ങൾ അതിനുമേലാവട്ടെ സംസ്കാരം. (3 തവണ ആവർത്തിക്കുന്നു)

**സംഘമഹാഗാനം**

നെഞ്ചുയർത്തി, യിന്ത്യയിൽ
നമുക്കു പാടുവാനൊരൊറ്റ

സംഘഗാനം
അതിൻ, സിംഹനാദം
പതിയെ, യെങ്ങുമെങ്ങുമതി-
ന്നനുരണനങ്ങൾ
പതിയെ,യെങ്ങുമെങ്ങുമതിൻ
പ്രതിഫലനങ്ങൾ
സ്വന്തമായതൊക്കെ
ബലികൊടുത്തു മർത്ത്യ-
നതിനു പകരം സ്വന്തമാക്കി
ശാസ്ത്രത്തിൻ ദീപശിഖ-പക്ഷെ-
എന്തുകൊണ്ട് ചൂഷകന്റെ-
യന്ധകാരദുർഗ്ഗത്തിൽ
ബന്ധിതമിന്നും
അതിനെ മോചിപ്പിക്കാം
പൊറുതികേടുകൾക്ക് നടുവിൽ
പൊരുതിനിൽക്കും മാനവന്റെ മഹാവിമോചനത്തിന്റെ
പടവാളാക്കാം വളരുമീ കരാളരാത്രിതന്റെ
നെഞ്ചകം പിളർന്നു പ്രഭയൊഴുക്കുമൊരു പ്രകാശഗോപുരമാക്കാം
രണ്ടുവ്യാഴവട്ടങ്ങൾ പിന്തിരിഞ്ഞുനോക്കുവാൻ
കണ്ടുവോ വഴികളിൽ പൊടിഞ്ഞ രക്തം
എന്തു ദുർഘടം നിറഞ്ഞ പന്ഥാവിലീ ഞങ്ങൾ
ചിന്തയുടെ വിളക്കുമായി നടന്നുകയറി
ആയുധങ്ങൾ പലതുമടരിൽ
മുനയൊടുഞ്ഞിടുന്നു നോക്കു
ആയുധമിതണിഞ്ഞു ഞങ്ങൾ
പൊരുതികയറി അഗ്നി മർത്യനേകുവാൻ
കവർന്ന പ്രോമിത്യൂസിൻ ബോധാഗ്നി ഞങ്ങൾ
ചിന്തകളിൽ കെടാതെ കാത്തു
പതിയെ......
ഇന്നലെകൾ പകർന്ന ധന്യദിനരാത്രങ്ങളിൽ
മർത്യൻ കുന്നുകൂടിയിട്ട വിശ്വവിജ്ഞാനം
അന്യമാക്കി അവനിൽ നിന്നുമതിനെ
നിങ്ങൾ കയ്യടക്കി
വന്യമായ ലാഭക്കൊതി അതിനാൽ മാത്രം
വന്നുഞങ്ങളിന്നിതാ
ശിരസ്സുയുർത്തിയൊന്നുമാത്രം
തന്നുകൊള്ളു നിങ്ങളപഹരിച്ചതൊക്കെ
ഇന്നു ഞങ്ങൾ ഞങ്ങൾ പാടും
സംഘഗാനമേറ്റുപാടാൻ
പൊങ്ങുകയാണെന്നുമെത്രയോ
കഴുത്തുകൾ മർമ്മരങ്ങൾ ഗർജ്ജനങ്ങളായ്
മാറുന്നു
നിർമ്മിത ദുർഗ്ഗങ്ങളുടെ തറയിളകുന്നു
പതിയെ.....
കുന്നുകൾ നിരത്തി കാടുവെട്ടി
മണൽകാടാക്കി തങ്ങളുടെ ഖജാനകൾ
നിറച്ചവർ പുഴകളിൽ വിഷം കലർത്തി
പ്രാണവായുവും കെടുത്തി
പരിസരം ശ്മശാനതുല്യമാക്കിയോർ
യുദ്ധമോഹികൾ കൊള്ള ലാഭമോഹികൾ

ഭൂമിയെ കടുത്ത നരകമാക്കുവോർ
നിങ്ങൾ ഞെട്ടിവിറക്കുന്ന
ഗർജ്ജനങ്ങളാണു പല്ലവികൾ
യുദ്ധമാണതിന്റെ കാഹളധ്വനികൾ
ശക്തമായ പടയൊരുക്കമാണു
ഞങ്ങളിത്രകാലം ഇമ്രവാഹമഗ്രയാനമോർക്കുക
പതിയെ, യെങ്ങുമെങ്ങുമതി-
ന്നനുരണനങ്ങൾ
പതിയെ,യെങ്ങുമെങ്ങുമതിൻ
പ്രതിഫലനങ്ങൾ

**മോചനം**

(ആക്ററിംഗ് ഏരിയയുടെ മധ്യത്തിൽ ഒരു പീഠം. പീഠത്തിൽ കയറിനിന്ന് ഒരാൾ ഉറക്കെച്ചൊല്ലുന്നു.)
കുരളക്കൊടുവാളുകളേന്തി
കുടിലതനടമാടി വരുന്നേ..
കുലപതിമാർ ചൂട്ടുപിടിച്ചേ
കുലനാശം കൂടിവരുന്നേ..
(പാട്ടുനിർത്തി പോകുന്നു)
(കാണികളുടെ ഇടയിൽ നിന്ന് ലോക പാലക ശാസ്ത്രത്തിരുവടികളെ എഴുന്നള്ളിച്ചുകൊണ്ട് ഉടയോൻ ആക്ടിങ് ഏരിയയിലേക്ക് വരുന്നു. തിരുവടികളുടെ വായ് മൂടി പിന്നിലേക്ക് കെട്ടിയിരിക്കുന്നു. അതിൽ പിടിച്ചുകൊണ്ടാണ് ഉടയോൻ വരുന്നത്. കരചലനങ്ങൾ നിയന്ത്രിക്കുന്നതും ഉടയോനാണ്. ഈ ഗാനം ഉടയോൻ പാടുന്നു)
ഉടയോൻ- ജയ ജയ ശാസ്ത്രം ജയ ജയ ശാസ്ത്രം
ജയ ജയ ശാസ്ത്രം ജയശാസ്ത്രം
ഭജ ഭജ ശാസ്ത്രം ഭജ ഭജ ശാസ്ത്രം
ഭജ ഭജ ശാസ്ത്രം മൂഢമതേ
മഹത്വമേറിയൊരീ ശാസ്ത്രം
ഇഹത്തിലെന്തിനുമീശാസ്ത്രം
പല ഗ്രഹത്തിലെത്തിയതീ ശാസ്ത്രം
സൃഷ്ടിച്ചീടാനീശാസ്ത്രം രക്ഷിച്ചീടാനീ ശാസ്ത്രം
ശിക്ഷിച്ചീടാനീശാസ്ത്രം, സംഹരിക്കാനീ ശാസ്ത്രം
(ജയ ജയ ശാസ്ത്രം...)
ഉയടോൻ ചുറ്റി നടന്ന് ശാസ്ത്രത്തിരുവടികളെ പീഠത്തിൽ ഇരുത്തുന്നു. ഉടയോൻ ശ്ലോകം ചൊല്ലുന്നു)
ഉട-സത്യം ധർമ്മം സമത്വം സകല ജനതയോടും
ദയാ, നീതി ബോധം
ആർഷഭാരതനാട്ടിലെ ഗുണഗണം
വർണ്ണിച്ചീടാനാവതോ..
സ്വാതന്ത്ര്യത്തങ്കനൂലിൽ ചെറുതൂവലുതെന്നുള്ള
ഭേദം വെടിഞ്ഞ്
വാഴുന്നു മർത്യരെല്ലാം സുഖദ മഹ-
മഹോ ഭാരതം പുണ്യഭൂമി.
(ശ്ലോകം തീർന്നു കഴിഞ്ഞ ഉടൻ സദസ്യരുടെ നേരെ തിരിഞ്ഞ് അഭ്യർത്ഥിക്കുന്നു)
ഉട-നമ്മുടെ ലോകപാലകശാസ്ത്രത്തിരുവടികൾ എഴുന്നള്ളിയിരിക്കുന്നു. ഭക്തജനങ്ങൾക്ക് ആശീർവാദം വണങ്ങിവാങ്ങാം.എല്ലാവരുടേയും എന്തഭീഷ്ടങ്ങളും സാധിച്ചുകൊടുക്കുന്നതിനും കൂടിയാണ് ഇദ്ദേഹം എഴുന്നള്ളിയിരിക്കുന്നത്.(സമ്പന്നവർഗ്ഗത്തിൽ പെട്ട ഒരാൾ കടന്നുവരുന്നു- ശാസ്ത്രത്തിരുവടികളെ വണങ്ങി. പിന്നെ ഉയടോന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു.)
സമ്പ-എനിക്കു ചില കാര്യങ്ങൾ സാധിച്ചുതരണം. ഞങ്ങളെപ്പോലുള്ളവർക്കുവേണ്ടി ഇദ്ദേഹത്തെ ഇവിടേക്ക് നയിച്ച അങ്ങ് ആരാണെന്നും വെളിപ്പെടുത്തണം.
ഉട-ഇത് ലോകപാലകശാസ്ത്രത്തിരുവടികൾ.നാം ഉടയോൻ. ങും നിങ്ങൾക്കെന്താണാവശ്യം? പറ

ഞ്ഞുകൊള്ളുക
സമ്പ-എനിക്കൊരു ഹൃദയം കൂടിവേണം
ഉട-നിങ്ങൾക്കൊരു ഹൃദയം ഇല്ലേ?
സമ്പ- സ്റ്റെപ്പിനിയായി ഒരെണ്ണം കൂടി ഇരുന്നോട്ടെ. എന്തുവിലയായാലും പ്രശ്നമില്ല.
(ഉടയോൻ തിരുവടികളെക്കൊണ്ട് ഹൃദയം കൊടുപ്പിക്കുന്നു.പ്രതിഫലം വാങ്ങുന്നു)
ഉട- ഇനി എന്തെങ്കിലും ആവശ്യമുണ്ടോ?
സമ്പ-രണ്ടു കാലുകൾകൂടി തരുമാറാകണം.ഇടക്കിടക്ക് എനിക്കത് ആവശ്യമായി വരും.(അതും കൊടുക്കുന്നു)
ഉട-ഇനി എന്താണാഗ്രഹം. പറഞ്ഞുകൊള്ളുക.
സമ്പ- എനിക്കൊരു ഗ്രഹാന്തരയാത്ര നടത്തണമെന്നുണ്ട്. (കുറെ പണം കൂടി ഏൽപിക്കുന്നു)
ഉട-അതിനെന്താ വിഷമം.സാധിച്ചുതരാമല്ലോ. (ഉടയോൻ തിരുവടികളോട് ആജ്ഞാപിക്കുന്നു. തിരുവടികൾ കുനിഞ്ഞ് അനുഗ്രഹിക്കുന്നു. ഉടൻ സമ്പന്നൻ ഒരു റോക്കറ്റ് വിക്ഷേപിക്കുന്നതുപോലെ അപ്രത്യക്ഷമാകുന്നു.
ഉട- ഇതി ഇതുപോലെ ആരെങ്കിലുമണ്ടോ.
അപ്പോൾ എവിടെനിന്നോ വളരെ ദരിദ്രനായ ഒരാൾ.
ലോകപാലക ശാസത്രത്തിരുവടികളെ അഭയം അഭയം എന്നുപറഞ്ഞുകൊണ്ട് ഓടിവരുന്നു. പട്ടിണിയും തൊഴിലില്ലായ്മയും രോഗയും കൊണ്ട് വലയുന്ന അടയനെക്കൂടി രക്ഷിക്കണെ എന്ന് പറഞ്ഞ് കാൽക്കൽ വീഴുന്നു. തിരുവടികൾ കുനിഞ്ഞ് അനുഗ്രഹിക്കാൻ ഭാവിക്കുമ്പോൾ ഉടയോൻ തടസ്സപ്പെടുത്തുന്നു. തിരുവടികൾ ഉടയോനേയും ദരിദ്രനേയും മാറിമാറി നോൽക്കുന്നു.
ഉട- സമയം കഴിഞ്ഞുപോയി ഇദ്ദേഹം ധ്യാനനിരതനാവാൻ പോവുകയാണ്.
ദരിദ്രൻ-അദ്ദേഹം ഒന്നും പറഞ്ഞില്ലല്ലോ.
ഉട-അദ്ദേഹം പറയേണ്ടത് ഞാൻ പറയും. ഇദ്ദേഹം ആരാണെന്ന് നിനക്കറിയാമോ? ഇദ്ദേഹത്തിന്റെ അത്ഭുതസിദ്ധികളെപ്പറ്റി നീ മനസ്സിലാക്കിയിട്ടുണ്ടോ. നീ ഡി.എൻ.എ. എന്ന് കേട്ടിട്ടുണ്ടോ? കേട്ടുകാണുകയില്ല. ടാക്കിയോൺ എന്ന് കേട്ടിട്ടുണ്ടോ? ബ്ലാക്ക് ഹോളെന്ന് കേട്ടിട്ടുണ്ടോ? കേട്ടുകാണുകയില്ല. ആട്ടേ ന്യൂട്രോൺ ബോംബെന്താണെന്ന് അറിയാമോ? കംപ്യൂട്ടർ എന്ന് കേട്ടിട്ടുണ്ടോ? ഇതെല്ലാം ഇദ്ദേഹത്തിന്റെ അത്ഭുത സിദ്ധികളാണ്.
ദരി-എങ്കിൽ അദ്ദേഹം ഉണർന്ന് എന്റെ ആഗ്രഹം നിറവേറ്റിത്തന്നാലല്ലാതെ ഞാൻ പോകുന്നില്ല.
ഉട-(ആദ്യം സൗമ്യമായി. നിങ്ങൽ ഇവിടെനിന്ന് പോകുന്നതാണ് നല്ലത്. സമയമാകുമ്പോൾ വിളിക്കാം അപ്പോൾ വന്നാൽ മതി.)
ദരി- ഞാൻ അങ്ങനെ പോകുന്നില്ല.
ഉട-കടന്നുപോടോ (പിടിച്ചുതള്ളുന്നു. ദരിദ്രൻ പോകുന്നില്ല)
ഉട- ഉണ്ണികളാരും ഇല്ലേ ഇവിടെ. ചുറ്റും നടക്കുന്നു. കയ്യടിച്ചുവിളിക്കുന്നു. സമാധാനക്കോലം പ്രത്യക്ഷപ്പെടുന്നു. ശാസ്ത്രത്തെ തൊഴുന്നു. ഉടയോൻ ശാസ്ത്രത്തിരുവടികളെക്കൊണ്ട് വരം കൊടുപ്പിക്കുന്നു.
ദരി- (ഭയന്ന്) ആരുനീ ആരു നീ നേര് ചൊല്ല് അയ്യോ
ഘോരസ്വരൂപമാം പേപിശാചേ
ഭൂതമോ പ്രേതമോ രക്തചാമുണ്ഡിയോ
ആരാകിലും പോപോ പേ പിശാചേ
സമാധാന-(ചിരിച്ചുകൊണ്ട്) ശാന്തി സമത്വം സാഹോദര്യം സത്യം
കാന്തിയേറും ഭാരതത്തിൻ ഭുജങ്ങൾ
നിന്നിക്കരുതേ നിരസിക്കരുതേ
എല്ലാം യഥേഷ്ടം നമുക്കിവിടില്ലേ
വാ വാ പേടിക്കണ്ട
ദരി-പോ പോ മർദ്ദന പിശാചേ
സമാധാനം രൗദ്രരൂപം കാണിക്കുന്നു.
ദരിദ്രൻ നിലവിളിച്ചുകൊണ്ട് എതിർവശത്തേക്ക് ഓടുന്നു. അപ്പോൾ എതിരെനിന്ന് വ്യാപാരക്കോലം വരുന്നു.
ദരി-അയ്യയ്യോ നീ ആര്
(വ്യാപാരക്കോലം വശീകരണച്ചിരി ചിരിക്കുന്നു)
തികിത തകതക തികിത താരോ

തൈതാര തൈ തൈ
തികിത തകതക തികിത താരോ
തൈതാര തൈ തൈ
ചന്തമേറിയോരെന്നെ അറിയില്ലേ
സന്തുഷ്ട ഭാരത ബന്ധുഞാൻ
വ്യാപാരമാ വാ വാ
തികിത തകതക ...
വരിക വരിക എന്നരികിൽ നീ സഹജാ
ദുഖിയാം നിന്റെ
ദുരിതമഖിലവും ഉടനെ കളവോൻ ഞാൻ
തകതാര തൈ തൈ
തക തികിത തികത തക തക....
ദരി- അയ്യയ്യോ കരിഞ്ചന്ത.(ഭയന്ന് നിൽക്കുന്നു)
അടുക്കിന്നില്ലയെന്ന് കണ്ടപ്പോൾ വ്യാപാരക്കോലം രൗദ്രഭാവത്തിൽ അലറുന്നു. ദരിദ്രൻ ഭയന്ന് നില വിളിച്ചുകൊണ്ട് മറ്റൊരു ഭാഗത്തേക്ക് ഓടുന്നു. അപ്പോൾ അവിടെനിന്ന് സമൃദ്ധിക്കോലം വരുന്നു.
സമൃദ്ധി-യേ യേ യോ യേയോ
യേ യേ യേ യോ
ഉണ്ണിയുടയോര് പറഞ്ഞത് കേൾക്കുകയന്നു നിനക്ക് സുഭിക്ഷം
എന്നും പൊന്നോണം പോലെ കഴിഞ്ഞോ ഞാനുണ്ടിവിടെ സമൃദ്ധി
കണ്ണീരുകുടിക്കുന്നോരു വിടരുതരുതെന്നു നിനച്ചു നടക്കും
എന്നോടൊത്തീടുക വാ വാ..
എന്തിനുവെറുതെ പേടിക്കേണ്ട
ദരിദ്ര- അയ്യോ കള്ളപ്പണമാടൻ
(മൂന്ന് കോലങ്ങളും ചിരിയോടെ നൃത്തം വച്ച് ദരിദ്രനെ വളയുന്നു. ദരിദ്രൻ ശാസ്ത്രത്തെ അഭയം പ്രാപിക്കുന്നു. )
ദരി-കൊല്ലല്ലേ കൊല്ലിക്കല്ലേ കൊന്നത് മതിയേ
ഞങ്ങളെയെല്ലാം ഇല്ലാതാക്കല്ലെ
ശാസ്ത്രത്തിരുവടിയൊന്ന് തുണച്ചീടണെ
(തിരുവടികൾ ആശീർവദിക്കാൻ തുടങ്ങുന്നു. ഉടയോൻ തടസ്സപ്പെടുത്തുന്നു. കോലങ്ങൾ നൃത്തം വയ്ക്കുന്നു.)
ഗാനം
ശവം കുടിച്ചും നിണം കുടിച്ചും കുലം മുടിച്ചും കൂത്താടും
(ദരിദ്രൻ സദസ്സിനോടായി)
നാടൊക്കെ മുടിച്ചുതടിച്ചൊരു
ഭീകരസത്വമിതാ വരവായേ
മാളോരെ വരണേ
നമ്മൾക്കിവനെയൊന്നു തുരത്തീടണേ.
(സദസ്സിൽ നിന്ന് രണ്ട് ദരിദ്രർ വേദിയിലേക്ക് വരുന്നു. മൂന്ന് പേരും സംഘടിക്കുന്നു. അട്ടഹസിച്ചു കൊണ്ട് കോലങ്ങളെ നേരിടുന്നു. അവരും നേതാവായ ദരിദ്രനും കൂടി കോലങ്ങളെ ആട്ടിപ്പായിക്കുന്നു.)
ദരിദ്ര- നീ സമാധാനമല്ല. മർദ്ദനമാണ്. നീ വ്യാപാരമല്ല കരിഞ്ചന്തയാണ്. നീ സമൃദ്ധിയല്ല കള്ളപ്പണമാണ്.(ഉടയോന്റെ നേർക്ക് തിരിഞ്ഞ്) ഈ ദുഷ്ടശക്തികളെയെല്ലാം സൃഷ്ടിച്ച കുടിലശക്തി നീയാണ്. മൂന്ന് പേരും ചേർന്ന് ഉടയോനെ പായിക്കുന്നു. ശാസ്ത്രത്തിന്റെ കെട്ടഴിക്കുന്നു. ശാസ്ത്രം സന്തോഷത്തോടെ അവരോടൊപ്പം നിൽക്കുന്നു.
ശ്ലോകം- ശാസ്ത്രം
എന്നെ ബന്ധിച്ച ദുഷ്ടപരിഷകളുടെ കയ്യൊക്കെയും വെട്ടിവീഴ്ത്തി
എന്നെ സൃഷ്ടിച്ച നിങ്ങൾ ദുരിത-
മനുഭവിച്ചിന്നുയിർക്കൊണ്ടുണർന്നു
നമ്മൾക്കിരുവർക്കും നന്മയുണ്ടാകും
മുന്നോട്ട് നീങ്ങുന്നു.

അനൗൺസർ പ്രവേശിക്കുന്നു.-

ഇത് നാടകമാണ്. ശാസ്ത്രം എന്നും തടങ്കലിലാണ്. അതിനെ മോചിപ്പിക്കുന്ന കടമ ഇനിയും അവശേഷിക്കുന്നു.

പനങ്ങാട് പി തങ്കപ്പൻ പിള്ള

## പട്ടിണിക്കാരോട്

രചന: ബർതോൾത് ബ്രെഹ്ത്, വിവ: പുനലൂർ ബാലൻ

ഭാരതത്തിൽ ബഹുഭൂരിപക്ഷം ജനങ്ങളും നിരക്ഷരരാണ്. ആധുനികശാസ്ത്ര-സാങ്കേതിക വിജ്ഞാനത്തിന്റെ നേരിയ വെളിച്ചംപോലും അവരിലേക്ക് കടന്നുചെന്നിട്ടില്ല. എഴുത്തും വായനയും അറിയാത്തവർ എഴുത്തും വായനയും പഠിക്കണം. നാളത്തെ ആജ്ഞാശക്തിയായി മാറീടാൻ പട്ടിണിയായ മനുഷ്യാ നീ പുസ്തകം കയ്യിലെടുത്തോളൂ. പുത്തനൊരായുധമാണ് നിനക്കത്.

(പ്രധാന ഗായകൻ സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട്)

ഗായകൻ : നാളെ നേതാക്കളായ് മാറേണ്ട നിങ്ങൾക്ക്
കാലമമാന്തിച്ചുപോയില്ല
നിങ്ങൾ പഠിക്കുവിൻ, നിങ്ങൾ പഠിക്കുവിൻ
ആദ്യക്ഷരം മുതൽ മേലോട്ട്
ബാലപാഠങ്ങൾ പഠിച്ചോളിൻ, മതിയാകില്ലെങ്കിലും (2)

നന്നായ് പഠിച്ചോളിൻ
എന്തിന്നധീരത, ഇപ്പോൾ തുടങ്ങുവിൻ
എല്ലാം നിങ്ങൾ പഠിക്കേണം
തയ്യാറാകണമിപ്പോൾ തന്നെ
ആജ്ഞാശക്തിയായ് മാറീടാൻ

(പെട്ടെന്ന് സദസ്യരുടെ ഇടയിൽ വിവിധ ഭാഗങ്ങളിൽനിന്നായി എട്ടുപേർ ഏറ്റുപാടിക്കൊണ്ട് വേദിയിലേക്ക് കടന്നുവരുന്നു.)

എല്ലാം നിങ്ങൾ പഠിക്കേണം
തയ്യാറാകണമിപ്പോൾ തന്നെ
ആജ്ഞാശക്തിയായ് മാറീടാൻ (3)

(മൂന്നാംവട്ടം ആവർത്തിക്കുന്നതോടെ ഗായകന്റെ പിന്നിൽ അണിനിരക്കുന്നു.)

ഗായകൻ : നാടുകടത്തപ്പെട്ടവരേ

(വലതുവശത്തുള്ള രണ്ടുപേർ അവരുടെ മധ്യത്തിലുള്ള ആളിനെ മുന്നിലേക്കു തള്ളുന്നു: ഫ്രീസ്)

തടവിലാക്കപ്പെട്ടവരേ

(ഇടതുവശത്തുള്ള രണ്ടുപേർ ഒരു ചുവട് മുന്നോട്ടുവച്ച് പാറാവുകാരെപ്പോലെ നിൽക്കുന്നു. അവരുടെ നടുവിലുള്ള ആൾ തടവുകാരനെപ്പോലെ നടിക്കുന്നു: ഫ്രീസ്)

എന്നും അടുക്കളക്കുള്ളിൽ കുടുങ്ങി
ഒതുങ്ങിയിരിക്കും വീട്ടമ്മമാരെ

(നടുവിലുള്ള പെൺകുട്ടി ഇരുന്ന് വീട്ടമ്മ അരയ്ക്കുന്നതായി കാണിക്കുന്നു: ഫ്രീസ്)

വാർധക്യപെൻഷൻ വാങ്ങിയിരിക്കും
വന്ദ്യവയോധികരെ

(ഏറ്റവും വലത്തെ അറ്റത്തുള്ള ആൾ വൃദ്ധനെപ്പോലെ ചലിക്കുന്നു: ഫ്രീസ്)

സംഘം : (ചലിച്ചുകൊണ്ട്)
എന്തിന്നധീരത..............

..........................

ഗായകൻ : പാർപ്പിടമില്ലാത്ത പാവങ്ങളെ
മഞ്ഞിൽ കോച്ചിയിരുപ്പവരെ

വിദ്യാശാലയും വിജ്ഞാനങ്ങളും
അന്വേഷിപ്പിൻ കൂട്ടരെ.

(സംഘം കൈകൾ ഉയർത്തിക്കൊണ്ട് ആവർത്തിക്കുന്നു. എല്ലാവരും കൂടി കൈചൂണ്ടി പാടി വലതുവശം തിരിഞ്ഞ് മാർച്ച് ചെയ്തുകൊണ്ട്)

പട്ടിണിയായ മനുഷ്യാ നീ
പുസ്തകം കയ്യിലെടുത്തോളൂ
പുസ്തകം കയ്യിലെടുത്തോളൂ

(ആകൃതിയിൽ നിൽക്കുന്നു)

(V ആകൃതിയിൽ നിൽക്കുന്നു)

എന്തന്നധീരത.............................
...........................................

ഗായകൻ : ചോദ്യം ചെയ്യാൻ ഭയക്കാതിരിക്കുവിൻ

(ഇടതുവശത്തുനിന്ന് രണ്ടുപേർ ഇടതും വലതും കൈകൾ ചൂണ്ടി നിൽക്കുന്നു: ഫ്രീസ്)

മുഢവിശ്വാസങ്ങൾ തള്ളിക്കളയുവിൻ

(വലതുവശത്തുനിന്ന് രണ്ടുപേർ സമാധിമുദ്രകാട്ടി നിൽക്കുന്നു: ഫ്രീസ്)

മറ്റുള്ളവർ : തന്നത്താനെ പഠിക്കാതെയൊന്നും
അറിയില്ല നിങ്ങൾ സഖാക്കളെ

സംഘം : ചോദ്യം ചെയ്യാൻ ഭയക്കാതിരിക്കുവിൻ

.................................

സംഘം : ഓരോ ചെറുചെറു വസ്തുവിലും വിരൽ തൊട്ടുതൊട്ടങ്ങു ചോദിക്കൂ
എങ്ങനെയിത്കിട്ട് നിങ്ങൾക്ക് (കട്ട്) (2)
എന്തിന്നധീരത ഇപ്പോൾ തുടങ്ങുവിൻ (2)

(പ്രധാന ഗായകൻ മുഷ്ടി ചുരുട്ടി മുകളിലേക്ക് ദൃഷ്ടി ഊന്നിക്കൊണ്ട് നിൽക്കുമ്പോൾ മറ്റുള്ളവർ വൃത്താകൃതിയിൽ അദ്ദേഹത്തിനു ചുറ്റുമിരുന്ന് ഓരോ കൈ അദ്ദേഹത്തെ ലക്ഷ്യമാക്കി ഉയർത്തുന്നു.)

## ആറ്റം

എം.പി. പരമേശ്വരൻ, എ.ആർ. ഗോപിനാഥൻനായർ, എ.എസ്. മോഹനൻ

അതെ, ആ ഒളിയുടെ പൊരുൾ ആറ്റത്തിന്റെ ഉള്ളിലാണ് നിലകൊള്ളുന്നത്. വെറുതെയാണോ അവനിത്ര ഊറ്റം!

ആറ്റം ആറ്റം!

അമ്പോ നിന്റെ ഊറ്റം
അഖില ചരാചരവസ്തുവിനും
അടിസ്ഥാനം നീയെന്നോ!
അവിഭാജ്യമെന്നോർത്തൂ ഞങ്ങൾ
ആദിയിൽ നിന്റെ ശരീരം
തോംസണും റൂഥർഫോർഡും
നിന്റെ രഹസ്യങ്ങൾ ചോർത്തിയെടുത്തു
ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ
നിന്റെ അംഗങ്ങൾ അവയെന്ന് വെളിപ്പെടുത്തി
നിന്റെ അംഗങ്ങൾ അവയെന്ന് വെളിപ്പെടുത്തി

(ആറ്റം, ആറ്റം!....)

എത്രയും സൂക്ഷ്മമെന്നാലും നിന്നിൽ
എന്തെന്തു ചലനവിശേഷം!
ഇലക്ട്രോണിൻ നെട്ടോട്ടം - ക്വാണ്ടച്ചാട്ടം

നിൻ കേന്ദ്രത്തിൻ പുറത്തുള്ള നീക്കം
മീസോണിൽ കൈമാറ്റം
ന്യൂട്രോണിൽ കൂറുമാറ്റം
പ്രോട്ടോണിൽ കാലുമാറ്റം
അങ്ങനെ പല പല മാറ്റങ്ങൾ (ആറ്റം, ആറ്റം!....)

വിഭജിച്ചാലുടനുദ്ഗമിക്കും
അപാര ശക്തിവിശേഷം
സൃഷ്ടി, സ്ഥിതി, സംഹാരശക്തി
ഊർജ പ്രവാഹശക്തി
ആ ശക്തി സംഭരിച്ചിന്നും മനുഷ്യൻ
ഹോറോഷിമകൾ തീർക്കുന്നു.
ആ ശക്തി സംഭരിച്ചിന്നും മനുഷ്യൻ
സാമ്രാജ്യങ്ങൾ ചമയ്ക്കുന്നു.

(ആറ്റം, ആറ്റം!....)ാ

## ഹേ പ്രപഞ്ചമേ

എം.പി. പരമേശ്വരൻ

അങ്ങനെ ആകാശത്തിന്റെ അപാരതയിലേക്കും അണുവിന്റെ ഉള്ളിന്നുള്ളിലേക്കും ഊളിയിട്ടിറങ്ങിയപ്പോൾ കണ്ട കാഴ്ചകൾ മനുഷ്യനെ അമ്പരപ്പിച്ചു. പ്രപഞ്ചം ഒരു മായയാണെന്നുവരെ ചിലർക്കു തോന്നി. എന്നാൽ ചോരയും നീരുമുള്ള, വിശപ്പും വികാരവുമുള്ള മനുഷ്യന് ലോകം മിഥ്യയല്ല, മായയല്ലാ യാഥാർത്ഥ്യമാണ്. ആ പ്രപഞ്ചത്തെ മാറ്റിമറിക്കുന്നതിലൂടെ മനുഷ്യൻ അതിനെ മനസ്സിലാക്കുന്നു.

(ഒരാൾ കടന്നുവരുന്നു. സാവധാനം നിലത്തിരുന്ന് ആകാശത്തേക്ക് ദൃഷ്ടികളുയർത്തി. ആ കണ്ണുകളിൽ അന്വേഷണതൃഷ്ണ. ആദ്യത്തെ നാലുവരികൾ ഈ സമയത്താണ്.)

ഗായകൻ : ഹേ പ്രപഞ്ചമേ
നീ മായയാണോ....
ഖരമോ ദ്രവമോ നീ വാതകമോ
പ്ലാസ്മയോ പിന്നെ തേജസോ നീ
ഇരുളോ വെളിച്ചമോ....
ചൂടോ തണുപ്പോ നീ
ഇരുളോ വെളിച്ചമോ....

(ഇത് ഈണത്തിൽ വിരുത്തമായി പാടുന്നു. 'നീ മായയാണോ....' എന്ന ഭാഗം തൊട്ട് എട്ടുപേരടങ്ങിയ സംഘവും വേദിയുടെ ഓരോ ഭാഗത്തായി പല പോസുകളിൽ നിൽക്കുന്നു.)

ഗായകൻ : ഹേ പ്രപഞ്ചമേ

കോറസ് : നീ മായയാണോ....

ഗായകൻ : തന്മാത്രയിലെ അണുക്കളോ
അണുവിന്നുള്ളിലെ കണങ്ങളോ (കോറസ് ഏറ്റുപാടുന്നു)
കണങ്ങൾ തൻ ചലനമോ
ചലനത്തിൻ ഊർജമോ (കോറസ്)

ഊർജത്തിൻ കണമോ നീ
കണങ്ങൾതൻ തരംഗമോ (കോറസ്)

കണങ്ങൾതൻ തരംഗമോ
എന്തു നീ പ്രപഞ്ചമേ.... (കോറസ്) (2)

ഗായകൻ : ഹേ പ്രപഞ്ചമേ

കോറസ് : നീ മായയാണോ....
..............................

(പാട്ടുപാടുമ്പോൾ പലവിധ ചലനങ്ങൾ. സംഘം വേദി നിറഞ്ഞുനിൽക്കും.)

മട്ടുമാറി

ഗായകൻ : കാലത്തിൻ വേലയോ-നീ
മാനത്തിൻ വേഷമോ നീ (കോറസ്)

ഗായകൻ : മായയെന്നോ നിൻപേർ
എവിടേ നീ?

കോറസ് : പറയാൻ വിഷമം

ഗായകൻ : എങ്ങു പോകുന്നു നീ?

കോറസ് : പറയാൻ വിഷമം

ഗായകൻ : അനിശ്ചിതത്വമെന്നോ നിൻപേർ

കോറസ് : പറയാൻ വിഷമം

ഗായകൻ : നിന്നെ സൃഷ്ടിച്ചതാര്?
ആ സ്രഷ്ടാവിൻ സ്രഷ്ടാവേത്? (കോറസ്)

ഗായകൻ : നിൻ തുടക്കമെന്ത്?
നിൻ അന്ത്യമെന്ത്? (കോറസ്)

ഗായകൻ : അജ്ഞേയയോ നീ
അപ്രാപ്യയോ നീ (കോറസ്)

ഗായകൻ : ഇല്ലായ്മയോ വെറും
ഇല്ലായ്മയോ (കോറസ്)

ഗായകൻ : ഹേ പ്രപഞ്ചമേ....

കോറസ് : നീ മായയാണോ....

ഗായകൻ : കണ്ണടച്ചിരുട്ടാക്കും മനുഷ്യാ
നിൻ വയറ്റിലെ തീയാണു ഞാൻ (കോറസ്)

ഗായകൻ : നിൻ സിരസിലെ വികാരവും (കോറസ്)

ഗായകൻ : നിൻ മനസ്സിലെ മോഹങ്ങളും (കോറസ്)

ഗായകൻ : നിൻ ഉടലിലെ വേദനയും (കോറസ്)

ഗായകൻ : നിൻ വയറും മനസ്സും ഉടലും സിരയും
എല്ലാമെല്ലാം ഞാനാണ് (കോറസ്)

ഗായകൻ : നീയെന്റെ ഒരു ഭാഗം മാത്രം (കോറസ്)

(കൈകൾ കോർത്ത് ഇരുവശത്തേക്കും ചലിപ്പിക്കുന്നു.)

ഗായകൻ : നിൻബുദ്ധിയെൻ ചലനവിശേഷം (കോറസ്)

ഗായകൻ : ആത്മാവ് ബുദ്ധിവിശേഷം (കോറസ്)

ഗായകൻ : അനാദ്യന്തദ്രവ്യരൂപപ്രപഞ്ചം ഞാൻ (കോറസ്)

ഗായകൻ : നാനാരൂപപ്രപഞ്ചം ഞാൻ (കോറസ്)

ഗായകൻ : സ്ഥലകാലദ്രവ്യരൂപപ്രപഞ്ചം ഞാൻ (കോറസ്)

(ഈ വരികൾ പാടുമ്പോൾ സംഘം വരിയായി മാർച്ച് ചെയ്ത് പിരിഞ്ഞുതുടങ്ങുമ്പോ ഴത്തെ
പോസുകളിൽ ഫ്രീസ് ചെയ്യുന്നു.)

(വിരുത്തം)

ഗായകൻ : എൻ ഉത്തമരൂപമാം മനുഷ്യാ നീ
കണ്ണടച്ചിരുട്ടാക്കാതെ
കർമം ചെയ്യുക മനുഷ്യാ നീ
ജ്ഞാനം നേടുക മനു,ഷ്യാ നീ
സ്വതന്ത്രനാകുക മനുഷ്യാ നീ.

(ഓരോ വരിയും കോറസ് ഏറ്റുപാടുന്നു.)

**അനന്തതയുടെ നാൽക്കവലയിൽ**
ശുഭ്രമായ കടലാസ്സിനുമുമ്പിൽ
മഷിനിറച്ച പേനയുമായി ഞാനിരുന്നു
മനുഷ്യന്റെ മഹത്വത്തെപ്പറ്റിയെഴുതാനായി
ആലോചിക്കവേ കാലം പിറകോട്ട് പോയി
നരനായി ത്തീർന്ന വാനരനിൽ നിന്നു
കോടികോടി കൊല്ലം പിറകോട്ട്
അമീബയിലൂടെ അമിനോ അമ്ലങ്ങളിലൂടെ
ഭൂമിയുടെ ശൈശവത്തിലേക്ക്
നക്ഷത്ര സമൂഹങ്ങളിലേക്ക്
ഗാലക്സികളിലേക്ക്
വികസിക്കുന്ന വിശ്വത്തിലേക്ക്
പേരില്ലാത്ത പ്രപഞ്ചവസ്തുവിന്റെ
പ്രജണ്ടമായ വിസ്ഫോടനത്തിലേക്ക്
സമയത്തിന്റെ തുടക്കത്തിലേക്ക്
എന്റെ കണ്ണുകൾ നീളുന്നു
ആയിരം കോടി പ്രകാശവർഷങ്ങളിലും അപ്പുറത്തേക്ക്
എന്നിട്ടും അറ്റം കാണാതെ വലയുന്നു.
പക്ഷെ പ്രപഞ്ചത്തെ മുഴുവൻ ഞനെന്റെ മസ്തിഷകത്തിലൊതുക്കുന്നു
ഒന്നിനുപുറകെ 26 പൂജ്യം കൊണ്ട്
പ്രപഞ്ചവും ഞാനും തമ്മിലുള്ള ബന്ധം
ഇതിന്റെ പൊരുളെന്ത്
പൊരുളിന്റെ പൊരുളെന്ത്?
ഞാൻ പകച്ചുനിന്നു
അനന്തതകളുടെ നാൽക്കവലയിൽ
മൗലിക കണങ്ങളുടെ ലോകത്തിലേക്ക്
ഞാൻ തിരിഞ്ഞുനടന്നു
ചെറുതിൽ നിന്ന് ചെറുതിലേക്ക്
തലനാരിഴ ലക്ഷം കോടിയായി കീറി
ഒന്നിനു പുറകെ 16 പൂജ്യം കൊണ്ട്
അതിനെ ഞാൻ എന്നോട് കൂട്ടിക്കെട്ടി
അങ്ങനെ അനന്തത്തെ സ്വന്തമാക്കി
ഒന്നിനു പുറകെ നാല്പത്തിരണ്ട് പൂജ്യം അതാണെന്റെ പ്രപഞ്ചം
സ്പേസിന്റെ മഹാവീഥീയിൽ
ചെറുപ്പത്തിന്റെ ചെറുപ്പത്തേയും
പൂജ്യം കൊണ്ട് കൂട്ടിക്കെട്ടി
മസ്തിഷ്കത്തിലൊതുക്കി
നിൽക്കുകയാണ് ഞാൻ
അനന്തതയുടെ നാൽക്കവലയിൽ
ഒറ്റപ്പെട്ട മസ്തിഷ്കങ്ങൾ
മസ്തിഷ്കക്കൂട്ടങ്ങൾ
ക്ഷണിക ജീവിയായ മനുഷ്യൻ
കൗമാരം കടക്കാത്ത മാനവ സംസ്കാരം
അത് നേടിയതെന്ത് നേടാത്തതെന്ത്
പ്രോട്ടോണിന് കുറകെ പ്രയാണം
ചെയ്യുന്ന പ്രകാശം
സമയത്തിന്റെ നിമ്ന സീമ
പത്ത് ഘാതം മൈനസ് ഇരുപത്തിനാല്
മഹത്തായ വികാസത്തിന്റെ ആരംഭം

ആയിരം കോടി സംവത്സരങ്ങൾക്കുമപ്പുറം
പ്രോട്ടോണിന് കുറുകെ പ്രകാശം ചലിച്ചുകൊണ്ടേയിരുന്നു
സമയത്തിന്റെ മൗലിക മാത്രകൾ കുറിച്ചുകൊണ്ടേയിരുന്നു
പത്ത് ഘാതം നാൽപത്തിരണ്ട് പ്രോട്ടോൺ പ്രകാശം
സ്ഥലകാലങ്ങളുടെ സൂക്ഷ്മസ്ഥൂലങ്ങളുടെ സംഗമം
പത്ത് ഘാതം നാൽപത്തിരണ്ട്
അനന്തമായ സ്പേസിലൂടെ
അവിരാമമായി ചലിക്കുന്ന
അനാതിയായ ദ്രവ്യം
അതിന്റെ ഉണ്മ
അതിന്റെ എണ്ണമറ്റ രൂപഭാവങ്ങൾ
അതിലാണെന്റെ മസ്തിഷ്കവും
അതിലൊതുങ്ങുന്നു പ്രപഞ്ചം
അത്ഭുതസ്തബ്ധനായി നിൽക്കുകയാണ് ഞാൻ
അനന്തതയുടെ നാൽക്കവലയിൽ

## നാലു ശാസ്ത്രജ്ഞൻമാരും രണ്ട് ശവങ്ങളും

വിളംബരക്കാരൻ–
ഈ ലോകത്തിലുള്ള സകലമാന ശാസ്ത്രജ്ഞൻമാരുടേയും അറിവിലേക്കായി എം.ഐ.എ, അതായത് മെഡിക്കൽ ഇന്റർനാഷണൽ അസോസിയേറ്റ്സ് വിളംബരപ്പടുത്തുന്നതെന്തെന്നാൽ ശാസ്ത്രം അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുകയും ജീവനെത്തന്നെ കൃത്രിമമായി നിർമ്മിക്കാമെന്ന് കണ്ടുപിടിക്കുകയും ചെയ്തിരിക്കെ തങ്ങളുടെ ബുദ്ധിയേയും വിവേകത്തേയും വെല്ലുവിളിക്കുന്ന ഒരു അന്താരാഷ്ട്ര മത്സരം. കമ്പനി നൽകുന്ന ശവത്തിന് ജീവൻ നൽകുന്ന ശാസത്രജ്ഞന് 10 കോടി ഡോളറും ജീവിതാവസാനം വരെ ഇഷ്ടമുള്ള ഗവേഷണം നടത്തുന്നതിനുള്ള സൗകര്യവും നൽകുന്നതാണ്.
നാടറിയാതെ നാട്ടാറിയാതെ നേടിവെച്ചിട്ടുള്ള എല്ലാ രഹസ്യ വിജ്ഞാനത്തിന്റേയും ഉടമകൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാം.
(വിളംബരം അകന്നുപോകുന്നു. മൂന്നുപേർ വിളംബരം ശ്രദ്ധിച്ചുകൊണ്ട് വേദിയിലേക്ക് വരുന്നു)
ഒരാൾ– ഞാൻ അസ്ഥിമേഘൻ. അസ്ഥിശാസ്ത്ര വിദഗ്ദൻ. കാലം പൊടിച്ചതും പൊടിഞ്ഞതുമായ ഏതൊരു അസ്ഥിക്കൂമ്പാരത്തേയും കണ്ടെടുത്ത് തരംതിരിച്ച് സ്ഥാനം നിർണ്ണയിച്ച് രൂപം നൽകാൻ കഴിവുള്ളവൻ. ആകയാൽ ഞാൻ അസ്ഥിമേഘൻ.
രണ്ടാമൻ– ഓ! നീയൊരു എല്ലിൻകൂടുണ്ടാക്കുന്നവൻ! എടോ, ജീവിയായാൽ രൂപം വേണം, രൂപത്തിനോ മാംസം വേണം.അളിഞ്ഞതും പിളിഞ്ഞതും കത്തിക്കരിഞ്ഞതും. എന്തിനേറെ മണ്ണോടുമണ്ണു ചേർന്ന മാംസം പോലുമെടുത്ത് തരംതിരിച്ച് സ്ഥാനം നിർണ്ണയിച്ച് പൂർവ്വസ്ഥിതിയിലാക്കാൻ കഴിവുള്ളവൻ. ഞാൻ സിദ്ധമാംസൻ.
മൂന്നാമൻ– ഹ!ഹ! അതുകൊണ്ടെന്തു കാര്യം. ശവമെന്നും ശവം തന്നെ, ഞാൻ ഹൃദയചാലൻ. നിന്നുപോയ ഏതൊരു ഹൃദയത്തേയും അതെത്ര പഴക്കമുള്ളതായാലും വീണ്ടും ചലിപ്പിക്കാൻ കഴിവുള്ളവൻ. ആകയാൽ ഹൃദയചാലൻ.
(നാലാമൻ രംഗത്തു വരുന്നു. ഓരോരുത്തരേയും സമീപിക്കുന്നു. ഓരോരുത്തരും പേര് ആവർത്തിക്കുന്നു.)
മൂന്നുപേരും– നിങ്ങളാരാണ്?
ീനാലാമൻ–എന്റെ പേര് സകലസിദ്ധൻ.
മൂന്നുപേരും– സകലസിദ്ധൻ. നമുക്ക് ഇയാളെക്കൂടി കൂട്ടാം.
(നാലുപേരും എം.ഐ.എയുടെ ആസ്ഥാനത്തിലെത്തുന്നു. മൂന്നുപേരും സ്വയം പരിചയപ്പെടുത്തുന്നു. നാലാമനെ പരിചയപ്പെടുത്തുന്നു)
എം.ഐ.എ– മൽസരത്തിനുള്ള വ്യവസ്ഥകളെല്ലാം അറിയാമല്ലോ?
നാലുപേരും– അറിയാം.
എം.ഐ.എ– എന്റെ പരീക്ഷണശാലയ്ക്കകത്തുള്ള ശവത്തിന് ജീവൻ കൊടുക്കണം. സമ്മാനത്തുക അറിയാമല്ലോ?
എം.ഐ.എ– വരൂ
നാലുപേരും– അറിയാം.

(എല്ലാവരും പോകുന്നു......ലാബറട്ടറി..... ശാസ്ത്രജ്ഞനിലൊരാൾ ഒരു പെട്ടി തുറന്നുനോക്കുന്നു)
അയാൾ– ഹാ! ഇത് ഐൻസ്റ്റീനാണല്ലോ. ഹ! ഇദ്ദേഹത്തിനെ ജീവിപ്പിച്ചു കഴിഞ്ഞാൽ ലോകത്തിന് എത്ര വലിയ നേട്ടമായിരിക്കുമത്. ലോകസമാധാനത്തിനുവേണ്ടി അദ്ദേഹം മുന്നിൽ നിന്ന് പ്രവർത്തിക്കും, എനിക്കുറപ്പുണ്ട്.
എം.ഐ.എ– നിങ്ങൾ ജീവിപ്പിക്കേണ്ട ശവം അതല്ല, ഇതാണ്.
(തുറന്നു കാണിക്കുന്നു)
എല്ലാവരും– അയ്യോ ഇതിനെ ജീവിപ്പിച്ചു കൂടാ.... ഇത് നാശത്തിന്റെ പ്രതീകമാണ്.
എം.ഐ.എ– അതെന്തിന് നിങ്ങൾ അറിയണം. ഇതിനെ ജീവിപ്പിച്ചാൽ നിയന്ത്രിക്കാൻ ഞങ്ങൾക്കറിയാം.
സകലസിദ്ധൻ– ഇല്ല. ഞാൻ തയ്യാറല്ല. ഹിരോഷിമയും നാഗസാക്കിയും നിങ്ങൾ ഓർക്കുന്നില്ലേ?
എം.ഐ.എ– ഒന്നല്ല. ഒട്ടേറെ ഹിരോഷിമകളും നാഗസാക്കികളും ലോകത്തിനാവശ്യമാണ്. ഇല്ലെങ്കിൽ സമ്പദ്‌വ്യവസ്ഥ ആകെ തകരും. മാത്രമല്ല ജനങ്ങൾ എത്രമാത്രം ഭയപ്പെട്ടു ജീവിക്കുന്നുവോ അത്രമാത്രം ലോകവും ലോകരും നമ്മുടെ വരുതിയിൽ.... അതാണ് ഞങ്ങളുടെ സിദ്ധാന്തം.
സകലസിദ്ധൻ– ഇല്ല. ഞാൻ തയ്യാറല്ല. എന്റെ വിജ്ഞാനങ്ങൾ.... ഞാൻ നേടിയ ശാസ്തരവിജ്ഞാനങ്ങൾ....അത് മനുഷ്യന്റെ നന്മയ്ക്കായിരിക്കണമെന്ന് എനിക്ക് നിർബന്ധമുണ്ട്, ഈ ഭീകരസത്വത്തെ ജീവിപ്പിച്ച് അതിനെ നിങ്ങളുടെ കൈയ്യിലേൽപ്പിക്കാൻ ഞാൻ തയ്യാറല്ല.
(ഇറങ്ങിപ്പോകുന്നു.....രണ്ടു ശാസ്ത്രജ്ഞൻമാർ കൂടിയാലോചിക്കുന്നു. ഒരാൾ ശവത്തെ പരിശോധിക്കുന്നു.)
സിദ്ധമാംസ– ഇതിനെ ജീവിപ്പിച്ചാൽ നമ്മുടെ വരുതിയിൽ നിൽക്കുമോ!
അസ്ഥിമേ– അതിനെ അവർക്ക് നിയന്ത്രിക്കാൻ കഴിയുമെന്നാണല്ലോ പറയുന്നത്.
(രണ്ടുപേരും രഹസ്യം പറയുന്നു. മൂന്നാമനെ എം.ഐ.എ വിളിച്ച് പ്രലോഭിപ്പിക്കുന്നു. മൂന്നാമൻ മറ്റുള്ളവരോട് ചേരുന്നു)
ഹൃദയപാലൻ– അതോർത്ത് നാമെന്തിന് വേവലാതിപ്പെടണം.ഇതിനെ ജീവിപ്പിച്ചാൽ അതിനെ നിയന്ത്രിക്കുന്ന കാര്യം എം.ഐ.എ ഏറ്റെടുക്കുമെന്നല്ലേ പറയുന്നത്. ....മാത്രവുമല്ല, നാം അവരുടെ കീഴിലായതിനാൽ നമ്മുടെ കാര്യം ഭയപ്പെടാനുമില്ല. 10 കോടി ഡോളർ കിട്ടുകയും ചെയ്യും.
സിദ്ധ– പത്തുകോടി ഡോളറാണ്, പക്ഷേ...?
അസ്ഥി– അവർക്ക് അതിനെ നിയന്ത്രിക്കാൻ കഴിയുമെങ്കിൽ?
ഹൃദയ– കഴിയും.... നിയന്ത്രിക്കും.... നാം ഇതിനെ ജീവിപ്പിച്ച് നിയന്ത്രണത്തിലാക്കിയാൽ ലോകവും ലോകരും നമ്മുടെ വരുതിയിൽ...
(മറ്റുള്ളവർ ഏറ്റുപറയുന്നു.... പെട്ടിയുടെ അടുത്തേക്ക് നീങ്ങുന്നു.)
എം.ഐ.എ– തുടങ്ങാമല്ലോ?
മൂവരും– തുടങ്ങാം.
(ഓപ്പറേഷൻ ആരംഭിക്കുന്നു. ഭീകരസത്വം പുനർജനിക്കുന്നു. ശാസ്ത്രജ്ഞരും എം.ഐ.എയും നിയന്ത്രിക്കാൻ ശ്രമിക്കുന്നു. സാധിക്കുന്നില്ല. ഓരോരുത്തരേയായി സത്വം കടിച്ചുകീറിയശേഷം സദസ്സിന്റെ നേർക്ക് അലറിച്ചാടുന്നു)

**ബാധ**

ചെറുതായുള്ളൊരു തുള്ളൽക്കഥ ഞാ–
നുരചെയ്യുന്നതിനുള്ള കുറവുകൾ
അറിവുള്ളവരെ ,നിങ്ങൾ പൊറുത്തി–
ന്നനുമോദിക്കണമതിനു തൊഴുന്നേൻ
ഏഴരനാഴികനേരമിരുട്ടിയനേരം
ഭീകരമായൊരലർച്ച
ചോരകുടിക്കണം, എവിടെ കോഴി, ചാരായം ഒരു കുപ്പി വരട്ടെ
അകലെത്തെങ്ങോ നിന്നാ ശബ്ദം
ചെവിയിൽ വന്ന് പതിച്ചിരുളത്ത്
മെല്ലെയെണീറ്റുകിടക്കിയിൽ നിന്നും
തെല്ലുഭയത്തോടെ കതകു തുറന്നു
നല്ലൊരു വടിയുമെടുത്തുപിടിച്ചു
പല്ലുകടിച്ചൊരു ധൈരത്തോടെ
മുറിയിൽ നിന്ന് പുറത്തുകടന്നു

ഇറയത്തൽപമിരുന്നതുഞാനും
കൊള്ളക്കാരോ കൊലയാളികളോ
കള്ളുകുടിച്ചിട്ടടിയോ പിടിയോ
ഇങ്ങനെ പലതും ചിന്തിക്കുമ്പോൾ
അങ്ങേലെ ചങ്ങാതി വരുന്നു
സംഗതിയാളു തുറന്നുപറഞ്ഞു
അങ്ങൊരിടത്തൊരു ബാധയൊഴിക്കൽ
അവിടെക്കണ്ടൊരു കാഴ്ച വിചിത്രം
വിവരിക്കാമിവനാവതുപോലെ
മുറ്റത്തിട്ടൊരു പന്തലിനുള്ളിൽ കത്തുന്നുണ്ടു വിളക്കുകളേഴ്
വൃദ്ധനൊരുത്തൻ പൂജിക്കുന്നു
ചത്തപിതൃക്കളെയൊന്നു വരുത്താൻ
ഇലകളുമിട്ടുവിളക്കിൻ മുമ്പിൽ
പലവക പഴമതിനുള്ളിൽ വച്ചു
അവിലും ,മലരും ,വറപൊടി,ശർക്കര,
കൊട്ടത്തേങ്ങ, ചന്ദനമുട്ടി,
കള്ള്,കരിക്ക്, ചാരായം ചില
തുള്ളക്കാരുടെ കയ്യിൽ പന്തം
പട്ടിക, യാണികൾ, പലകത്തുണ്ട്,
കഷ്ടിച്ചൊരുമാറോളം കയറ്
ഇങ്ങനെ പലതുമൊരുക്കിയിരിപ്പു.
ഭംഗികലർന്ന പന്തലിനുള്ളിൽ
തിങ്ങിനമോതാലയലത്തുള്ളവ
രംഗിഗായിട്ടവിടെ വസിപ്പു
ഇരുന്നു പാറു വല്ല്യമ്മ
പറഞ്ഞു ദേവകിയോട്
മനക്കൽ കൊച്ചു നങ്ങേലി-
യ്ക്കൊരിക്കൽ ബാധയുണ്ടായി
അറക്കൽ ശങ്കുവാശാനെ വരുത്തിനോക്കിയ നേരം
കിഴക്കേലേ കൊച്ചുകോന്നാൻ പടച്ചുവിട്ടതാ കാര്യം
ഒടുക്കം പപ്പുമാന്ത്രികൻ
ഒഴിച്ചുമാറ്റീയീദോഷം
മനക്കൽ സന്തതി രണ്ട്
ജനിക്കാൻ പപ്പുവാ കാര്യം
മുടിഞ്ഞകാലത്തിതൊന്നും
പറഞ്ഞാൽ വിശ്വസിക്കില്ല
മാടനും പേയും മറുതാമലകളും
ഈടുറ്റമുന്നോടി വേടൻ അറുകുല
നാടൻ കുടിച്ചുനിന്നാടുന്നു ചാടുന്നു
കൂടോത്രംമേകൻ കുഴിച്ചെടുത്തീടുന്നു
യക്ഷിയിരുപതുകാരി മീനാക്ഷി
തൽക്ഷണം കേറി തലയിട്ടടിക്കുന്നു
രക്ഷസ് കേറിയൊരുത്തന്റെടുത്ത മു-
ണ്ടക്ഷണം തന്നെയഴിഞ്ഞു ദൂരത്തുപോയ്
ഉണ്ണികളെ നിങ്ങൾ ക്കച്ചെട്ടു കാണണോ
കണ്ണ് മിഴിച്ചങ്ങിരുന്നുപോയെവരും
ശുണ്ഠി പിടിച്ചകുറച്ചുപിള്ളേരത്
കണ്ട് കൂക്കിവിളി മെല്ലെ ത്തുടങ്ങിനാൽ
നൂറുവർഷം മുമ്പ് ചത്ത ചാവൊന്നുടൽ
കേറിയൊരുത്തന്റെ ദേഹത്ത് കാര്യമായ്

എന്നെയിരുത്തണമെന്നുറഞ്ഞോതവേ
നിന്നൊരാൾ പോരാ കിടത്തേണ്ട കാലമായ്
കാണണോ ഇപ്പോൾ പരീക്ഷണം വല്ലതും
വേണമെന്നില്ലൊട്ടു മുമ്പുകണ്ടെന്നൊരാൾ
തുള്ളുന്നു ചാടുന്നു അലറുന്നു കോഴിയെ-
കൊല്ലുന്നു ചോര കുടിച്ചു കൂത്താടുന്നു
ചാരായക്കുപ്പി പലതൊഴിഞ്ഞെങ്കിലും
നേരെയാവുന്നില്ല കാര്യങ്ങളോന്നുമേ
ചീളെന്നു വാളുമായ് തെക്കേതിലെ കൊച്ചു-
നാണു വരുന്നൂളനമ്മാവനാണത്
കൂമ്പും കുലയുമായ് നിന്ന വൻ വാഴകൾ
ആറേഴ് അരിഞ്ഞരിഞ്ഞിട്ടുസംതൃപ്തനായ്
പിള്ളവാതം വന്ന് വീണൊരു കൊച്ചിനെ
തള്ളയെടുത്തുകൊണ്ടെത്തിയ പന്തലിൽ
പിള്ളക്ക് രോഗവും തള്ളക്ക് ടി.ബിയും
തുള്ളിയൊളിക്കണമീ രണ്ടു രോഗവും
അന്ധവിശ്വാസമേ ഭാരതമക്കളെ
പന്താടിക്കുന്നു കുരിതിയൊരുക്കുന്നു
കണ്ടീലയോ നെടുങ്കണ്ടത്തു ഭദ്ര-
യ്ക്കൊരു കുരുതി സുതനെ-
യൊരുവിരുതിയത ചെയ്തു
കുട്ടാനാട്ടല്ലോയൊരുത്തി തുനിഞ്ഞു
അറുമുഖനു സഹജനുടെ ശിശുവിനെ ബലിക്കായി
അയ്യോ നിധിക്കായി കുരുതികൊടുത്തു
വിവിരഹര ജനതകളീയഗതികളെ നാട്ടിൽ
ലോകസമാധാനത്തിനു ഗുരുജി
സാമഗുണൻ ബ്രഹ്മത്തെ ചാരി കാര്യമതായ്
തോക്കുണ്ടാക്കിച്ചത് ഭാരതമക്കുടെയർച്ചക്കല്ലെ
മറ്റൊരു വിദ്വാനാകാശത്തു-
ടുത്തമമായ വിമാനത്തേപ്പോയ്
പുഷ്പംവാരിയെറിഞ്ഞീടുന്നു
നിത്യദരിദ്രൻ മാരുടെ വായിൽ
ഉത്തമരാകിയ പണ്ഢിതരും ചില
വിത്തേശന്മാർ, യതിപുംഗവരും
ഉദ്യോഗസ്ഥന്മാരിൽ പലരും
ഒത്തുനടത്തിയ യാഗം കൊണ്ട്
നിത്യദരിദ്രർക്കാശ്വാസം
ഇനി മൊത്തത്തിൽ വൈകുണ്ഠത്തെത്താം
അഗതികളുടെ വൻ നികുതിയെടുത്തതി-
ലൊരുഭാഗം യെരിതീക്കുകൊടുത്താൽ
അഖിലേശ്വരനനുമോദം വരുമോ
അറിവുള്ളവരെ പറയുക നിങ്ങൾ
പട്ടിണികൊണ്ടും രോഗം കൊണ്ടും
പത്തിലൊരാറും ഭാരതമക്കൾ
നട്ടംതിരിയുന്നവരുടെ നേർക്കൊരു
ദൃഷ്ടി തിരിക്കരുതോ പണ്ഢിതരേ
ഈശ്വരസൃഷ്ടിയശേഷമതെന്നാൽ
ഈശ്വരനാരിവിടെന്തുകൊടുക്കാൻ
ഈശാവാസമിതം സർവ്വം പി-
നോശാരം ദൈവത്തിനുവേണോ?

മന്താത്താൽ മഴ പെയ്യിക്കാമോ?
മന്ത്രത്താൽ ചന്ദ്രനിലെത്താമോ?
മന്ത്രം കൊണ്ട് ചലിപ്പിക്കാമോ?
യന്ത്രങ്ങൾ മാന്ത്രികന്മാരെ?
അക്കഥപോട്ടെ കാര്യം തുടരാം
തർക്കിക്കാനിവിടവസരമില്ല
പന്തമെരിച്ചുപിടിച്ചുംകൊണ്ട്
ദന്തമെറുമ്മി കണ്ണുമുരുട്ടി
പന്തലിനേഴുവലത്തുംവച്ച്
സിന്ദൂരക്കുറി പൂശി, യൊരുത്തൻ
മന്ത്രം ചൊല്ലിയെടുത്തൊരു വടിയോട്
പന്തലിനുള്ളിൽ ചെന്നു വസിച്ചു
വാടിയി താമരവള്ളി കണക്കേ
മാതാവിന്റെ മടിത്തട്ടിൽ ഗതി-
കേടായ് നാഡി തളർന്നുകിടക്കും
ക്ഷീണിച്ചാ ചെറുപൈതലിനോടായ്
ഒഴിയാമോ പറ ബന്ധിക്കണമോ?
കയറും പലകയുമാണിയുമെവിടെ?
പറയുന്നതിനിടെ നാലഞ്ചടിയാ-
ചെറുപൈതലിനേയവനേൽപിച്ചു
ആണിതലക്കുതറക്കും എന്നൊരു
ഭാവം കണ്ടു ചെറുപ്പക്കാരിൽ
ആറേഴെണ്ണം എടുത്തു തടുത്തു
വീറൊടു നാല് കൊടുത്തതിലേകൻ
മന്ത്രം കോലും പന്തവുമാക്കര-
ബന്ധം വിട്ടുതെറിച്ചെങ്ങോപോയ്
മാന്ത്രികനവിടന്നു കടന്നു
പന്തിലിനുള്ളൊരു കാലു തകർന്നു
ചടപടയടിയുടെ ശബ്ദം കേട്ടു
ഝടിതിവിളക്കുകളൊക്കെയണഞ്ഞു
അറുകൊല കൂകി തറയിൽ വീണു
തുറകണ്ണിൽ വറപൊടിയും വീണു
അച്ചെട്ടുണ്ണികളെ കാണിച്ചു
കച്ചത്തോർത്ത് കളഞ്ഞോടുന്നു
മെച്ചെമെഴുന്നൊരു കുഴിയിൽ വിദ്വാൻ
ഉച്ചിയും കുത്തി മറിഞ്ഞുകിടന്നു
വെട്ടം കത്തിച്ചുടനെ മുറ്റ-
ത്തൊട്ടെണ്ണത്തിന്റുടുമുണ്ടുകളും
പട്ടും പല്ലും മന്ത്രക്കോലും
മുറ്റത്തിങ്ങനെ പലതും കണ്ടു
കപ്പനടുന്നൊരു മുപ്പതുസെന്റേൽ
ഇപ്പാവങ്ങൾ പകുതി കൊടുത്തു
അപ്പണമാണുമുടിച്ചതിവന്മാർ
ദുഷ്പ്രേരണനൽകിയതിവന്മാർ
നല്ലവരായ കുറച്ചാളുകളാ-
തള്ളേം പിള്ളേം ഉടനെത്തന്നെ
നല്ലൊരു ഹോസ്പിറ്റലിലെത്തിച്ചു
എല്ലാ ശുശ്രൂഷകളും ചെയ്തു
അന്ധവിശ്വാസമതിലമരുന്നൊരു
ഇന്ത്യപുരോഗതിയെങ്ങനെ നേടും

മാന്ത്രികർക്കഥ പരികർമ്മത്തിന്
മന്ത്രികളും ഇവിടില്ലാതില്ല
ജയജയ ദുരിതനിവാരണയോഗം
ജയജയശാസ്ത്രപുരോഗതി ഹനനം
ജയജയ മാന്ത്രികം ബഹുകേമം
ജയജയ ഭാരതമക്കടെ ഹോമം

**വിശ്വമാനവൻ**

മാനവൻ വിശ്വമാനവൻ
വാനോളം വളർന്ന മാനവൻ
വിശ്വമാനവൻ, മാനവൻ
മാനവൻ
മാതാവായ അന്നദാതാവായ
ഭൂമിയിൽ കാലൂന്നി
അണുവിന്നുള്ളിന്നുള്ളിൽ
ആകാശത്തിൻ അപാരതയിൽ
അറിവുതേടിപ്പോകും
മാനവൻ, വിശ്വമാനവൻ
കൂടമേന്തിയ കൈകളാൽ
കൂട്ടായ അധ്വാനത്താൽ
നാദബ്രഹ്മത്താൽ
നരനായിത്തീർന്ന മാനവൻ
നാനാജാതികളായ്
നാനാവർഗ്ഗങ്ങളായ് പിരിഞ്ഞു
പോരടിച്ചു.....
എന്നിട്ടും നശിക്കാതെ
അധ്വാനത്തിൻ മഹത്വത്താൽ
ഐക്യമാർജ്ജിച്ച മാനവൻ
വിശ്വമാനവൻ
മണ്ണിലുറച്ചുനിന്ന്
വിണ്ണിനെപുൽകിക്കൊണ്ട്
അനന്തതകൾ തൻ നാൽക്കവലയിൽ
ഭൂതത്തെ ഭാവിയുമായ്
പ്രയോഗത്തെ സിദ്ധാന്തവുമായ്
ബന്ധിപ്പിച്ചടിപതറാതെനിൽക്കുന്ന
മാനവൻ, വിശ്വമാനവൻ
മാനവൻ
നമ്മിലൊളിഞ്ഞിരിക്കുമീ
വിശ്വമാനവനെ
വെളിവാക്കാൻ, വളർത്തീടാൻ
അവനെപൊതിഞ്ഞിരിക്കും
അജ്ഞാനത്തിൻ ഇരുൾനീക്കാൻ
അതിനായ് അണിനിരക്കു
ശാസ്ത്രത്തിന്റെ കൊടിക്കീഴിൽ.